# മാന്ത്രികലോകത്തെ കാണാപ്പുറങ്ങൾക്കപ്പുറം

ഡോ. കളരിത്തൊടി ഉസ്മാൻ മുസ്ല്യാർ

# മാന്ത്രിക ലോകത്തെ
# കാണാപ്പുറങ്ങൾക്കപ്പുറം

# മാന്ത്രിക ലോകത്തെ കാണാപ്പുറങ്ങൾക്കപ്പുറം

ഡോ. കളരിത്തൊടി ഉസ്മാൻ മുസ്‌ല്യാർ

സംസം പബ്ലിക്കേഷൻസ്

MAANTHRIKA LOKATHE
KANAPPURANGALKKAPPURAM
Author: Dr. Kalarithodi
Usman Musliyar
First Edition:January 2014
Copies:1,000
Publisher:
zam zam
Publications
Melmuri
Malappuram

## ഡോ. കളരിത്തൊടി ഉസ്മാൻ മുസ്ല്യാർ

*വയനാട് ജില്ലയിൽ മാനന്തവാടി പേര്യ മുള്ളലിൽ 1972 മെയ് 28 ന് ജനനം. പിതാവ് കളരിത്തൊടി മുഹമ്മദ് മുസ്ല്യാർ, മാതാവ്:ആമിന. വാളാട് ഗവ. ഹയർസെക്കണ്ടറി സ്കൂളിൽ നിന്ന് എസ്.എസ്.എൽ.സി. പാസ്സായി. കാലിക്കറ്റ് യൂണിവേഴ്സിറ്റി കാംപസിൽ ബി.എസ്.സി. സുവോളജിയിൽ ഉപരിപഠനം. കൊളംബോ സർവ്വകലാശാലയിൽ നിന്ന് കൗൺസിലിംഗ് ആന്റ് സ്പിരിച്വൽ ഹീലിംങിൽ ഡോക്ടറേറ്റ് നേടി.*

*കൊടുവള്ളി, പിലാശ്ശേരി ദർസുകളിലും വടകര ഏറാമല, തൃക്കരിപ്പൂർ, ബീരിച്ചേരി എന്നിവിടങ്ങളിലും മതപഠനം. എടവണ്ണ ജാമിഅ: നദ്‌വിയ്യയിൽ ഉപരിപഠനം. ദുയൂബന്ദ് ദാറുൽ ഉലൂമിൽ നിന്നു മതപഠനത്തിൽ ബിരുദാനന്തരബിരുദം. തോൽപ്പെട്ടി, അരീക്കാട്, പയ്യന്നൂർ, ഉളിയിൽ എന്നിവിടങ്ങളിൽ ഖാസിയായും ഖത്തീബായും സേവനമനുഷ്ഠിച്ചു.*

*1997 ൽ യു.പി. റായ്പൂരിലെ മൗലാനാ ഫസലുൽ ഹഖ് ഖൈറാബാദി എന്ന അറബിമാന്ത്രിക ചികിത്സാവിദഗ്ദന്റെ ശിഷ്യത്വം സ്വീകരിച്ചു. അറബി മാന്ത്രിക ചികിത്സയിൽ അവഗാഹം നേടാനായി മൂന്നു വർഷത്തോളം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പഠനഗവേഷ*

*ണങ്ങളിൽ മുഴുകി. ഹിന്ദി, ഉറുദു, പഞ്ചാബി, ബംഗാളി, കാശ്മീരി, സംസ്കൃതം ഭാഷകളിൽ പ്രാവീണ്യം നേടി. അറബിയിലും ഇംഗ്ലീഷിലും വിവിധ ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടു.*

*2002ൽ മലപ്പുറം വണ്ടൂരിൽ സാന്ത്വനം കൗൺസിലിംഗ് സെന്റർ ആരംഭിച്ചു. ഇപ്പോൾ അറബി മാന്ത്രിക ചികിത്സാ രംഗത്ത് സജീവം. പ്രമുഖ ഉറുദു പത്രങ്ങളായ 'നയീദുനിയ' യിലും ഇന്ത്യൻ ആവാസിലും ഗസ്റ്റ്കോളമിസ്റ്റാണ്. മാന്ത്രിക ചികിത്സയുമായി ബന്ധപ്പെട്ട് പ്രമുഖരെ അണിനിരത്തി ഏഷ്യാനെറ്റ്, മനോരമ, സൂര്യചാനലുകൾ സംപ്രേഷണം ചെയ്ത ചർച്ചകളിൽ അറബി മാന്ത്രിക ചികിത്സാരംഗത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തു.*

*വിലാസം:*
*തസ്നീം നിവാസ്,*
*മുള്ളൽ,ആലാറ്റിൽ പി.ഒ,തലപ്പുഴ,*
*വയനാട്, പിൻ: 670644*

## ഇതളുകൾ മറിക്കുമ്പോൾ

- തുറന്നെഴുതുവാൻ എന്നെ പ്രേരിപ്പിച്ചത്
- പ്രശാന്തിയുടെ പൂമുറ്റം പിശാചുബാധയിലേക്ക്
- റൂഹാനിയും ഖബർജിന്നും
- വിശ്വാസത്തിനും അന്ധവിശ്വാസത്തിനുമിടയിൽ
- പിതാമഹന്റെ കാൽപാടുകളിലൂടെ
- റായ്പൂരിൽ നിന്നൊരു മഹാഗുരു
- പിശാചിന്റെ പരകായ പ്രവേശം
- ഖത്തീബിന്റെ ഭാര്യ
- മറനീങ്ങിയ മാന്ത്രിക ചികിത്സ
- വണ്ടൂരിൽ വിറളി പൂണ്ടവർ
- ഹജ്ജ് യാത്ര മുടക്കാൻ ശ്രമിച്ച
  മുജാഹിദും ജമാഅത്തും
- രക്ഷകരായി ശിവസേനയും ആർ.എസ്.എസും
- പള്ളിയിലെ വ്യഭിചാരം ഹലാലാക്കിയ
  മുജാഹിദ് നേതാവ്
- 'മാധ്യമ' ഭീകരതയുടെ കാണാപ്പുറങ്ങൾ
- 'മാധ്യമം' എന്ന പൊതുശത്രു
- 'മാധ്യമത്തിന്' ഹറാം;
  'ഗൾഫ് മാധ്യമ'ത്തിന് ഹലാൽ
- ജമാഅത്തെ ഇസ്‌ലാമി എന്ന
  വിധ്വംസക പ്രസ്ഥാനം
- സ്വയം പ്രതിരോധത്തിലേക്ക്
- പ്രഭാകരൻ എന്ന പോലീസിലെ ഒറ്റുകാരൻ
- ഡോ. സഫറുല്ലയും യുക്തിവാദിയും
  പിന്നെ ഞാനും
- കർമ്മകാണ്ഡങ്ങളിൽ കൃതാർത്ഥതയോടെ

*സമർപ്പണം:*
*മാതാപിതാഗുരുഭൂതരുടെ*
*പൊരുത്തങ്ങളിലേക്ക്.*
*പിന്നെ,*
*വിദ്വേഷ മാരണങ്ങളുടെ*
*ബന്ധനങ്ങൾ ഭേദിച്ച്*
*നന്മയിലേക്കു*
*മാനസാന്തരപ്പെട്ടവർക്കും.*

“പറയുക: പ്രഭാതത്തിന്റെ നാഥനിൽ

ഞാൻ ശരണം തേടുന്നു;

അവൻ സൃഷ്ടിച്ച സകല വസ്തുക്കളുടേയും

ദ്രോഹത്തിൽ നിന്നും രാവ്

ഇരുൾ മുറ്റുമ്പോഴുണ്ടാകുന്ന

ദ്രോഹത്തിൽ നിന്നും ബന്ധനങ്ങളിൽ

ഊതുന്നവരുടെ ദ്രോഹത്തിൽ നിന്നും അസൂയാലു

അസൂയ കാട്ടുമ്പോഴുണ്ടാകുന്ന

ദ്രോഹത്തിൽ നിന്നും

(പ്രഭാതത്തിന്റെ നാഥനോട്)

ശരണം തേടുന്നു”.

– വിശുദ്ധ ഖുർ ആൻ

(ആശയം: അധ്യായം – അൽഫലഖ്)

# തുറന്നെഴുതുവാൻ എന്നെ പ്രേരിപ്പിച്ചത്....

*പൈതൃകവും പാരമ്പര്യമായ അറിവുകളും പഠനഗവേഷണങ്ങളിലൂടെ സ്വാംശീകരിച്ച സിദ്ധിയുമുപയോഗിച്ച് അറബി മാന്ത്രിക ചികിത്സയിൽ ഞാൻ പുതിയ വഴിത്താര വെട്ടിത്തെളിച്ചതാണ് ജമാഅത്ത്- മുജാഹിദ് പ്രഭൃതികളെ ചൊടിപ്പിച്ചത്. കുഗ്രാമങ്ങളിലും ഇരുൾമുറ്റിയ പരിസരങ്ങളിലും ഒതുങ്ങിയിരുന്ന അറബിമാന്ത്രിക ചികിത്സയെ സുതാര്യവും ശാസ്ത്രീയവുമായ സമീപനത്തോടെ ഞാൻ നഗരങ്ങളിലേക്കും പൊതുഇടങ്ങളിലേക്കും വ്യാപിപ്പിച്ചത് ജമാഅത്ത്- മുജാഹിദ് പുത്തൻ വാദികൾക്ക് സഹിക്കാവുന്നതിലുമപ്പുറമായി,*

പരമ ദയാപരന്റെതിരുനാമധേയത്തിൽ. സ്തോത്ര ങ്ങളെല്ലാം അവനിലേക്കു മാത്രം. സർവ്വ ലോകങ്ങൾക്കും കാരണവും കാരുണ്യവുമായ തിരുദൂതരിൽ ലോകൈകനാഥന്റെ നന്മയും രക്ഷയും സദാ വർഷിക്കു മാറാകട്ടെ.

മനുഷ്യൻ, അവനറിയാത്തതിന്റെ ശത്രുവാണെ ന്നാണ് ആപ്തവാക്യം. അറിവില്ലായ്മ കുറ്റമല്ല. പക്ഷെ, അത് പലപ്പോഴും പാപമായും കുറ്റമായും രൂപാന്തരപ്പെ ടുന്നുവെന്നതാണ് വാസ്തവം. ചിന്താശേഷി യുള്ളവരെന്നു സ്വയം മേനി നടിക്കുന്നവരുടെ ചിന്താശൂ ന്യത കൂടുതൽ അപകടകരമാണ്. അത് പലപ്പോഴും അസ ഹിഷ്ണുതാപരവും അക്രമാസക്തവുമാകുന്നു. പരിഷ്ക്ക

രണ പ്രസ്ഥാനങ്ങളെന്ന അവകാശവാദത്തോടെ വേഷം മാറിവന്ന മുജാഹിദും ജമാഅത്തെ ഇസ്‌ലാമിയും സമൂഹത്തിൽ അപകടകരമായി മാറിയത് അങ്ങനെയാണ്.

ചിന്താശൂന്യതയുടെ അഹന്തയും ധാർഷ്ട്യവുമാണ് അത്തരം പ്രതിലോമ പ്രസ്ഥാനങ്ങളെ നയിക്കുന്നത്. ആശയപരമായി നേരിടാൻ കഴിയാത്ത പ്രസ്ഥാനങ്ങളേയും വ്യക്തികളേയും സംരംഭങ്ങളേയും സ്ഥാപനങ്ങളേയും ശത്രുപക്ഷത്ത് പ്രതിഷ്ഠിച്ച് നിരന്തരം വേട്ടയാടുകയാണ് ജമാഅത്തിന്റേയും മുജാഹിദുകളുടേയും ശൈലി. അത്തരക്കാരാൽ ഈ വിനീതനും കാലങ്ങളോളം ക്രൂരമായി വേട്ടയാടപ്പെട്ടു.

പൈതൃകവും പാരമ്പര്യമായ അറിവുകളും പഠനഗവേഷണങ്ങളിലൂടെ സ്വാംശീകരിച്ച സിദ്ധിയുമുപയോഗിച്ച് അറബി മാന്ത്രിക ചികിത്സയിൽ ഞാൻ പുതിയ വഴിത്താര വെട്ടിത്തെളിച്ചതാണ് ജമാഅത്ത്-മുജാഹിദ് പ്രഭൃതികളെ ചൊടിപ്പിച്ചത്. കുഗ്രാമങ്ങളിലും ഇരുൾമുറ്റിയ പരിസരങ്ങളിലും ഒതുങ്ങിയിരുന്ന അറബിമാന്ത്രിക ചികിത്സയെ സുതാര്യവും ശാസ്ത്രീയവുമായ സമീപനത്തോടെ ഞാൻ നഗരങ്ങളിലേക്കും പൊതുഇടങ്ങളിലേക്കും വ്യാപിപ്പിച്ചത് ജമാഅത്ത്-മുജാഹിദ് പുത്തൻ വാദികൾക്ക് സഹിക്കാവുന്നതിലുമപ്പുറമായി. പ്രാകൃതവും നിഗൂഢവും ആഭിചാരപരവുമെന്ന് ആക്ഷേപിക്കപ്പെട്ട അറബി മാന്ത്രിക ചികിത്സ പ്രാമാണികാടിത്തറയും ആധുനിക മനശാസ്ത്ര പിൻബലവുമുള്ള സാന്ത്വന പരിചരണമാണെന്നു ഞാൻ തെളിയിച്ചത് വിമർശകരുടെ വായടപ്പിച്ചു. തെറ്റിദ്ധാരണകളാൽ ഈ ചികിത്സാ മേഖലയോട് മുഖം തിരിച്ചവർ സാന്ത്വനവും പരിചരണവും തേടി എന്നെ സമീപിച്ചു തുടങ്ങി. അക്കൂട്ടത്തിൽ മുജാഹിദ്- ജമാഅത്ത് അനുഭാവികളും ഇടം

നേടിയതോടെ ആ സംഘടനകൾ എനിക്കെതിരെ രംഗത്തുവന്നു. മാധ്യമങ്ങളെ ദുരുപയോഗിച്ച് കല്ലുവച്ച നുണകൾ പ്രചരിപ്പിച്ചു. പോലീസിനെ സ്വാധീനിച്ച് കള്ള ക്കേസുകൾ രജിസ്റ്റർ ചെയ്യിച്ചു. എന്നിട്ടും അരിശം തീരാഞ്ഞ് അവരുടെ സംഘടനകളെ രംഗത്തിറക്കി കായി കമായും എന്നെ നേരിട്ടു.

ഒരു വ്യക്തിയെന്ന നിലയിൽ ഞാനാദ്യം തളർന്നുപോയി. എന്റെ നിരപരാധിത്വത്തിൽ നിന്ന് ഞാൻ ക്രമേണ സ്വയം പ്രതിരോധം ആർജിച്ചു. വെല്ലുവിളികളെ അതിജീവിച്ചും ഇനിയുമരങ്ങേറാവുന്ന വേട്ടയാടലുകളെ പ്രതീക്ഷിച്ചുമാണ് ഞാനെന്റെ കർമ്മ രംഗത്ത് ഉറച്ചു നിൽക്കുന്നത്.

ഞാൻ നേരിട്ട ദുരനുഭവങ്ങൾ വിവരിച്ച് വായനക്കാ രുടെ അനുകമ്പ കൈപ്പറ്റുകയല്ല ഈ പുസ്തകത്തിന്റെ ലക്ഷ്യം. ആടിനെ പേപ്പട്ടിയായി ചിത്രീകരിച്ച് കടിച്ചു കീറുന്ന ചെന്നായ്ക്കളുടെ ഭീകരമുഖം കാലത്തിലേക്കു കോറിയിടാനുള്ള വിനീതമായ ശ്രമമാണീ രചന. അതോ ടൊപ്പം, എന്റെ അന്വേഷണങ്ങളിലൂടെയും അനുഭവങ്ങളി ലൂടെയും കണ്ടെത്തിയ ജമാഅത്ത്, മുജാഹിദ് പ്രസ്ഥാന ങ്ങളുടെ കാപട്യവും വിധ്വംസക യാഥാർത്ഥ്യങ്ങളും പൊതു സമൂഹത്തെ അറിയിക്കുക പൗരധർമ്മമായി ഞാൻ കരുതുന്നു. എന്റെ വെളിപ്പെടുത്തലുകൾ തീർത്തും ഉത്ത രവാദിത്വ ബോധത്തോടെയാണെന്നു സാക്ഷ്യപ്പെടുത്തുന്ന തോടൊപ്പം മുൻവിധിയില്ലാത്ത വായനയിലേക്കായി ഇതു സമർപ്പിക്കട്ടെ.

വിനീതൻ,

ആലാറ്റിൽ<br>31/12/2013

ഡോ. കളരിത്തൊടി<br>ഉസ്മാൻ മുസ്ല്യാർ

# പ്രശാന്തിയുടെ പൂമുറ്റം പിശാചുബാധയിലേക്ക്

പുല്ലിലും പൂക്കളിലും ചുരത്തുന്ന
അമേയമായ മഞ്ഞുതുള്ളികൾ. മകര
ക്കുളിര്. മാമ്പൂമണക്കുന്ന വൃശ്ചികം
വസന്തത്തിന്റെ വർണ്ണരാജി വിരിയി
ക്കുന്ന മാരിവില്ല്. നിറഭേദങ്ങളൊ
രുക്കി ചിത്രശലഭങ്ങൾ, പ്രപഞ്ചനാദം
പോലെ ചീവിടുകളുടെ മർമ്മരം,
വസന്തത്തിന്റെ വരവറിയിക്കുന്ന
ദേശാടനക്കിളികൾ, വിഷുപ്പക്ഷികൾ
പറന്നകന്ന വഴിയെ കനക്കുന്ന
കാർമേഘം, കലിതുള്ളുന്ന കർക്കിടം,
തിരിമുറിയാത്ത തിരുവാതിര.

പ്രശാന്തിയുടെ പൂമുറ്റമെന്നാണ് കവികളും കലാകാരൻമാരും വയനാടിനെ വാഴ്ത്തുന്നത്. സമുദ്ര നിരപ്പിൽ നിന്ന് രണ്ടായിരത്തോളം അടി ഉയരത്തിൽ, സഹ്യന്റെ മടിത്തട്ടിൽ മയങ്ങുന്ന ശാന്തസുന്ദര ഭൂമി. ചുറ്റരഞ്ഞാണം പോലെ ചുരങ്ങൾ. ദൈവത്തിന്റെ സ്വന്തം താഴ്വാരമെന്ന് 'മലബാർ മാന്വലി'ൽ ലോഗൻ വയനാടിനെ വിശേഷിപ്പിച്ചതാണ് കേരളത്തിന്റെ അടിക്കുറിപ്പായി പിന്നീട് വിനോദസഞ്ചാര വകുപ്പ് കടം കൊണ്ടത്.

നവീനശിലായുഗം മുതലുള്ള വയനാട്ടിലെ ആദിവാസി സാന്നിധ്യത്തേയും സംസ്കാരത്തെയും കുറിച്ച് ഗവേഷണ പ്രബന്ധങ്ങൾ ഏറെയുണ്ട്. എന്നാൽ, ബ്രിട്ടീഷ് അധിനിവേശത്തിനുമുമ്പുള്ള ക്രോഡീകരിക്കപ്പെട്ട വയനാടൻ

ചരിത്രം ഇനിയും ലഭ്യമല്ല. 1805-ൽ പഴശ്ശിയുടെ വീരാഹുതിയോടെ നാമാവശേഷമായ കോട്ടയം രാജവംശത്തിനു മുമ്പ് വയനാട് വാണിരുന്ന വേടരാജാക്കന്മാരെക്കുറിച്ച് ചരിത്രവും കഥകളും ഇഴചേർന്ന ഐതിഹ്യങ്ങളാണ് നിലവിലുള്ളത്.

കുടിയേറ്റവും കയ്യേറ്റങ്ങളും വ്യാപകമാവുന്നതിനു മുമ്പത്തെ വയനാട് ഇരുട്ടിന്റെ താഴ്‌വരപോലെ വിജനവും വന്യവുമായിരുന്നു. കാടുമൂടിയ കുന്നുകൾ, നിബിഡവനങ്ങൾ, നട്ടുച്ചക്കുപോലും സൂര്യപ്രകാശമെത്താത്ത മലഞ്ചെരിവുകൾ. ഇരു തീരങ്ങളിൽ നിന്നും പടർന്നു പന്തലിച്ച കണ്ടൽക്കാടുകളും ഔഷധ ചെടികളും മേലാപ്പു തീർത്ത കാട്ടരുവികൾ, പുഴകൾ, തോടുകൾ കാലത്തോട് കളകളാരവം പൊഴിച്ച് കുത്തിയൊലിച്ച നിലയ്ക്കാത്ത നീരുറവകൾ. പുല്ലിലും പൂക്കളിലും ചുരത്തുന്ന അമേയമായ മഞ്ഞുതുള്ളികൾ. മകരക്കുളിര്. മാമ്പൂമണക്കുന്ന വൃശ്ചികം വസന്തത്തിന്റെ വർണ്ണരാചി വിരിയിക്കുന്ന മാരിവില്ല്. നിറഭേദങ്ങളൊരുക്കി ചിത്രശലഭങ്ങൾ, പ്രപഞ്ചനാദം പോലെ ചീവിടുകളുടെ മർമ്മരം, വസന്തത്തിന്റെ വരവറിയിക്കുന്ന ദേശാടനക്കിളികൾ, വിഷുപക്ഷികൾ പറന്നകന്ന വഴിയെ കനക്കുന്ന കാർമേഘം, കലിതുള്ളുന്ന കർക്കിടം, തിരിമുറിയാത്ത തിരുവാതിര.

കണ്ണെത്താ ദൂരത്തെ പാടങ്ങളും പറമ്പുമെല്ലാംസവർണ്ണ ജന്മിമാരുടേത്. കന്നുകാലികൾക്കൊപ്പം അടിമകളെപ്പോലെ പാടങ്ങൾ ഉഴുതു മറിക്കാൻ ആദിവാസികൾ. എല്ലുമുറിയെ പണിയെടുക്കുന്ന അടിയോർക്ക് കൂലി ആട്ടും തൂപ്പും അരനാഴി നെല്ലും.

പതിനെട്ടാം നൂറ്റാണ്ടിന്റെ ആദ്യം വയനാട്ടിൽ മുസ്‌ലിം കുടിയേറ്റം ആരംഭിച്ചതോടെ സാമൂഹികാവസ്ഥ

കൾ മാറിത്തുടങ്ങി. കോഴിക്കോട് ജില്ലയുടെ വടക്കൻ ഭാഗങ്ങളിൽ നിന്നുള്ള മുസ്ലിം കച്ചവടക്കാരാണ് ആദ്യം വടക്കേ വയനാട്ടിലെത്തിയത്. വ്യാപാരത്തിനെത്തി മുസ്ലീംകളെ നാടുവാഴികൾക്കും സവർണ്ണ ജന്മിമാർക്കും ബോധിച്ചു. വാണിജ്യബന്ധം ഇരുകൂട്ടർക്കുമിടയിലെ പാരസ്പര്യമായി വളർന്നു. കച്ചവടക്കാർ കുടിയേറ്റക്കാരായി. കുടുംബങ്ങൾ കൂടി. കുടിയേറ്റ മുസ്ലിംകളുടെ ധീരതയും സത്യസന്ധതയും വീരപഴശ്ശിയുടെ പ്രീതി പിടിച്ചുപറ്റിയതോടെ സാമൂഹിക പൊതുധാരയിൽ മുസ്ലിം കുടിയേറ്റ കുടുംബങ്ങൾക്കും ഇടം ലഭിച്ചു.

കാലചക്രം കറങ്ങി. കുടുംബങ്ങൾ പെരുകി. പക്ഷെ വയനാടിന്റെ ഇരുണ്ട ആകാശത്തും ആദിവാസികളും കുടിയേറ്റക്കാരുമടക്കമുള്ള പച്ച മനുഷ്യരുടേയും ജീവിത ദുരിതങ്ങൾക്കു മേൽ പ്രത്യാശയുടെ സൂര്യകിരണങ്ങൾ തെളിഞ്ഞില്ല. ഭയവും ദാരിദ്ര്യവുമെന്ന അടിസ്ഥാന ശാപം പട്ടിണിപ്പാവങ്ങളെ വേട്ടയാടി.

വിശപ്പിനാലും ഭീതിയാലും ദീനങ്ങളാലും പരീക്ഷിക്കപ്പെടുന്ന ഏതു അധ:സ്ഥിത സമൂഹത്തിലുമെന്നപോലെ വയനാട്ടിലും അന്ധവിശ്വാസങ്ങളും ചൂഷണവും പെരുകി. വികസനവും വിദ്യാഭ്യാസവും വിദൂരസ്വപ്നം പോലുമല്ലാതിരുന്ന പ്രശാന്തിയുടെ പൂമുറ്റം ക്രമേണ പിശാചിന്റെ ആലയമായി മാറി.

# റൂഹാനിയും ഖബർജിന്നും

ഖബർസ്ഥാനുകളിൽ അടക്കം ചെയ്യുന്ന മയ്യി ത്തുകളിൽ നിന്നും കഫൻ തുണികൾ പോലും മോഷ്ടിക്കപ്പെടുന്ന കാലം. മോഷ്ടാ ക്കൾ ഖബറുകൾ മാന്തുന്നത് തുടർ സംഭവങ്ങ ളായപ്പോൾ ശ്മശാനങ്ങളുടെ കാവൽക്കാരായി ആരുടേയോ ബുദ്ധിയിൽ ഖബർജിന്നുകൾ രംഗപ്രവേശം ചെയ്തു. ഖബർജിന്ന് എന്ന മിഥ്യയെ കാണാതെ കണ്ടതിന്റെ കഥകൾ പ്രച രിച്ചപ്പോൾ ഖബറുകൾ മാന്തി കഫൻ തുണി മോഷ്ടിക്കാൻ ആരും മിനക്കെടാതായി.

മിത്തുകളാൽ സമ്പന്നമായ ഖിസ്സകളും കെസ്സും ജിവരക്തത്തിൽ ആവാഹിക്കപ്പെട്ട വടക്കേമലബാർ മാപ്പിള സംസ്ക്കാരമാണ് മുസ്ലിം കുടിയേറ്റത്തോടൊപ്പം വയനാടൻ ചുരങ്ങൾ കയറിയെത്തിയത്. നന്മയുടെ താളങ്ങൾക്കും ഈണങ്ങൾക്കുമൊപ്പം ജീവിത യാഥാർത്ഥ്യങ്ങൾ സങ്കൽപ്പങ്ങളുമായി എളുപ്പം സന്നിവേശിക്കപ്പെടുന്ന മലബാർ മാപ്പിള സംസ്ക്കാരത്തിലേക്ക് അന്ധവിശ്വാസങ്ങൾക്ക് എളുപ്പം നുഴഞ്ഞുകയറാനായത് തീർത്തും സ്വാഭാവികം.

350 ഓളം വർഷം മുമ്പ് മലബാറിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഘട്ടംഘട്ടമായാണ് വയനാട്ടിലേക്ക് മുസ്ലിം കുടിയേറ്റം നടന്നത്. കോഴിക്കോട് ജില്ലയുടെ വടക്കൻ അറ്റത്തു നിന്ന് കച്ചവടത്തിനെത്തയ “ചൊവ്വക്കാരൻ”

മൂസ്സയും കുടുംബവുമാണ് ആദ്യ കുടിയേറ്റക്കാർ.

വെള്ളമുണ്ട, കോറോം, കുഞ്ഞോം, തരുവണ, പള്ളിക്കൽ പ്രദേശങ്ങളിലായിരുന്നു ആദ്യം മുസ്‌ലിം കുടിയേറ്റം. കുഞ്ഞോത്തും പഴഞ്ചനയിലും ആദ്യത്തെ മുസ്‌ലിം പള്ളികൾ സ്ഥാപിതമായത് ഏതാണ്ട് ഒരേ കാലയളവിലാണ്. ചില ചരിത്ര രേഖകളിൽ ഈ രണ്ടു പള്ളികൾക്കും 350 ഓളം വർഷത്തെ പഴക്കമാണു രേഖപ്പെടുത്തിയിട്ടുള്ളത്.

വടക്കേ വയനാട്ടിലെ മുസ്‌ലിം കുടിയേറ്റം പേര്യ, വാളാട്, തരുവണ, കെല്ലൂർ, കൈതക്കൽ, പനമരം, വെണ്ണിയോട് പ്രദേശങ്ങളിലേക്കു വ്യാപിച്ചു. സമാന്തരമായി മലപ്പുറം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മുസ്‌ലീം കുടുംബങ്ങൾ വയനാട്ടിലെ തോട്ടം മേഖലകളിലേക്കും കുടിയേറി. തെക്കേവയനാട്ടിലും വടക്കേ വയനാട്ടിലെ തോട്ടം മേഖലകളിലുമാണ് മലപ്പുറം മുസ്‌ലീംകൾ കുടിയേറിയത്. അതേ സമയം, കോഴിക്കോട് ജില്ലയിൽ നിന്നു കുടിയേറിയ കുടുംബങ്ങൾ സ്വന്തമായ കൃഷിയിടങ്ങൾ കണ്ടെത്താനും അതുവഴി ഉപജിവനം കരുപ്പിടിപ്പിക്കാനുമാണ് ശ്രമിച്ചത്. തോട്ടം മേഖലകളിൽ തൊഴിൽ കണ്ടെത്തിയ ശേഷമാണ് തെക്കേമലബാറിൽ നിന്നുള്ള മുസ്‌ലിം കുടുംബങ്ങളധികവും കുടിയേറിയത്. കുടിയേറ്റ സമീപനത്തിലെ ഈ വൈരുധ്യം വിഭിന്നമായ ജീവിത സാഹചര്യവും സംസ്കാരവുമാണ് വയനാട്ടിലെ കുടിയേറ്റ മുസ്‌ലിംകൾക്കിടയിൽ രൂപപ്പെടുത്തിയത്. ഭാഷകളിലും ആചാരങ്ങളിലും തനിമയിലും അതിന്നും വേറിട്ടു നിൽക്കുകയും ചെയ്യുന്നു.

വടക്കേ വയനാട്ടിൽ കുടിയേറ്റത്തിന്റെ ആദ്യ ഘട്ടങ്ങളിൽ തന്നെ മുസ്‌ലിം ജനസംഖ്യ ക്രമാതീതമായി പെരുകി. എന്നാൽ, അതിനാനുപാതികമായി സാമൂഹിക സാഹച

ര്യങ്ങൾ മെച്ചപ്പെട്ടതുമില്ല. ചരിത്രാതീതകാലത്തെ വെല്ലുന്ന ക്ഷാമവും പട്ടിണിയുമാണ് നടമാടിയത്. പട്ടിണിയകറ്റാൻ പനച്ചോറ് പോലും കിട്ടാക്കനിയായി.

സവർണ്ണ ജന്മിമാരുടെ തോട്ടങ്ങളിലെ കാട്ടുകിഴങ്ങു മാന്തിയാൽ പോലും ക്രൂരപീഡനം. എങ്ങും വിശപ്പിന്റെ ദീനരോദനം.

ജന്മിമാരുടെ പറമ്പിൽ നിന്ന് ചക്കയും ചേമ്പും കാച്ചിലും വാഴക്കുലകളുമൊക്കെ മോഷ്ടിച്ച് ചില കുടുംബങ്ങൾ വിശപ്പടക്കി. രാവിന്റെ മറപറ്റി മോഷ്ടാക്കളുടെ സ്വൈര്യവിഹാരം പെരുകിയത് ഭൂപ്രമാണിമാരുടെ ഉറക്കം കെടുത്തി. ചെലവില്ലാതെ മോഷ്ടാക്കളെ തളക്കാനുള്ള എളുപ്പ വഴിയായി ജന്മിമാർ പ്രേതകഥകൾ പ്രചരിപ്പിച്ചു. മുസ്‌ലിംകളായ മോഷ്ടാക്കളെ ഭയപ്പെടുത്താൻ അറബിപ്പേരിലുള്ള പിശാചുക്കൾ, ആദിവാസികൾ രാത്രി പുറത്തിറങ്ങാതിരിക്കാൻ കീഴാള ദുഷ്ടമൂർത്തികൾ, സാധാരണക്കാരായ ഹിന്ദുക്കളെ ഭയപ്പെടുത്താൻ രക്തരക്ഷസ്സും യക്ഷിയും...

വിജനവും വന്യവുമായിരുന്ന വയനാടിന്റെ ഇടനാഴികളിലും കാട്ടുവള്ളി പടർപ്പുകളിലും ശ്മശാന മൂകതകളിലും കാവുകളിലും ചുടലകളിലുമൊക്കെ മാടനും മറുതയും ഒറ്റമുലച്ചിയും കാളിയും നീരാളിയും സാധാരണക്കാരന്റെ ബോധമണ്ഡലങ്ങളെ കണ്ണുരുട്ടി, പല്ലിളിച്ചു. ഖബർസ്ഥാനുകളിൽ അടക്കം ചെയ്യുന്ന മയ്യിത്തുകളിൽ നിന്നും കഫൻ തുണികൾ പോലും മോഷ്ടിക്കപ്പെടുമായിരുന്നു. മോഷ്ടാക്കൾ ഖബറുകൾ മാന്തുന്നത് തുടർ സംഭവങ്ങളായപ്പോൾ ശ്മശാനങ്ങളുടെ കാവൽക്കാരായി ആരുടേയോ ബുദ്ധിയിൽ ഖബർജിന്നുകൾ രംഗപ്രവേശം ചെയ്തു. ഖബർജിന്ന് എന്ന മിഥ്യയെ കാണാതെ കണ്ട

തിന്റെ കഥകൾ പ്രചരിച്ചപ്പോൾ ഖബറുകൾ മാന്തി കഫൻ തുണി മോഷ്ടിക്കാൻ ആരും മിനക്കെടാതായി.

മോഷ്ടാക്കളെ കൂച്ചുവിലങ്ങിടാനുള്ള പിശാചുകഥകൾ നാടാകെ പ്രചരിക്കുന്നതിനിടെ ബുദ്ധിമാൻമാരായ മോഷ്ടാക്കളും അതേ തന്ത്രം പ്രയോഗിച്ചു തുടങ്ങി. രാവ് ഇരുട്ടുന്നതോടെ വീട്ടുകാർ പുറത്തിറങ്ങാതിരിക്കുവാനും പറമ്പുകളിലും പാടങ്ങളിലും സ്വൈര്യവിഹാരത്തിനും അവസരമൊരുക്കാനുമുള്ള റൂഹാനി കഥകളായിരുന്നു അതിലൊന്ന്. കുടുംബങ്ങളിൽ നിന്ന് മരണപ്പെട്ടുപോയവരുടെ ആത്മാക്കൾ രാത്രികളിൽ ജിവിതത്തിൽ അവർ ഇടപഴകിയ സ്ഥലങ്ങളിൽ അലഞ്ഞു നടക്കുമെന്നും ആത്മാക്കളുടെ സഞ്ചാര പഥങ്ങളിൽ അകപ്പെടുന്നവർ പലവിധ ദുർബാധകൾക്കും വിധേയരാകുമെന്നും നാടാകെ പ്രചരിക്കപ്പെട്ടു. പള്ളിക്കാട്ടിലെ ഖബറിടങ്ങളിൽ നിന്നും സന്ധ്യകളിൽ ഒഴുകിയെത്തുന്ന അസർമുല്ലയുടെ മണം റൂഹാനികളുടെ ഗന്ധമായി വ്യാഖ്യാനിക്കപ്പെട്ടു. വിവാഹപ്രായമായ യുവതികളിലും സ്ത്രീകളിലും പ്രകടമായ അസുഖങ്ങളും മാനസികാസ്വാസ്ഥ്യങ്ങളും റൂഹാനി ബാധയായി ചിത്രീകരിക്കപ്പെട്ടതോടെ പ്രാകൃത മന്ത്രവാദ ചികിത്സകൾ വയനാട്ടിൽ വ്യാപകമായി. വ്യാജ സിദ്ധൻമാർ അരങ്ങുവാഴാനാരംഭിച്ചു.

# വിശ്വാസവും അന്ധവിശ്വാസവും

വിശ്വാസത്തിനും അന്ധവിശ്വാസത്തിനുമിട
യിൽ അന്തരമോ അകലമോ ഇല്ല. എളുപ്പം
തകരാവുന്ന ഒരു നൂൽപാലം മാത്രം.ആഭിചാ
രത്തെക്കുറിച്ച് പതിനഞ്ച് ഇടങ്ങളിലും ആഭി
ചാരകരെക്കുറിച്ച് അഞ്ചിടത്തും വിശുദ്ധ ഖുർ
ആൻ സുവ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.
ഹാറൂത്ത്, മാറൂത്ത് എന്നീ രണ്ടു മാലാഖമാ
രിൽ നിന്നാണ് ഭൂമിയിൽ മനുഷ്യർ ആഭിചാരം
പഠിച്ചതെന്ന് 'അധ്യായം അൽബഖറ' യിൽ
ഖുർ ആൻ വ്യക്തമാക്കുന്നു.

വിശ്വാസമെന്ന നെടുമരത്തിലാണ് അന്ധവിശ്വാസത്തിന്റെ വിഷവള്ളികൾ പടർന്നു കയറുക. വിശ്വാസമില്ലാത്തിടത്താണ് അവിശ്വാസമുണ്ടാവുക. എന്നാൽ, വിശ്വാസമുള്ളിടത്തേ അന്ധവിശ്വാസമുണ്ടാവൂ.

വിശ്വാസത്തിനും അവിശ്വാസത്തിനുമിടയിൽ സത്യത്തിനും അസത്യത്തിനുമിടയിലെന്നപോലെ അന്തരമുണ്ടാകും. അതേസമയം, വിശ്വാസത്തിനും അന്ധവിശ്വാസത്തിനുമിടയിൽ അന്തരമോ അകലമോ ഇല്ല. എളുപ്പം തകരാവുന്ന ഒരു നൂൽപാലം മാത്രം. ആ നൂൽപാലം തകരുന്നതോടെ മിത്തും യാഥാർത്ഥ്യവും ഇഴചേരുന്നു. ക്രമേണ, വിശ്വാസം അന്ധവിശ്വാസമായും അന്ധവിശ്വാസം വിശ്വാസമായും സ്ഥാപിക്കപ്പെടുന്നു.

ഇസ്‌ലാമിക ദൃഷ്ട്യാ ജിന്നും പിശാചും മാരണവുമൊക്കെ യാഥാർത്ഥ്യമാണ്. വിശുദ്ധ ഖുർ ആനും പ്രവാചക അധ്യാപനങ്ങളൊക്കെ അത് സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. കെട്ടുകളിൽ ഊതി ആഭിചാരം നടത്തുന്ന സ്ത്രീപുരുഷന്മാരുടെ ദ്രോഹങ്ങളിൽ നിന്ന് അല്ലാഹുവിനോട് അഭയം തേടാൻ വിശുദ്ധ ഖുർ ആൻ (അധ്യായം 113, അൽഫലഖ്) തന്നെയാണാഹ്വാനം ചെയ്തത്. പ്രവാചകനുപോലും സിഹ്റ് (മാരണം) ബാധിച്ചതായി ഇമാം അബഹുറൈയുടെ റിപ്പോർട്ടുകളിൽ വ്യക്തമാണ്.

ഭൂമിയിൽ മനുഷ്യരെ ദ്രോഹിക്കുന്ന പിശാചിന്റെ ക്ഷുദ്രകർമ്മങ്ങളെ പരാമർശിക്കുന്ന പ്രവാചക വചനങ്ങൾ നിരവധിയുണ്ട്. ''അർദ്ധരാത്രിയ്ക്കുശേഷം നടക്കുന്ന കാര്യങ്ങൾ ഞാൻ അറിയുന്നതുപോലെ നിങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ നിങ്ങളിലൊരാളും ഭയം കാരണം വീടിനു പുറത്തിറങ്ങുമായിരുന്നില്ല'' എന്ന പ്രവാചക വചനം ആധികാരികമാണ്. ഇരുട്ടിന്റെ മറപറ്റി മനുഷ്യരെ ദ്രോഹിക്കുന്ന ക്ഷുദ്രകർമ്മങ്ങളെക്കുറിച്ചാണു തിരുനബി (സ:അ) വ്യക്തമാക്കിയത്, ''മനുഷ്യശരീരത്തിൽ രക്തസഞ്ചാരമുള്ളിടത്തെല്ലാം പിശാചിനു സഞ്ചരിക്കാനാവുമെന്ന പ്രവാചക വചനത്തിന്റെ പൊരുളും മറ്റൊന്നല്ല.

ആഭിചാരത്തെക്കുറിച്ച് പതിനഞ്ച് ഇടങ്ങളിലും ആഭിചാരകരെക്കുറിച്ച് അഞ്ചിടത്തും വിശുദ്ധ ഖുർ ആൻ സുവ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ഹാറൂത്ത്, മാറൂത്ത് എന്നീ രണ്ടു മാലാഖമാരിൽ നിന്നാണ് ഭൂമിയിൽ മനുഷ്യർ ആഭിചാരം പഠിച്ചതെന്ന് 'അധ്യായം അൽബഖറ'യിൽ ഖുർ ആൻ വ്യക്തമാക്കുന്നു.

ഹാറൂത്തും മാറൂത്തും മനുഷ്യരെ ആഭിചാരം പഠിപ്പിച്ചുവെന്ന വിശുദ്ധ ഖുർ ആന്റെ വെളിപ്പെടുത്തലിനെ പ്രബലരായ ഖുർ ആൻ പണ്ഡിതർ വ്യാഖ്യാനിക്കുന്നത് ഇപ്രകാരമാണ്. ബാബിലോണിയയിൽ ബന്ദികളാക്കപ്പെട്ട ഇസ്രായേല്യരെ പരീക്ഷിക്കാൻ അല്ലാഹു രണ്ടു മാലാഖമാരെ മനുഷ്യരൂപത്തിൽ നിയോഗിച്ചു. ലൂത്ത് ജനതയിൽ അഴകുള്ള ആൺകുട്ടികളുടെ രൂപത്തിൽ മാലാഖമാരെ നിയോഗിച്ച പോലെ. ബാബിലോണിയിൽ മന്ത്രവാദികളുടെ വേഷത്തിലാണ് മലക്കുകൾ പ്രത്യക്ഷപ്പെട്ടത്. ആഭിചാരം പഠിപ്പിക്കുമ്പോൾ തന്നെ ഹാറൂത്തും മാറൂത്തും ജനങ്ങളോടു പറഞ്ഞു കൊണ്ടിരുന്നു. "നോക്കൂ, ഞങ്ങൾ നിങ്ങൾക്കൊരു പരീക്ഷണമാണ്. നിങ്ങൾ ഇതു പഠിച്ച് നിങ്ങളുടെ ഭാവി നഷ്ടപ്പെടുത്തരുത്." എന്നിട്ടും ദ്രോഹകരമായ ആഭിചാരവിദ്യ ജനങ്ങൾ പഠിച്ചുകൊണ്ടിരുന്നുവെന്നാണ് രണ്ടാമത്തെ അധ്യായത്തിൽ പരിശുദ്ധ ഖുർ ആൻ വ്യക്തമാക്കിയത്.

സത്യവേദവുമായി അല്ലാഹു പ്രബോധനത്തിനു നിയോഗിച്ച പ്രവാചകൻമാരുടെയൊക്കെ കാലഘട്ടങ്ങളിൽ ആഭിചാരം ശക്തമായിരുന്നുവെന്ന് നിരവധി പശ്ചാത്തലങ്ങളിൽ ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. പ്രവാചകൻമാരുടെ ദിവ്യദൃഷ്ടാന്തങ്ങളെ ആഭിചാരമായി പരിഹസിച്ചധിക്കാരികളും അഹങ്കാരികളുമായ അവിശ്വാസികളെ താക്കീത് ചെയ്യതതും ഒട്ടേറെയിടങ്ങളിൽ ഖുർആൻ വിവരിച്ചിട്ടുണ്ട്. മുഹമ്മദ് നബി (സ)യെ നിഷേധിച്ച മശ്രിക്കുകൾക്കിടയിലും ആഭിചാരം വ്യാപകമായിരുന്നുവെന്നാണ് വിശുദ്ധ ഖുർആന്റെ സാക്ഷ്യം.

മാപ്പർഹിക്കാത്ത ഏഴു വൻദോഷങ്ങളിൽ പ്രവാചകൻ സിഹ്റിനെ ഉൾപ്പെടുത്തിയത് അതിന്റെ തിൻമയും കാഠി

ന്യവും വ്യക്തമാക്കുന്നു. ആഭിചാരം നടത്തുന്നവൻ വധ ശിക്ഷക്ക് അർഹനാണെന്നും തിരുനബി പ്രഖ്യാപിക്കുകയു ണ്ടായി.

ഖുർആനിന്റേയും പ്രവാചകരുടേയുമൊക്കെ തെളി വുകളും സാക്ഷ്യങ്ങളുമുണ്ടായിട്ടും ആഭിചാരം അന്ധവി ശ്വാസമാണെന്നാണ് ചിലരുടെ വാദം. പുതിയകാലത്ത് ആഭിചാരമടക്കമുള്ള ക്ഷുദ്ര കർമ്മങ്ങളുടെ വാണിജ്യസാ ധ്യത മുതലെടുത്ത് വ്യാജസിദ്ധൻമാരും കൂടോത്രക്കാരു മൊക്കെ വ്യാപകമായത് വിമർശനങ്ങൾക്ക് ആക്കം കൂട്ടി.

# പിതാമഹന്റെ കാൽപ്പാടുകളിലൂടെ

പിതാമഹന്റെ അമൂല്യഗ്രന്ഥങ്ങൾ എനിക്കു ലഭിച്ചത് ദൈവീകമായൊരു നിയോഗമായി ഞാൻ കരുതുന്നു. അറബി മാന്ത്രിക ചികിത്സയിലേക്കുള്ള ഈ നിയോഗം തന്നെയാണ് വില മതിക്കാനാവാത്ത എന്റെ കൈമുതൽ. ലൈബ്രറികളിലോ റഫറൻസ് ഗ്രന്ഥങ്ങളിലോ ഗവേഷണം നടത്തിയാൽ ലഭിക്കാത്ത അപൂർവ്വങ്ങളിൽ അപൂർവ്വങ്ങളായ അറിവുകളാണ് എന്റെ ഉപ്പാപ്പ എനിക്കായി ബാക്കി വച്ചത്.

അറിവുകളുടെ അക്ഷയഖനിയായിരുന്നു എന്റെ പിതാമഹൻ (മാതാവിന്റെ പിതാവ്) എലഞ്ഞിക്കണ്ടി മൊയ്തീൻ മുസ്ല്യാർ. പരമ സാത്വികൻ. തികഞ്ഞ മനുഷ്യസ്നേഹി. മതപണ്ഡിതൻ എന്നതിലുപരി അറബി മാന്ത്രിക ചികിത്സാ ഗ്രന്ഥങ്ങളിലും പാരമ്പര്യ ചികിത്സാ വിധികളിലും അഗാധമായ പാണ്ഡിത്യമുണ്ടായിരുന്നു, അദ്ദേഹത്തിന്.

കാസർഗോഡായിരുന്നു ഉപ്പാപ്പയുടെ സ്വദേശം. കോട്ടയം രാജകുടുംബമാണ് അദ്ദേഹത്തെ വയനാട്ടിലെത്തിച്ചത്. കോട്ടയം രാജാവിന്റെ പേരമകൾക്ക് വിട്ടുമാറാത്ത ഉദര രോഗം പിടിപെട്ടു. പല ദേശങ്ങളിൽ നിന്നുള്ള വൈദ്യൻമാർ ചികിത്സിച്ചെങ്കിലും ഭേദമായില്ല. കാസർഗോഡ് പാരമ്പര്യ മാന്ത്രിക ചികിത്സ നടത്തുന്ന പിതാമഹനെ കേട്ടറിഞ്ഞ

രാജകുടുംബം ആളയച്ച് അദ്ദേഹത്തെ വരുത്തിച്ചു. കൂത്തുപറമ്പ് കോട്ടയത്തങ്ങാടിയിലെ രാജകൊട്ടാരത്തോടു ചേർന്ന പത്തായപ്പുരയിൽ താമസിപ്പിച്ചു. ഉപ്പാപ്പയുടെ ചികിത്സയിൽ രാജാവിന്റെ കൊച്ചുമകളുടെ ഉദരരോഗം ദിവസങ്ങൾകൊണ്ടു പൂർണ്ണമായി സുഖം പ്രാപിച്ചു. ഈ വിവരം പഴശ്ശി രാജാവിന്റെ വയനാട്ടിലെ കാര്യക്കാർ അറിഞ്ഞു. അവർ ഉപ്പാപ്പയെ വയനാട്ടിൽ കൊണ്ടുവന്നു.പേര്യ മുള്ളൽ കേന്ദ്രീകരിച്ചായിരുന്നു എലത്തിക്കണ്ടി മൊയ്തീൻ മുസ്ല്യാരുടെ പ്രവർത്തനം. അവിടെ അദ്ദേഹം നിസ്ക്കാരപ്പള്ളിയും മദ്റസയും നിർമ്മിച്ചു. ഉപ്പാപ്പയെ തേടി ദിനം പ്രതി ദൂരെ ദേശങ്ങളിൽ നിന്നുപോലും ആളുകൾ എത്തിയിരുന്നു. ലക്ഷദ്വീപിൽ നിന്ന് ചികിത്സ തേടി രോഗികൾ എത്തിയിരുന്നതായാണ് ചരിത്രം.

മനുഷ്യ ശരീരത്തിൽ ആവാഹിക്കപ്പെടുന്ന ദുഷ്ടശക്തികളെ തളയ്ക്കാനുള്ള അതീതമായ അറിവുകളും സവിശേഷസിദ്ധിയും ഉപ്പാപ്പയുടെ പ്രത്യേകതയായിരുന്നു. ഇതു സംബന്ധിച്ച അമൂല്യ വിവരങ്ങളടങ്ങിയ കയ്യെഴുത്തു ഗ്രന്ഥങ്ങൾ ഉപ്പാപ്പ അവസാനകാലത്ത് എന്റെ മാതാവിനെ ഏൽപ്പിച്ചു. ഏഴാമത്തെ മകന് അത് കൈമാറണമെന്ന ഉപ്പാപ്പയുടെ ഒസ്യത്ത് പ്രകാരം ആ അമൂല്യ ഗ്രന്ഥങ്ങൾ ഉമ്മയുടെ ഏഴാമത്തെ മകനായ എനിക്ക് കൈവന്നു.പിതാമഹന്റെ അമൂല്യഗ്രന്ഥങ്ങൾ എനിക്കു ലഭിച്ചത് ദൈവീകമായൊരു നിയോഗമായി ഞാൻ കരുതുന്നു. അറബി മാന്ത്രിക ചികിത്സയിലേക്കുള്ള ഈ നിയോഗം തന്നെയാണ് വില മതിക്കാനാവാത്ത എന്റെ കൈമുതൽ. ലൈബ്രറികളിലോ റഫറൻസ് ഗ്രന്ഥങ്ങളിലോ ഗവേഷണം നടത്തിയാൽ ലഭിക്കാത്ത അപൂർവ്വങ്ങളിൽ അപൂർവ്വങ്ങളായ അറിവുകളാണ് എന്റെ ഉപ്പാപ്പ എനിക്കായി ബാക്കി വച്ചത്. അതിന്റെ എല്ലാ പരിശുദ്ധിയോടേയും പവിത്രതയോടെയും ഞാനവ കാത്തുസൂക്ഷിക്കു

കയും ചെയ്യുന്നു.

# റായ്പൂരിൽ നിന്നൊരു മഹാഗുരു

**മൗലാനാ ഫസലുൽ ഹഖ് ഖൈറാബാദി അറിവു കളുടെ സഞ്ചരിക്കുന്ന ആൾരൂപമായിരുന്നു. മഹാഗുരു. നടക്കുമ്പോൾ ഭൂമിക്ക് നോവുമെന്ന് ഭയപ്പെട്ട അതീത ജ്ഞാനി. സൂഫിവര്യൻ. ഉത്ത രേന്ത്യയിൽ അറിയപ്പെട്ട അറബി മാന്ത്രിക ചികി ത്സകനും ഖാദിരിയ്യ ത്വരീഖത്തിന്റെ ആചാര്യനു മായിരുന്നു അദ്ദേഹം.**

ഗുരുവര്യരായ കെ.കെ. സെയ്ദു മുസ്ല്യാർ, എസ്. കെ. അബൂബക്കർ മുസ്ല്യാർ, ചെർള അബ്ദുർ റഹ്മാൻ മുസ്ല്യാർ തുടങ്ങിയവരുടെ കീഴിൽ 90 കളിൽ മതപഠനം കഴിഞ്ഞ ശേഷമാണ് പിതാമഹനിൽ നിന്നു ലഭിച്ച അമൂല്യ കയ്യെഴുത്ത് ഗ്രന്ഥങ്ങൾ ഞാൻ അടുത്തറിഞ്ഞത്. അതോടെ, ഞാനറിയാതെ അറബി മാന്ത്രിക ചികിത്സാ രംഗത്തേക്ക് പദമൂന്നുകയായിരുന്നു.

അന്തമാൻ ദ്വീപിലെ ഒരു അറബിക് കോളേജിൽ അസി. പ്രൊഫസറായി ജോലി ചെയ്യുന്നതിനിടെ ഉത്തർ പ്രദേശിലെ റായ്പൂരിൽ നിന്നുള്ള ഒരു മഹാപണ്ഡിതനെ

പരിചയപ്പെട്ടത്  എന്റെ ജീവിതത്തിലെ വഴിത്തിരിവായി. 1997-ലായിരുന്നു അത്.  മൗലാനാ ഫസലുൽ ഹഖ് ഖൈറാബാദി അറിവുകളുടെ സഞ്ചരിക്കുന്ന ആൾരൂപമായിരുന്നു, മഹാഗുരു.  നടക്കുമ്പോൾ ഭൂമിക്ക് നോവുമെന്ന് ഭയപ്പെട്ട അതീത ജ്ഞാനി.  സൂഫിവര്യൻ.  ഉത്തരേന്ത്യയിൽ അറിയപ്പെട്ട അറബി മാന്ത്രിക ചികിത്സകനും ഖാദിരിയ്യ ത്വരീഖത്തിന്റെ  ആചാര്യനുമായിരുന്നു അദ്ദേഹം.

അജ്മീർ ദർഗ്ഗാശരീഫ്  കേന്ദ്രീകരിച്ചായിരുന്നു മൗലാനാ ഫസലുൽ ഹഖ് ഖൈറാബാദിയുടെ ചികിത്സയും ജീവകാരുണ്യ പ്രവർത്തനങ്ങളുംഅരങ്ങേറിയിരുന്നത്.  പ്രമുഖ കുടുംബത്തിന്റെ ക്ഷണപ്രകാരം ആന്തമാനിലെത്തിയപ്പോൾ എനിക്കു പരിചയപ്പെടാൻ അവസരം ലഭിക്കുകയായിരുന്നു.

ആ മഹാവ്യക്തിത്വം എന്നെ വല്ലാതെ കീഴ്പ്പെടുത്തി. ഞാൻ അദ്ദേഹത്തിന്റെ ശിഷ്യത്വം  സ്വീകരിച്ചു.  അന്തമാനിൽ നിന്നു മടങ്ങുമ്പോൾ ഞാനും ഗുരുവിനെ അനുഗമിച്ചു.

അജ്മീരിലും ഉത്തരേന്ത്യയുടെ  വിവിധ ഭാഗങ്ങളിലുമായി ഗുരുവിനൊപ്പം അനുഭവ സമ്പന്നമായ രണ്ടു വർഷം.  പകലിന്റെ പ്രകാശപ്പരപ്പിലും രാവിന്റെ ഇരുൾ ഭേദങ്ങളിലുമൊക്കെ ഗുരുവിനൊപ്പം സഞ്ചരിച്ചത് അതുവരെ കേൾക്കാത്ത അറിവുകളുടെ അനുഭൂതികളിലേക്കായിരുന്നു.  മഹാവരദാനമായി അദ്ദേഹം പല ചികിത്സാവിധികളും ഈ വിനീത ശിഷ്യനു പകർന്നേകി.

രാവേറെയും  പ്രാർത്ഥനകളിൽ മുഴുകുന്ന ആ കർമ്മയോഗി അതീതമായ ഉൾക്കാഴ്ചകളിലേക്കായിരുന്നു

മിഴി തുറന്നിരുന്നത്. ഞാൻ ആദരവോടെ നോക്കിനിൽക്കു മായിരുന്നു. ആ കാഴ്ചകളുടെ പൊരുളുകൾ മഹാഗുരു വിശദീകരിച്ചിരുന്നത് ഇപ്പോഴും അശരീരിപോലെ കാതു കളിൽ മുഴങ്ങുന്നു.

ഗുരുവിന്റെ വിയോഗം തീർത്ത ദുഖ:ഭാരം താങ്ങാ നാവാതെയാണ് ഞാൻ അജ്മിരിൽ നിന്നു മടങ്ങിയത്. പക്ഷെ, എന്റെ പ്രയാണ മാർഗ്ഗങ്ങളിലേക്ക് മൗലാനാ ഫസ ലുൽ ഹഖ് ഖൈറാബാദി തെളിയിച്ചു തന്ന കൈത്തിരി കൾ ഞാൻ കെടാതെ സൂക്ഷിച്ചു. ആ ഗുരുവര്യന്റെ സ്മര ണകളിലേക്ക് പ്രാർത്ഥനകളുടെകണ്ണീർ പൂക്കൾ.

# പിശാചും പരകായ പ്രവേശവും

ആഭിചാരമടക്കമുള്ള വിപരീതശക്തി
യുടെ (നെഗറ്റീവ് എനർജി) കാര്യ
ത്തിലും ഒടുവിൽ ശാസ്ത്രം മതദർശന
ങ്ങൾക്കൊപ്പമെത്തി. ഒരു മനുഷ്യന്റെ
ശരീരത്തിലും ചേതനയിലും ബോധമ
ണ്ഡലങ്ങളിലും അയാളറിയാതെ
മറ്റൊരു ശക്തി സന്നിവേശിപ്പിക്കപ്പെടു
മെന്ന് ആധുനിക മനശാസ്ത്രം കണ്ടെ
ത്തുകയും ഇത്തരമൊരവസ്ഥയെ
ഇരട്ടവ്യക്തിത്വം (മൾട്ടി പേഴ്സനാലിറ്റി)
എന്ന് അംഗീകരിക്കുകയും ചെയ്തു.

**വി**വരസാങ്കേതികതയും വെളിച്ചവിപ്ലവവുമൊന്നുമില്ലാത്ത കാലത്തിന്റെ സങ്കൽപ സൃഷ്ടികൾ മാത്രമാണ് പിശാചും ബാധകളുമെന്ന വിവരക്കേടിൽ അടയിരിക്കുകയാണിപ്പോഴും വിവരമുണ്ടെന്നു ധരിച്ചുവശായ ചിലർ. കേവലയുക്തികൊണ്ട് ബോധ്യപ്പെടാത്ത അടിസ്ഥാന ദർശനങ്ങളിൽ വിശ്വസിക്കുന്ന ചിലമതവിശ്വാസികൾ പോലും സിഹ്റ് അടക്കമുള്ള വിഷയങ്ങളിൽ ഭൗതികവാദിയേക്കാൾ വീര്യത്തോടെ നിഷേധാത്മക നിലപാടു സ്വീകരിക്കുന്നതു നാം കണ്ടുകൊണ്ടിരിക്കുന്നു.

കേവലയുക്തിക്കു നിരക്കാത്തതിനെ നിരാകരി

ക്കാൻ പണ്ടു ഭൗതികശാസ്ത്രത്തെയാണു പലരും കൂട്ടു ] ിടിച്ചത് [garbled] “രക്തപിണ്ഡത്താൽ അവൻ (അല്ലാഹു) മനുഷ്യനെ സൃഷ്ടിച്ചു” എന്ന മനുഷ്യോൽ പത്തിയെക്കുറിച്ചുള്ള വിശുദ്ധ ഖുർആന്റെ വിളംബരം ഖണ്ഡിക്കാൻ ഡാർവിന്റെ പരിണാമ സിദ്ധാന്തത്തെ ചിലർ കൂട്ടുപിടിച്ചു. മനുഷ്യൻ വാനരനിൽ നിന്നാണു രൂപാന്ത പ്പെട്ടതെന്ന് ശാസ്ത്ര ധാർഷ്ട്യം ഒടുവിൽ, വിയന്നാസർവ്വ കലാശാലയിലെ നരവംശശാസ്ത്ര വിഭാഗം മേധാവിയായ ഡബ്ല്യൂ ഷന്മിറ്റ് എന്ന മുതിർന്ന ശാസ്ത്രജ്ഞൻ നിരാകരിച്ചു. പരിണാമ സിദ്ധാന്തം തെറ്റാണെന്നും അദ്ദേഹം ലോക ത്തോട് വിളിച്ചു പറഞ്ഞു.

ആഭിചാരമടക്കമുള്ള വിപരീതശക്തിയുടെ (നെഗ റ്റീവ് എനർജി) കാര്യത്തിലും ഒടുവിൽ ശാസ്ത്രം മതദർശ നങ്ങൾക്കൊപ്പമെത്തി. ഒരു മനുഷ്യന്റെ ശരീരത്തിലും ചേതനയിലും ബോധമണ്ഡങ്ങളിലും അയാളറിയാതെ മറ്റൊരു ശക്തി സന്നിവേശിപ്പിക്കപ്പെടുമെന്ന് ആധുനിക മനശാസ്ത്രം കണ്ടെത്തുകയും ഇത്തരമൊരവസ്ഥയെ ഇര ട്ടവ്യക്തിത്വം (മൾട്ടി പേഴ്സനാലിറ്റി) എന്ന് അംഗീകരിക്കു കയും ചെയ്തു. ഈ ശാസ്ത്രപരീക്ഷണത്തെ ഉപോദ്ബല കമാക്കി വികസിത രാഷ്ട്രങ്ങളിലടക്കം കലാസാഹിത്യ സൃഷ്ടികൾ പുറത്തിറങ്ങിക്കൊണ്ടിരിക്കുന്നു. ഇരട്ട വ്യ ക്തിത്വത്തെ പ്രമേയമാക്കിയ ഹോളിവുഡ് സിനിമകൾക്കും നോവലുകൾക്കും ബുദ്ധിപരമായി ഉയർന്ന നിലയി ലുള്ളവരിലാണ് കൂടുതൽ സ്വീകാര്യതയെന്നാണ് സ്ഥിതി വിവരക്കണക്കുകൾ തെളിയിക്കുന്നത്.

ഒരു വ്യക്തിയിലേക്ക് അയാളറിയാതെ സന്നിവേ ശിപ്പിക്കപ്പെടുന്ന നിഗ്രഹശക്തിയാണ് ആഭിചാരമെന്നാണു വിവക്ഷ. മാരണത്തിനു വിധേയനാവുന്ന വ്യക്തി ശാരീ

രികമായും സാമ്പത്തികമായും മാനസികമായും ഭയാനകമായ ദുരന്തത്തിലേക്കു പതിക്കുന്നു. സിഹ്റിന് എഴുപതോളം വക ഭേദങ്ങളുണ്ടെന്നാണ് പ്രാമാണിക ഗ്രന്ഥങ്ങൾ വിവരിക്കുന്നത്.

ഒരു വ്യക്തിയിൽ ആഭിചാര ബാധയേൽക്കുന്നതു സംബന്ധിച്ച് അറബിമാന്ത്രിക ചികിത്സാപണ്ഡിതർക്കിടയിൽ വ്യത്യസ്ഥ അനുമാനങ്ങളാണ്. ആഭിചാരകന്റെ ദുഷ്കർമ്മ കാഠിന്യമനുസരിച്ചാണ് മാരണത്തിന്റെ രൗദ്രത വർദ്ധിക്കുകയെന്ന് ഒരു വിഭാഗം. എന്നാൽ, ആവാഹിക്കപ്പെടുന്ന ദു:ശക്തിയുടെ ക്രുദ്ധതക്കു ആനുപാതികമായാണ് ആഭിചാരം ഫലിക്കുകയെന്നാണ് ഭൂരിഭാഗം പണ്ഡിതരും അഭിപ്രായപ്പെടുന്നത്.

മാരണത്തിനടിമപ്പെടുന്നയാളിലേക്ക് പരകായ പ്രവേശം നടത്തുന്ന നിഗ്രഹശക്തിയെക്കുറിച്ച് അറബിമാന്ത്രിക ചികിത്സാവിദഗ്ദനായ മൗലാനാ ഫസലുൽ ഹഖ് ഖൈറാബാദിയുടെ വീക്ഷണം ഇങ്ങനെയാണ്: ഒരു മനുഷ്യൻ പിറവിയെടുക്കുമ്പോൾ തന്നെ അവനെ പിന്തുടരാൻ അല്ലാഹു ഒരു മാലാഖയെ നിയോഗിക്കും. ഇതേ സമയം തന്നെ തിൻമയിലേക്കു പ്രേരിപ്പിക്കാൻ ഒരു ചെകുത്താനും ഉണ്ടാകും. ജീവിതാന്ത്യ മാലാഖയാൽ നയിക്കപ്പെട്ടവൻ സച്ചരിതനായി മരണം പുൽകും. പിശാചിന്റെ പ്രേരണയിലകപ്പെട്ടവൻ പാപിയായി മരിക്കും. ആ മനുഷ്യന്റെ മരണത്തോടെ മാലാഖ ദൈവത്തിങ്കലേക്കു മടങ്ങും. മരിച്ചവന്റെ ആത്മാവ് അല്ലാഹു നിശ്ചയിക്കപ്പെട്ടയിടത്ത് അന്ത്യനാൾവരെ സൂക്ഷിക്കപ്പെടും.

മരിച്ചയാൾ പിഴച്ചുപോവാത്തയാളാണെങ്കിൽ ഭൂമിയിൽ ബാക്കിയാവുന്ന പിശാച് ശേഷി നഷ്ടപ്പെട്ട് ദു:ഖിതനും നിരാശനുമായി കാലം കഴിക്കും. എന്നാൽ മരിച്ചയാൾ

ദുർമാർഗ്ഗിയാണെങ്കിൽ അവനെ പിഴപ്പിച്ച പിശാചിന് കൂടുതൽ ശക്തി കൈവരും. ആഭിചാരകരുടെ ഉപാസനാമൂർത്തിയായി ആ പിശാച് മാരണങ്ങളിലൂടെ മറ്റു മനുഷ്യരുടെ ശരീരത്തിലേക്ക് ആവാഹിക്കപ്പെടും. ആഭിചാരകന്റെ അഭീഷ്ടമനുസരിച്ച് ദുഷ്ടമൂർത്തിയായി വർത്തിക്കും.

ആഭിചാരകൻ വാസ്തവത്തിൽ ഇടനിലക്കാരൻ മാത്രം. എന്നാൽ, മാരണ മൂർത്തിയേക്കാൾ വലിയ ശക്തിയായി ഇടനിലക്കാരൻ മന്ത്രവാദി സ്വയം ചമയുമ്പോൾ കെട്ടുകാഴ്ചകൾ അകമ്പടിയാവുന്നു. ആത്മീയ ചൂഷണവും വാണിഭവുമായി കാര്യങ്ങൾ കുഴഞ്ഞുമറിയുന്നു. അപസർപ്പകകഥകളുടെ അരങ്ങുകളായി മാന്ത്രവാദ ചികിത്സാ പരിസരങ്ങൾ സ്ഥാപിക്കപ്പെടുമ്പോൾ പ്രാമാണിക പിൻബലത്തോടെ പ്രതിവിധികൾ നിർദ്ദേശിക്കുന്നവരും സാന്ത്വനമേകുന്നവരും അപ്പാടെ തിൻമയുടേയും ചൂഷണത്തി

ന്റേയും വക്താക്കളായി വേട്ടയാടപ്പെടുകയും ചെയ്യുന്നു.

# ഖത്തീബിന്റെ ഭാര്യ

**പട്ടിണിയും രോഗവും മനുഷ്യരെ പരിസര യാഥാർത്ഥ്യങ്ങൾക്കപ്പുറത്തെ പ്രത്യാശകളി ലേക്കും പ്രലോഭനങ്ങളിലേക്കും നയിക്കും. ആമിനയെപ്പോലെ മതംമാറ്റത്തിന്റെ അമേരി ക്കൻ ഗോതമ്പുസഞ്ചികൾക്കു പിന്നാലെ അര മനകളിലേക്കും ധ്യാനകേന്ദ്രങ്ങളേക്കും നയി ക്കപ്പെട്ടവരിലൂടെയാണ് ഒരു പ്രത്യേക മതത്തി ലേക്കു പരിവർത്തിക്കപ്പെട്ടവരുടെ എണ്ണം രാജ്യത്ത് ക്രമാതീതമായി പെരുകിയത്.**

“അന്തികുർബ്ബാനയിലേക്ക് ആമിനാ നീയും..” എന്നായിരുന്നു വയനാട്ടിൽ നിന്നുള്ള ആ പത്രവാർത്തയുടെ തലക്കെട്ട്. അധികകാലം മുമ്പൊന്നുമല്ല അത്. ക്രിസ്ത്യൻ ധ്യാനകേന്ദ്രത്തിലേക്ക് ആളെ ക്ഷണിക്കാൻ നിയോഗിക്കപ്പെട്ട ആമിന ഒന്നാംതരം മുസ്‌ലിം കുടുംബത്തിലെ അംഗം. ഇസ്‌ലാമിക വേഷം...

പ്രശ്നം പട്ടിണിയായിരുന്നു. കുട്ടികളെപ്പോറ്റാൻ വകയില്ലാതെ ആമിന കഷ്ടപ്പെടുന്നത് അടുത്തുള്ള കരിസ്മാറ്റിക്ക് ധ്യാനകേന്ദ്രത്തിലെ കന്യാസ്ത്രീകൾ അറിഞ്ഞു. ആമിനയുടെ ജീവിത പരിസരങ്ങളിൽ കാക്കത്തൊള്ളായിരം മുസ്‌ലിം സംഘടനകളുണ്ടായിരുന്നുവെങ്കിലും, വിശ്വാസത്തിന്റേയും അന്ധവിശ്വാസത്തിന്റേയും പേരിലുള്ള വാഗ്വാ

ദങ്ങൾക്കും വെല്ലുവിളികൾക്കുമിടയിൽ അവരാരും ആമിനയുടെ കണ്ണീര് കണ്ടില്ല. ഒട്ടിയ വയറുകളും പുകയാത്ത അടുപ്പുകളും തേടി മതം മാറ്റത്തിന്റെ അമേരിക്കൻ ഗോതമ്പു സഞ്ചികളുമായി ഇരതേടുന്നവർ എളുപ്പം ആമിനയെ കണ്ടു. അവരുടെ ഗോതമ്പു സഞ്ചിക്കുപിന്നാലെ അനുസരണയോടെ ആമിന നടന്നു. ധ്യാനകേന്ദ്രം നടത്തിപ്പുകാർ ആമിനയെ അവളുടെ മതക്കാർക്കിടയിൽ തന്നെ സുവിശേഷം പറയാൻ നിയോഗിച്ചു.

പട്ടിണിയും രോഗവും മനുഷ്യരെ പരിസര യാഥാർത്ഥ്യങ്ങൾക്കപ്പുറത്തെ പ്രത്യാശകളിലേക്കും പ്രലോഭനങ്ങളിലേക്കും നയിക്കും. ആമിനയെപ്പോലെ മതംമാറ്റത്തിന്റെ അമേരിക്കൻ ഗോതമ്പുസഞ്ചികൾക്കു പിന്നാലെ അരമനകളിലേക്കും ധ്യാനകേന്ദ്രങ്ങലേക്കും നയിക്കപ്പെട്ടവരിലൂടെയാണ് ഒരു പ്രത്യേക മതത്തിലേക്കു പരിവർത്തിക്കപ്പെട്ടവരുടെ എണ്ണം രാജ്യത്ത് ക്രമാതീതമായി പെരുകിയത്.

മാറാരോഗങ്ങളാൽ ദുർബ്ബലപ്പെടുന്ന മനുഷ്യമനസ്സ് ചഞ്ചലമാകും, ദുഷ്ടശക്തികളിൽ അഭയം തേടും. പരിശുദ്ധ റമദാനിൽ നോമ്പനുഷ്ടിച്ച്, പർദ്ദയും മുഖാവരണവും ധരിച്ച് ജോത്സ്യൻമാരുടേയും കൂടോത്രക്കാരുടേയും ആലയങ്ങൾക്കു മുമ്പിൽ ക്യൂ നിൽക്കുന്നവരെ നാം കാണുന്നു. 'പരപ്പനങ്ങാടി മോഡൽ'ഹൈടെക്ക് പണിക്കർമാരുടെ കവടിക്കളങ്ങൾക്കു മുമ്പിൽ കാത്തുകെട്ടിക്കിടക്കുന്നവരിൽ ഭൂരിഭാഗവും മുസ്ലിം പ്രമാണിമാരാണ്. രമ്യഹർമ്മങ്ങൾക്കു സ്ഥാനം നിർണ്ണയിക്കുമ്പോൾ ഉസ്താദിന്റെ ഫാതിഹയും പ്രാർത്ഥനയും ഔട്ടോഫ് ഫാഷൻ. പകരം, സിനിമാസെറ്റിലെന്നപോലെ ആഡംബര പൂജകളും ഹോമങ്ങളും...

അറബി മാന്ത്രിക ചികിത്സയിൽ കൂടുതൽ അറിവുതേടി ഉത്തരേന്ത്യയിൽ നിന്നും ഞാൻ വീട്ടിൽ തിരിച്ചെ

ത്തിയ സമയം. പരസ്യമായ ചികിത്സ ആരംഭിച്ചിരുന്നില്ല. അതിനിടെ സഹോദരൻ ഹുസൈൻ കണ്ണൂരിൽ നിന്ന് ഒരു മുസ്‌ലിം പണ്ഡിതനെ എന്നെക്കാണാൻ പറഞ്ഞയച്ചു. ഹുസൈൻ മദ്രസാധ്യാപകനായി ജോലി ചെയ്തിരുന്ന ഇരിക്കൂറിനടുത്ത് മഹല്ല് ഖത്തീബ് മുഹമ്മദലി ഫൈസിയാണ് ഒരു ദിവസം എന്നെ കാണാനെത്തിയത്.

മലപ്പുറം കരുവാരക്കുണ്ട് സ്വദേശിയാണദ്ദേഹം. ഫൈസിയുടെ ഭാര്യക്ക്നിലക്കാത്ത രക്തസ്രാവമുൾപ്പെടെ വിട്ടുമാറാത്ത രോഗങ്ങൾ അനവധി. അലോപ്പതിയിലും ആയുർവ്വേദത്തിലും പല മരുന്നുകൾ കഴിച്ചിട്ടും മാറ്റമില്ല. കുടുംബം നിരാശയിലും ദു:ഖത്തിലും സാമ്പത്തികത്തകർച്ചയിലുമകപ്പെട്ടു. അതിനിടെ ഫൈസിയുടെ പരിചയിക്കാരനായ ഒരാൾ ഒരു ജോത്സ്യനെ സമീപിക്കാൻ ഉപദേശിച്ചു. ഫൈസി ഭാര്യയേയും കൂട്ടി അറിയപ്പെട്ട ഒരു ജോത്സ്യനെ കണ്ടു. ഒരു പ്രത്യേക ഹോമം വേണം. മദ്യവും കോഴിയും മറ്റു പലതുമായി ഹോമത്തിനു ചെലവ് 30,000 രൂപ.

ഫൈസിയുടെ കയ്യിൽ പണമില്ല. ഒരു ജുമുഅക്കു ശേഷം ഭാര്യയുടെ ചികിത്സാചെലവ് വിവരിച്ച് മുഹമ്മദലി ഫൈസി പള്ളിയിൽ പിരിവു നടത്തി. പക്ഷെ, തുഛമായ സംഖ്യയേ ലഭിച്ചുള്ളൂ. പള്ളിയിൽ അദ്ദേഹം സങ്കടപ്പെട്ടിരിക്കുമ്പോഴാണ് സഹോദരൻ ഹുസൈൻ കാര്യമന്വേഷിച്ചത്. താങ്കളെപ്പോലുള്ള മതപണ്ഡിതൻ ചികിത്സ തേടി ജോത്സ്യൻമാരേയും മറ്റും സമീപിക്കുന്നത് സമുദായത്തിന് തെറ്റായ സന്ദേശം നൽകുമെന്ന് ഹുസൈൻ പറഞ്ഞപ്പോൾ ഫൈസിക്ക് കുറ്റബോധമായി. ഇനി എന്തുചെയ്യുമെന്ന് വ്യസനപ്പെട്ടപ്പോൾ എന്നെ വന്നുകണ്ട് കാര്യം പറയാൻ സഹോദരൻ ഉപദേശിച്ചു.

മുഹമ്മദലി ഫൈസി എന്നോട് കാര്യങ്ങൾ വിവരിച്ചു പറഞ്ഞു. നിശ്ചയിച്ച ഒരു ദിവസം ഞാൻ കരുവാരക്കുണ്ടിലെ അദ്ദേഹത്തിന്റെ വസതിയിൽ ചെന്നു. എല്ലാം നിരീക്ഷിച്ചു, പഠിച്ചു. ഫൈസി ചെയ്യേണ്ട കർമ്മങ്ങൾ ഞാൻ കുറിച്ചു നൽകി. ഞാൻ ചെയ്യേണ്ടതും ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഫൈസിയുടെ ഭാര്യയുടെ അസുഖം ഭേദ മായി. വിവരം ആ പ്രദേശത്ത് പരന്നു. ഞാൻ ആ നാട്ടിൽ അറിയപ്പെട്ടു.

സമസ്ത കേരള ജംഇയ്യത്തുൽഉലമാ മുശാവറ അംഗവും പ്രമുഖ പണ്ഡിതനുമായിരുന്ന കെ.കെ. അബ്ദുല്ല ഉസ്താദിന്റെ ഭാര്യയെ ചികിത്സിക്കാനുള്ള അവസരം തൊട്ടു പിന്നാലെ എനിക്ക് കൈവന്നു. മരുന്നുകളോട് പ്രതികരി ക്കാതെ തളർന്നു കിടപ്പായിരുന്നു അവർ. എന്റെ ചികിത്സ പൂർത്തിയാവും മുമ്പെ അവർ ഇഹലോകവാസം വെടിഞ്ഞു. എങ്കിലും, എന്റെ പ്രയത്നങ്ങൾ അവരിൽ ആശാവഹമായ പ്രതികരണങ്ങൾ സൃഷ്ടിച്ചിരുന്നു. പ്രദേശം കേന്ദ്രീകരിച്ച് ചികിത്സ നടത്താനും രോഗികൾക്ക് സാന്ത്വനമേകാനും അബ്ദുല്ല ഉസ്താദ് എന്നോടാവശ്യപ്പെട്ടു. ഞാൻ വണ്ടൂരിൽ സാന്ത്വന ചികിത്സാകേന്ദ്രം ആരംഭിക്കാൻ എനിക്ക് പ്രചോദ നമേകിയത് വന്ദ്യനായ ആ മഹാപണ്ഡിതനാണ്.

# മറനീങ്ങിയ മാന്ത്രികചികിത്സ

മതവുമായി അറബി മാന്ത്രിക ചികിത്സ
യെക്കൂട്ടിക്കുഴക്കേണ്ടതില്ലെന്ന് ഈ
രംഗത്തെ പരിണിത പ്രജ്ഞരായ
മുൻഗാമികൾ നേരത്തെ തന്നെ വ്യക്ത
മാക്കിയിട്ടുള്ളതാണ്. അറബിപദ
ങ്ങളും പ്രാർത്ഥനകളുമാണ് ഈ ചികി
ത്സയുടെ അടിസ്ഥാന സ്വഭാവമെന്നതി
നാൽ അറബിമാന്ത്രിക ചികിത്സയെന്ന
സൗകര്യപ്രദമായ പേര് ഉപയോഗിക്കപ്പെ
ടുന്നുവെന്നു മാത്രം.

“തെറ്റിദ്ധാരണ ഒരു വലിയ
ശാപമാണ്. അത് നേരിനേയും
നൻമയേയും നിർമാർജ്ജനം ചെയ്യും.”
(മക്കയിലേക്കുള്ള പാത)

**മാ**ന്ത്രിക ചികിത്സാരംഗം പോലെ തെറ്റിദ്ധാരണകളുടേയും അപവാദങ്ങളുടേയും ആരോപണങ്ങളുടേയും പുകമറനിറഞ്ഞ മറ്റൊരു മേഖലയുമുണ്ടാവില്ല. വഴിയേ പോകുന്നവനു കല്ലെറിയാം. വാളെടുക്കുന്നവനൊക്കെ വെളിച്ചപ്പാടാവാം. ആർക്കും വേട്ടയാടാവുന്ന പരുവത്തിലേക്കു മാന്ത്രിക ചികിത്സാരംഗത്തെ പരുവപ്പെടുത്തിയതിനു പിന്നിൽ കാലങ്ങളായുള്ള ഗൂഢാലോചനകളും

ആസൂത്രിത നിക്കങ്ങളുമുണ്ട്. അതോടൊപ്പം, ഈ മേഖലയിൽ മറനീങ്ങിയ ചൂഷണവും അന്ധവിശ്വാസവും ആരാജകത്വവും കൂടിയാവുമ്പോൾ വിമർശകർക്ക് പണി എളുപ്പവുമായി.

ബോധമുള്ളവനെ മാത്രമേ ബോധ്യപ്പെടുത്താനാവൂ എന്നാണല്ലോ. മാന്ത്രിക ചികിത്സയുടെ വിഷയത്തിൽ ആരോപണങ്ങളേറെയും വസ്തുതകൾ മനസ്സിലാക്കാതെയാണെന്നതിനാൽ വിമർശകരുടെ വായടപ്പിക്കുക സാധ്യമല്ല. എന്നാൽ, വസ്തുതാപരമാവണം വിമർശനം എന്ന ജനാധിപത്യ സമീപനം സാക്ഷരസമൂഹത്തിൽ ആരിൽ നിന്നും ആർക്കും പ്രതീക്ഷിക്കാവുന്നതാണല്ലോ.

''നെല്ല് അരിയായാലും ഇല്ലെങ്കിലും ഉരലും ഉലക്കയും ശത്രുക്കൾ തന്നെ'' എന്ന തരത്തിലുള്ള മാടമ്പി വാദമാണ് മാന്ത്രിക ചികിത്സകരോടും ചികിത്സയോടും ജനാധിപത്യവാദികളെന്നവകാശപ്പെടുന്നവർ പോലും വച്ചുപുലർത്തുന്നത്. ''സിദ്ധൻ'' എന്ന വിശേഷണത്തിന്റെ അർത്ഥം പൊതുമണ്ഡലത്തിൽ വ്യാജസിദ്ധൻ എന്നായി സ്ഥാപിക്കപ്പെട്ടതുപോലെ മാന്ത്രിക ചികിത്സ ഫലിച്ചാലും ഇല്ലെങ്കിലും തട്ടിപ്പാണ് എന്ന മുൻവിധിയിലാണ് മാധ്യമങ്ങൾ പോലും അഭിരമിക്കുന്നത്.

അതേസമയം, താഴേക്കിടയിലുള്ള മാന്ത്രിക ചികിത്സകരേയും ചികിത്സാ കേന്ദ്രങ്ങളേയും തകർക്കാൻ അക്രമാസക്തമായി ഇറങ്ങിപ്പുറപ്പെടുന്ന പോലീസും മാധ്യമങ്ങളും യുവജന-വയോജന പ്രസ്ഥാനങ്ങളുമൊക്കെ കോർപ്പറേറ്റ് സിദ്ധൻമാർക്കും അന്ധവിശ്വാസങ്ങളുടെ മൊത്തക്കച്ചവടക്കാർക്കും ആത്മീയ വാണിജ്യത്തിന്റെ ആൾദൈവങ്ങൾക്കും മുമ്പിൽ പഞ്ചപുഛമടക്കി പാദസേവചെയ്യുന്ന വിരോധാഭാസവും രാജ്യത്ത് യാതൊരു മറയുമില്ലാതെ അരങ്ങേറുന്നു.

സാന്ദർഭികമായി പറയട്ടെ; അറബി മാന്ത്രിക ചികിത്സയെ ചിലർ മതവുമായി ബന്ധപ്പെടുത്തിയാണ് കഠിനമായി എതിർക്കുന്നത്. മതത്തിന്റെ മറവിൽ അരങ്ങേറുന്ന ചൂഷ

ണമായാണ് ഈ ചികിത്സാമേഖലയെ ചിലർ നിരന്തരം വേട്ടയാടുന്നത്.

വാസ്തവത്തിൽ, മതവുമായി അറബി മാന്ത്രിക ചികിത്സയെക്കൂട്ടിക്കുഴക്കേണ്ടതില്ലെന്ന് ഈ രംഗത്തെ പരിണിത പ്രജ്ഞരായ മുൻഗാമികൾ നേരത്തെ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. അലോപ്പതി, ആയുർവ്വേദം, യൂനാനി, ഹോമിയോ തുടങ്ങിയ ചികിത്സാശാഖകൾ പോലെ അറബി മാന്ത്രികവും ഒരു ചികിത്സാ ശാഖമാത്രമാണ്. അറബിപദങ്ങളും പ്രാർത്ഥനകളുമാണ് ഈ ചികിത്സയുടെ അടിസ്ഥാന സ്വഭാവമെന്നതിനാൽ അറബിമാന്ത്രിക ചികിത്സയെന്ന സൗകര്യപ്രദമായ പേര് ഉപയോഗിക്കപ്പെടുന്നുവെന്നു മാത്രം.

അതിനപ്പുറമുള്ള മതചിഹ്നങ്ങൾ ഉപയോഗിക്കപ്പെടുന്നില്ല. മതത്തിൽ നിഷിദ്ധമാക്കപ്പെട്ട മുറകളോ നിരോധിക്കപ്പെട്ട കർമ്മങ്ങളോ പ്രയോഗിക്കപ്പെടുന്നില്ല. ആഭിചാര ക്രിയകളില്ല. ശൂന്യതയിൽ നിന്ന് മരുന്നുൽപ്പാദിപ്പിക്കപ്പെടുന്ന മായാജാലവുമില്ല. പക്ഷി-മൃഗാദികളുടെ ചോര ചിന്തുണ കുരുതിക്കളങ്ങളില്ല. ഹോമകുണ്ഡങ്ങളൊരുക്കുന്നില്ല. ഇരുട്ടറകളിലേക്കു ദുഷ്ടമൂർത്തികളെ ആവാഹിക്കുന്നില്ല...

ആദ്യകാലങ്ങളിൽ ഗ്രാമീണരായ സാധാരണക്കാരായിരുന്നു മാന്ത്രിക ചികിത്സ തേടിയിരുന്നത്. അതുകൊണ്ടാവണം കുഗ്രാമങ്ങൾ കേന്ദ്രികരിച്ചു മാത്രമാണ് ഇത് അരങ്ങേറിയിരുന്നത്. ഗ്രാമകേന്ദ്രീകൃതമായിരുന്ന അറബി മാന്ത്രിക ചികിത്സക്ക് ശാസ്ത്രീയമായ ചിട്ടവട്ടങ്ങളും സുതാര്യതയും കൈവരാതെ പോയത് ആ കാലത്തിന്റെ സാമൂഹിക പിന്നോക്കാവസ്ഥയുടെ ഭാഗമാണ്.. അത്തരമൊരു ശോച്യാവസ്ഥയിൽ നിന്ന് അറബിമാന്ത്രിക ചികിത്സയെ വെളിച്ചമുള്ള പ്രതലങ്ങളിലേക്ക് പറിച്ചു നടുകയെന്ന ചരിത്രപരമായ ദൗത്യമാണ് കാലം എന്നിലേൽപ്പിച്ചത്. അതൊരു യാദൃഛികതയായിരുന്നില്ല. നിയോഗം തന്നെയായിരുന്നു.

# വണ്ടൂരിൽ വിറളി പൂണ്ടവർ

**മോങ്ങാനിരുന്ന മുജാഹിദുകളുടെ തലയിൽ തേങ്ങാ വീണു എന്നതുപോലെയായിരുന്നു കാര്യങ്ങൾ. പരമ്പരാഗത സുന്നി സംസ്ക്കാര ത്തേയും വിശ്വാസത്തേയും നോക്കി മോങ്ങി ക്കൊണ്ടേയിരുന്ന മുസ്ലീംകൾക്കിടയിലെ പുത്തൻവാദികളുടെ കൺമുന്നിലേക്കാണ് വയനാട്ടിലെ എന്റെ കുഗ്രാമത്തിൽ നിന്നും അറബി മാന്ത്രി ചികിത്സയെ ഞാൻ പറിച്ചു നട്ടത്.**

**മോ**ങ്ങാനിരുന്ന നായയുടെ തലയിൽ തേങ്ങാ വീണു എന്നതുപോലെയായിരുന്നു കാര്യങ്ങൾ. പരമ്പരാഗത സുന്നി സംസ്ക്കാരത്തേയും വിശ്വാസത്തേയും നോക്കി മോങ്ങിക്കൊണ്ടേയിരുന്ന മുസ്ലീംകൾക്കിടയിലെ പുത്തൻവാദികളുടെ കൺമുന്നിലേക്കാണ് വയനാട്ടിലെ എന്റെ കുഗ്രാമത്തിൽ നിന്നും അറബി മാന്ത്രിക ചികിത്സയെ ഞാൻ പറിച്ചു നട്ടത്. 2002ൽ മലപ്പുറം ജില്ലയിലെ വണ്ടൂർ അങ്ങാടിയിൽ സാന്ത്വനം കൗൺസിലിങ്ങ് സെന്റർ ആരംഭിച്ച് പരസ്യമായി അറബി മാന്ത്രിക ചികിത്സയും സാന്ത്വന ശുശ്രൂഷയും ആരംഭിച്ചു. അന്ധവിശ്വാസം ആരോപിച്ച് സുന്നികളെ ആക്ഷേപിക്കുന്നതിൽ മത്സരിച്ചു കൊണ്ടിരുന്ന മുജാഹിദ്-ജമാഅത്തെ ഇസ്ലാമിക്കാർക്ക് താങ്ങാവുന്നതിലും അപ്പുറമായിരുന്നു എന്റെ സാഹസം.

വണ്ടൂർ നഗര മധ്യത്തിൽ ഞാൻ ആരംഭിച്ച അറബി മാന്ത്രിക ചികിത്സാ സാന്ത്വന കേന്ദ്രം ആളുകൾക്ക് ആദ്യം കൗതുകമാണ് സമ്മാനിച്ചത്. സുന്നി പണ്ഡിതർ കുഗ്രാമങ്ങളിൽ പാത്തും പതുങ്ങിയും നടത്തിവന്ന മാന്ത്രിക ചികിത്സ ഞാൻ നഗരമധ്യത്തിൽ പരസ്യമായി ആരംഭിച്ചതോടെ പരിഹാസവും പ്രതിഷേധവുമൊക്കെയായി ചർച്ചകൾ പൊടിപൊടിച്ചു. അതിനിടെ, എന്റെ ചികിത്സ തേടി ആളുകൾ ധാരാളമായി എത്തിത്തുടങ്ങി. ആദ്യമാദ്യം അപവാദം പറഞ്ഞ് മാറി നിന്നവരും തലയിൽ മുണ്ടിട്ടെന്നപോലെ ക്രമേണ വണ്ടൂർ സാന്ത്വനം കൗൺസിലിംങ്ങ് സെന്ററിന്റെ പടികയറിയെത്തി.

ആളുകൾ കൂടുന്നിടത്താണല്ലോ എന്നും മാധ്യമങ്ങൾക്കും കാര്യം. എന്റെ സ്ഥാപനത്തെക്കുറിച്ചുള്ള വിവരം പ്രചരിച്ചതോടെ പ്രാദേശിക പത്രക്കാരും ചാനലുകളും എന്നെ സമീപിച്ചു തുടങ്ങി. പ്രദേശിക വാർത്തകളിൽ ഞാനും എന്റെ സ്ഥാപനവും ഇടംനേടിയതോടെ മുഖ്യധാരാ മാധ്യമങ്ങളും ഞാനുമായി സമ്പർക്കം പുലർത്തിത്തുടങ്ങി. നിർബന്ധത്തിനു വഴങ്ങി ചില മാധ്യമങ്ങൾക്ക് ചെറിയ തോതിലെങ്കിലും പരസ്യം നൽകേണ്ടിയും വന്നു. പരസ്യങ്ങളിലൂടെയും വാർത്തകളിലൂടെയും ഞാൻ കൂടുതൽ അറിയപ്പെട്ടു. അതോടെ അന്യസംസ്ഥാനങ്ങളിൽ നിന്നും അയൽ ജില്ലകളിൽ നിന്നും ദിനംപ്രതി നിരവധിപേർ ചികിത്സാർത്ഥം എന്നെത്തെടി വന്നു.

എന്നെ സമീപിച്ചവരുടെയെല്ലാം പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിച്ചുവെന്ന് അക്കാലത്തും ഞാൻ വീര വാദം മുഴക്കിയില്ല. പക്ഷെ, എന്റെ പ്രശസ്തി നാൾക്കുനാൾ വർദ്ധിക്കുകയും കൗൺസിലിംഗ് സെന്റിൽ തിരക്കു വർദ്ധിക്കുകയും ചെയ്തു. സമൂഹത്തിന്റെ നാനാതുറകളിലുമുള്ളവർ എന്റെ

ചികിത്സ തേടിയെത്തി. ഉന്നതരാഷ്ട്രീയ നേതാക്കൾ, അഭിഭാഷകർ, പോലീസ് ഉദ്യോഗസ്ഥർ, വൻകിട വ്യവസായികൾ, മതപണ്ഡിതർ തുടങ്ങിയവരെല്ലാം അക്കൂട്ടത്തിലുണ്ടായിരുന്നു.

മന്ത്രിമാരും സിനിമാതാരങ്ങളും സംവിധായകരും ഞാനുമായി നിരന്തര ആശയവിനിമയം പുലർത്തി വന്നതോടെ അവരുമായി അടുപ്പമുള്ള ഉന്നത മാധ്യമ പ്രവർത്തകരും ഞാനുമായി സൗഹാർദ്ദം സ്ഥാപിച്ചു. പ്രമുഖ മാധ്യമ സ്ഥാപനങ്ങളുടെ തലപ്പത്തുണ്ടായിരുന്ന പല പ്രമുഖരും പല കാര്യങ്ങൾക്കായി എന്റെ ഉപദേശ നിർദ്ദേശങ്ങൾ തേടിത്തുടങ്ങി.

തിരക്കുകളിൽ നിന്നും തിരക്കുകളിലേക്കുള്ള രാപ്പലുകളായിരുന്നു അത്. അടുത്ത ഗുണകാംക്ഷികളെപ്പോലും വേണ്ടത്ര പരിഗണിക്കാൻ കഴിയാത്ത തിരക്കിനിടെ ശത്രുക്കളുടെ കാര്യം ആരോർക്കുന്നു. എനിക്കു ചുറ്റും ശത്രുക്കൾ കൂട്ടുകൂടുന്നതും അപവാദങ്ങൾ പ്രചരിക്കപ്പെടുന്നതും തടക്കത്തിൽ ഞാനറിയാതെ പോയി. ശത്രുക്കളുടെ ചെയ്തികൾ പ്രഥമഘട്ടത്തിൽ തിരിച്ചറിയാതെ പോയത് അവരുടെ ഗൂഢനീക്കങ്ങൾക്ക് ആക്കം കൂട്ടി. എനിക്കെതിരെ വ്യാജപരാതികൾ കെട്ടിച്ചമക്കാനും കള്ളസാക്ഷികളെ രംഗത്തിറക്കാനുമൊക്കെ മുജാഹിദ് ജമാഅത്ത് പ്രഭൃതികൾക്ക് സാഹചര്യം ലഭിച്ചു.

പക്ഷെ, അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ പ്രതിയോഗികളെ തിരിച്ചറിയാനും ക്രമേണ അവരുടെ കുത്സിത നീക്കങ്ങളെ പ്രതിരോധിക്കാനും എനിക്കു കഴിഞ്ഞു.

# ഹജ്ജ് യാത്ര മുട ക്കാൻ ശ്രമിച്ച മുജാഹി ദുകൾ

**ഇസ്‌ലാമിന്റെ ഇടങ്ങളിലെ ഒറ്റുകാരായാണ് ചരിത്രം മുജാഹിദുകൾ എന്ന വഹാബി കളെ വിശേഷിപ്പിക്കുന്നത്. ഭിന്നിപ്പിന്റെ വക്താക്കളാണവർ. ഫിത്‌നയാണതിന്റെ എക്കാലത്തേയും മുദ്രാവാക്യം. ഫസാദ് ആണതിന്റെ ജീവരക്തം.**

ഇസ്ലാമിന്റെ ഇടങ്ങളിലെ ഒറ്റുകാരായാണ് ചരിത്രം മുജാഹിദുകൾ എന്ന വഹാബികളെ വിശേഷിപ്പിക്കുന്നത്. ഭിന്നിപ്പിന്റെ വക്താക്കളാണവർ. ഫിത്നയാണതിന്റെ എക്കാല ത്തേയും മുദ്രാവാക്യം. ഫസാദ് ആണതിന്റെ ജീവരക്തം.

അറേബ്യയിലെ നജ്ദിൽ ഹിജ്റ വർഷം 1111 ൽ ജനിച്ച മുഹമ്മദ് ഇബ്നു അബ്ദുൽ വഹാബാണ് ആ പിഴച്ച പ്രസ്ഥാ നത്തിന്റെ സ്ഥാപകൻ. ഇസ്ലാമിനെതിരെ ബ്രിട്ടീഷുകാർ ഉണ്ടാക്കിയ ഗൂഢാലോചനയുടെ വിഷബീജത്തിൽ നിന്നാണ് വഹാബിസം പിറവികൊണ്ടത്. ഇസ്ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ കൂട്ടിച്ചേർക്കലുകൾ വരുത്തി മതത്തിന്റെ അസ്തിത്വം തകർക്കുകയും അതുവഴി മുസ്ലിംകൾക്കിട യിൽ ഭിന്നിപ്പുകൾ സൃഷ്ടിച്ച് ശക്തിക്ഷയിപ്പിക്കുകയുമായി രുന്നു വഹാബിസത്തിനു ബീജാവാപം നൽകുക വഴി ബ്രിട്ടീ ഷുകാർ ലക്ഷ്യമിട്ടത്.

വഹാബികളെന്നും ഇസ്ലാഹികളെന്നും സലഫി കളെന്നും മുജാഹിദുകളെന്നുമൊക്കെ വേഷം മാറിയാണ് ഈ പിഴവിന്റെ കൂട്ടാളികൾ കാലാകാലങ്ങളിൽ ഇസ്ലാമിന്റെ അടിത്തറ മാന്തുന്നത്. 1921 ലെ മലബാർ കലാപത്തിന്റെ കലുഷിതമായ അന്തരീക്ഷത്തിലാണ് വഹാബിസം കേര ളമുസ്ലീംകൾക്കിടയിലേക്കു നുഴഞ്ഞു കഴയറിയത്. മല ബാർ കലാപത്തിന്റെ ഭീകരമായ കെടുതികൾക്കിരയായി തെക്കൻ കേരളത്തിലെക്കു പലായനം ചെയ്ത മലബാറിൽ നിന്നുള്ള മുസ്ലിംകളെ ബ്രീട്ടീഷുകാർ പാട്ടിലാക്കി. മുസ്ലിം ഐക്യസംഘമെന്ന പേരിൽ ഒരു സംഘടന രൂപീ കരിച്ചു. കൊടുങ്ങല്ലൂർ ആസ്ഥാനമായി നിലവിൽ വന്ന ഈ സംഘടന ബ്രിട്ടീഷുകാരിൽ നിന്ന് അച്ചാരം വാങ്ങി മുസ്ലിംകൾക്കിടയിൽ അനൈക്യത്തിന്റേയും സംഘർഷ ത്തിന്റേയും വിഷവിത്തുവിതച്ചു തുടങ്ങി.

ഇബ്നു അബ്ദുൽ വഹാബിന്റെ നജ്ദിയൻ ചിന്താ ഗതി പ്രവചരിപ്പിച്ച് കേരള മുസ്ലിംകൾ അതേവരെ നിരാ ക്ഷേപം പിന്തുടർന്ന വിശ്വാസം ചോദ്യം ചെയ്യുകയാണ് ഐക്യസംഘക്കാർ ചെയ്തത്. വിശ്വാസപരമായ ഭിന്നി പ്പുണ്ടാക്കി മുസ്ലിം സംഘശക്തി ബ്രിട്ടീഷുകാർക്ക് ഒറ്റു കൊടുക്കുകയായിരുന്നു അവരുടെ ലക്ഷ്യം. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് ബ്രിട്ടീഷുകാർക്കെതിരെ ശക്തമായി പോരാടിയ മുസ്ലിം സംഘശക്തി വെട്ടിമുറിക്കാനുള്ള സാമ്രാജ്യത്വ ത്തിന്റെ കണ്ഠകോടാലിയായിരുന്നു വഹാബി പ്രസ്ഥാനം. ഭിന്നിപ്പിച്ച് വിജയം നേടുകയെന്ന പതിവു കുതന്ത്രമാണ് വഹാബികളിലൂടെ ബ്രിട്ടീഷുകാർ പ്രയോഗിക്കാൻ ശ്രമിച്ചത്.

പക്ഷെ, ആ നീക്കം ധിഷണാശാലികളായ സുന്നി പണ്ഡിതൻമാരും സയ്യിദന്മാരും തിരിച്ചറിഞ്ഞു. ബ്രിട്ടീഷ്

സഹായത്തോടെ ഇസ്‌ലാമിന്റെ അടിക്കല്ലിളക്കാനുള്ള വഹാബി നീക്കം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി 1925-ൽ സമസ്ത കേരള ജം ഇയ്യത്തുൽ ഉലമ എന്ന ആധികാരിക ഇസ്‌ലാമിക പണ്ഡിതസഭ കേരളത്തിൽ രൂപം കൊണ്ടു. കാലാന്തരേ, സമസ്തയുടെ സാന്നിധ്യം വഹാബികളുടെ വഴി മുടക്കി. പക്ഷെ, അവർ ആളും അർത്ഥവുമായി ഭിന്നിപ്പിന്റെ ദൗത്യം തുടർന്നുകൊണ്ടേയിരുന്നു. ജിന്നും സിഹ്‌റും ശൈതാനും മറ്റും പറഞ്ഞു കൊണ്ടായിരുന്നു വഹാബികൾ സുന്നികളെ പരിഹസിച്ചതും അനൈക്യത്തിനു ശ്രമിച്ചതും എന്നാൽ അല്ലാഹുവിന്റെ ദൃഷ്ടാന്തമെന്നോണം സുന്നികൾക്കെതിരെ വഹാബികൾ ഉന്നയിച്ച ആരോപണങ്ങളെല്ലാം അവരെ പിന്നീട് തിരിഞ്ഞു കൊത്തിയതിനു കാലം സാക്ഷിയായി.

സാമ്പത്തിക ആരോപണ-പ്രത്യാരോപണങ്ങളാൽ സമസ്തയിലെ പിളർപ്പ് ആഘോഷമായി കൊണ്ടാടിയ വഹാബി പ്രസ്ഥാനം സാമ്പത്തികമായ കാരണങ്ങളാൽ നെടുകെ പിളരുന്നത് ആദ്യം കേരളം കണ്ടു. തൊട്ടുപിന്നാലെ വഹാബികളിൽ പ്രബല വിഭാഗത്തെ ജിന്ന്-സിഹ്‌റ്-പിശാചുബാധ ആവാഹിക്കുകയും മൂന്നാമതും പിളർപ്പ് യാഥാർത്ഥ്യമാവുകയും ചെയ്തു. (ഇതെഴുതുമ്പോൾ മുജാഹിദുകൾക്കിടയിൽ നാലാമതൊരു പിളർപ്പിനുകൂടി അന്തരീക്ഷമൊരുങ്ങുന്നതായാണു റിപ്പോർട്ടുകൾ.

വാളെടുത്തവൻ വാളാലെന്നപോലെ, ഭിന്നിപ്പിന്റെ വക്താക്കളായ മുജാഹിദുകൾ ഭിന്നിച്ചു തന്നെ തകരുന്നത് കാവ്യനീതി.

വണ്ടൂരിൽ വഹാബീ അസഹിഷ്ണുതയാണ് എനിക്കെതിരെ ആദ്യം അണപൊട്ടിയത്. വണ്ടൂരിൽ തിരക്ക് വർദ്ധിച്ചതോടെ ഞാൻ പാലക്കാട്, കോഴിക്കോട്, കണ്ണൂർ,

കാസർഗോഡ്, എറണാകുളം ജില്ലകളിൽ സാന്ത്വനം കൗൺസലിംഗ് സെന്ററിന്റെ ശാഖകൾ ആരംഭിച്ചിരുന്നു. മത-സാമൂഹിക-സാംസ്കാരിക രംഗങ്ങളിലെ പ്രമുഖ വ്യക്തിത്വങ്ങൾ എന്റെ സാന്ത്വനം സെന്ററുകളിലെ സന്ദർശകരായി മാറിയതോടെ ശത്രുക്കളുടെ അസഹിഷ്ണുത കടുത്ത അമർഷമായി രൂപാന്തരപ്പെട്ടു.

ഇതിനിടെ ഞാൻ ഹജ്ജ് കർമ്മത്തിനായി അപേക്ഷ നൽകിയിരുന്നു. ഞാൻ ഹജ്ജ് ക്യാമ്പിലും പഠനക്ലാസിലുമൊക്കെ പങ്കെടുക്കുന്നതിനാൽ സാന്ത്വനം സെന്ററുകളുടെ ഓഫീസ് ചുമതലകൾ സഹോദരങ്ങളേയും സുഹൃത്തുക്കളേയുമാണ് ഏൽപ്പിച്ചിരുന്നത്. ഹജ്ജിനു പുറപ്പെടാൻ ആറു ദിവസം മാത്രം ശേഷിക്കെ, വണ്ടൂരിൽ എനിക്കെതിരെ പരാതിയുമായി ഒരു വഹാബി പ്രവർത്തകൻ രംഗത്തെത്തി. പോലീസിനെ സ്വാധീനിച്ച് അയാൾ എനിക്കെതിരെ വഞ്ചനാക്കുറ്റത്തിനു കേസെടുപ്പിച്ചു. സാന്ത്വനം സെന്ററുകളിൽ പോലീസ് റെയ്ഡ് നടത്തുകയും ഓഫീസ് ചുമതലക്കാരെ കസ്റ്റഡിയിലെടുക്കുകയും ചെയ്തു.

അതേവരെ പോലീസ് സ്റ്റേഷന്റെ അകം കാണുകയോ നിയമ നടപടികൾക്ക് വിധേയനാവുകയോ ചെയ്യാതിരുന്ന എനിക്ക് ആ നാളുകൾ കൊടിയ പീഡനങ്ങളുടേതായിരുന്നു. കാത്തുകാത്തിരുന്ന് ലഭിച്ച ഹജ്ജിനുള്ള അവസരം നഷ്ടപ്പെടുമോ എന്ന ആശങ്കയും വല്ലാതെ അലട്ടി. എന്റെ ഹജ്ജ് യാത്ര മുടക്കുകയായിരുന്നു മുജാഹിദുകളുടെപ്രധാന ലക്ഷ്യം.

# രക്ഷകരായി ശിവസേനയും ആർ. എസ്. എസും.

വല്ലാത്ത ദുർവിധി സങ്കടം മനസ്സിനേയും
ശരീരത്തേയും ആകെ തളർത്തി.
ലബ്ബൈക്ക ചൊല്ലി ജനലക്ഷങ്ങൾ വലംവെ
ക്കുന്ന തിരുകഅ്ബയും പച്ചഖുബ്ബ തല
ഉയർത്തി നിൽക്കുന്ന തിരുനബിയുടെ റൗളാ
ശരീഫും സങ്കടക്കടലിന്റെ മഹാ നോവായി
മനസ്സിൽ തിരയടിച്ചു.

ഹജ്ജിനു പുറപ്പെടാൻ രണ്ടോ മൂന്നോ ദിവസങ്ങൾ മാത്രം ബാക്കിനിൽക്കെയാണ് മുജാഹിദുകാരന്റെ പരാതി പ്രകാരം ജാമ്യമില്ലാ വകുപ്പുകൾ ചേർത്ത് എനിക്കെതിരെ പോലീസ് കേസ്സ് രജിസ്റ്റർ ചെയ്തത്.

പെരിന്തൽമണ്ണ കോടതിയിൽ ഞാൻ മുൻകൂർ ജാമ്യാപേക്ഷ കൊടുത്തു. എന്നാൽ, മുജാഹിദ് സ്വാധീനത്തിന് വഴങ്ങി പോലീസ് ക്രൈം റെക്കാർഡ് (സി.ഡി) കോടതിയിൽ ഹാജരാക്കാത്തതിനാൽ ആദ്യദിവസങ്ങളിൽ കോടതി ജാമ്യാപേക്ഷ പരിഗണിച്ചില്ല. ഇതിനിടെ, മുജാഹിദുകളും ജമാഅത്തെ ഇസ്‌ലാമിയും എന്നെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് സംയുക്തമായി പ്രക്ഷോഭം ആരംഭിച്ചു. (ആശയപരമായി മോരും മുതിരയുമായ ഈ രണ്ടു സംഘടനകളും ഒരു സമരത്തിൽ ആദ്യമായി ഒന്നുച്ചണിനിരന്നത് എനിക്കെതി

രെയാവും ശത്രുവിന്റെ ശത്രു മിത്രമെന്ന പിശാചുവാദം പിൻപറ്റാൻ ഈ 'ഇസ്‌ലാമിക' സംഘടനകൾക്ക് ഒരു ലജ്ജയും തോന്നിയില്ല)

ലോക്കൽ പോലീസിനെതിരെ ഉന്നത പോലീസുദ്യോഗസ്ഥർക്ക് നിവേദനം നൽകാനായി ഞാൻ തിരുവനന്തപുരത്തു ചെന്നു. അക്കൂട്ടത്തിൽ എന്റെ നിരപരാധിത്വവും ശത്രുക്കളുടെ ഗൂഢാലോചനയും തുറന്നുകാട്ടി തിരുവനന്തപുരത്ത് വാർത്താസമ്മേളനം നടത്തുകയും ചെയ്തു. എന്റെ വാർത്താ സമ്മേളനം ചാനലുകളിൽ കണ്ടതോടെ മുജാഹിദുകളും ജമാഅത്തെ ഇസ്‌ലാമിക്കാരും കൂടുതൽ പ്രകോപിതരായി. മുൻകൂർ ജാമ്യം ലഭിക്കും മുമ്പ് എന്നെ അറസ്റ്റ് ചെയ്യിക്കാൻ അവർ ആവത് ശ്രമിച്ചു. വാർത്താ സമ്മേളനം കഴിഞ്ഞ് ഞാൻ പോവുന്നത് പിന്തുടർന്ന ജമാഅത്തെ ഇസ്‌ലാമിക്കാർ എന്റെ താമസസ്ഥലം കണ്ടുപിടിച്ചു. തിരുവനന്തപുരം നഗരത്തിൽ നിന്നും പരിസര പ്രദേശങ്ങളിൽ നിന്നും പ്രവർത്തകരെ സംഘടിപ്പിച്ച് എന്നെ താമസസ്ഥലത്ത് വളഞ്ഞു വെക്കാനും പോലിസിൽ ഏൽപിക്കാനുമുള്ള നിക്കം നടക്കുന്നതായും എനിക്കു വിവരം ലഭിച്ചു. ഹജ്ജിന് പുറപ്പെടേണ്ടതിന്റെ തൊട്ടടുത്ത ദിവസമായിരുന്നു ഇത്.

പാസ്പോർട്ടടക്കമുള്ള യാത്രാരേഖകളും ഇഹ്റാമിനുള്ള തുണിയുമടക്കം ഹജ്ജ് യാത്രക്കു വേണ്ടതെല്ലാം എന്റെ കൈവശമായിരുന്നു. പോലീസ് തിരുവനന്തപുരത്തു നിന്ന് അറസ്റ്റുചെയ്താൽ ഹജ്ജ് യാത്ര മുടങ്ങുമെന്നുറപ്പ്. വ്യാജ പരാതിയാണെന്നറിഞ്ഞു തന്നെയാണ് പോലീസ് കേസ്സ് രജിസ്റ്റർ ചെയതത്. അതുകൊണ്ടു തന്നെ നിരപരാധിത്വം ബോധ്യപ്പെടുത്തിയാലൊന്നും പോലീസ് വിട്ടയക്കില്ല. തിരുവനന്തപുരത്തു നിന്ന് അറസ്റ്റ് ചെയ്ത് വണ്ടൂരിലെത്തിച്ച് പെരിന്തൽമണ്ണ കോടതിയിയിൽ ഹാജരാക്കാൻ രണ്ടു ദിവസമെടുക്കും.

അതിനിടക്ക് എനിക്കനുവദിക്കപ്പെട്ട ഹജ്ജ് വിമാനം ഞാനി ല്ലാതെ പുറപ്പെടും.

വല്ലാത്ത ദുർവിധി സങ്കടം മനസ്സിനേയും ശരീര ത്തേയും ആകെ തളർത്തി. ലബ്ബൈക്ക ചൊല്ലി ജനലക്ഷ ങ്ങൾ വലംവെക്കുന്ന തിരുകഅ്ബയും പച്ചഖുബ്ബ തല ഉയർത്തി നിൽക്കുന്ന തിരുനബിയുടെ റൗളാശരീഫും സങ്ക ടക്കടലിന്റെ മഹാ നോവായി മനസ്സിൽ തിരയടിച്ചു. റബ്ബേ, എന്തുചെയ്യും? ആര് രക്ഷിക്കും?

മുറിയിലിരുന്ന് ആലോചിക്കാൻ സമയമില്ല. പോലീ സിനേയും കൂട്ടി മുജാഹിദ്-ജമാഅത്തുക്കാർ ഇപ്പോൾ മുറി വളയും, അധികം ആലോചിച്ചില്ല. സാധനങ്ങൾ എല്ലാമെ ടുത്ത് മുറിക്കു പുറത്തിറങ്ങി. തമ്പാനൂർ ബസ്സ്റ്റാന്റിലേക്ക് ഓട്ടോ അന്വേഷിച്ചു മുറ്റത്തു നിൽക്കുന്നതിനിടെ ഒരാൾ എന്റെടുത്തു വന്നു.

“നേരത്തേ പത്രസമ്മേളനം നടത്തിയ ആളല്ലെ?” അയാൾ ചോദിച്ചു. തെല്ല് ആശങ്കയോടെ ഞാൻ അതെ യെന്നു പറഞ്ഞു. അദ്ദേഹം കൂടുതൽ ചോദിച്ചപ്പോൾ എല്ലാം വിശദീകരിച്ചു. ഹജ്ജ് യാത്രമുടങ്ങുന്നതിന്റെ സങ്കടം അദ്ദേഹത്തിനു ബോധ്യപ്പെട്ടു.

ശിവസേനയുടെ സംസ്ഥാന നേതാവ് ഭുവനചന്ദ്ര നായിരുന്നു അത്. അദ്ദേഹം എന്നെ സമാധാനിപ്പിച്ചു. സമയത്തിന് കരിപ്പൂർ വിമാനത്താവളത്തിൽ എത്തിക്കാ മെന്ന് ഉറപ്പു നൽകി. അൽപസമയത്തിനകം കുറച്ച് ആർ. എസ്.എസ്., ശിവസേനാ പ്രവർത്തകർ അവിടെയെത്തി. ശിവസേനയുടെ ചാരിറ്റി പ്രവർത്തനങ്ങൾക്കുപയോഗി ക്കുന്ന ഓമിനി വാനും എത്തി. ആ വാഹനത്തിൽ നേരെ കരിപ്പൂർ വിമാനത്താവളത്തിലെത്തിച്ചു. വിമാനത്താവള ത്തിലെത്തിയപ്പോൾ അറിഞ്ഞു. ഹൈക്കോടതിയിൽ നിന്ന്

മുൻകൂർ ജാമ്യം ലഭിച്ച വിവരം.

കൃത്യസമയത്ത് ഹജ്ജ് ക്യാമ്പിലെത്തിച്ച ശിവസേനാ നേതാവിനും ആർ.എസ്.എസ്.ആർ കാർക്കും നന്ദി പറഞ്ഞാണ് ഞാൻ ഹജ്ജിനു പുറപ്പെട്ടത്. എന്നെ പിന്തുടർന്ന് വേട്ടയാടിയ മുജാഹിദ്-ജമാഅത്തുകാർക്ക് നല്ല ബുദ്ധി തോന്നിക്കാനും ഞാൻ ഹജ്ജ് യാത്രയിൽ അല്ലാഹുവിനോട് പ്രാർത്ഥിച്ചു.

പക്ഷെ, ഞാൻ ഹജ്ജ് കഴിഞ്ഞെത്തിയിട്ടും അവരുടെ ശത്രുത മാറിയില്ല. വണ്ടൂരിലെ കേസ്സിൽ പോലീസിന് എന്റെ നിരപരാധിത്വം ബോധ്യപ്പെട്ട് അന്വേഷണം അവസാനിപ്പിച്ചെങ്കിലും പൂർവ്വാധികം ശത്രുതയോടെ ഇസ്ലാമിന്റെ പേരിലുള്ള പുത്തൻ വാദികൾ എന്നെ വേട്ടയാടിക്കൊണ്ടിരുന്നു.

# പള്ളിയിലെ വ്യഭിചാരം ഹലാലാക്കിയ മുജാഹിദ് നേതാവ്

കേരള നദ്‌വത്തുൽ മുജാഹിദീന്റെ
ഇന്നത്തെ അമരക്കാരനായിരുന്നു അന്ന്
കോളേജ് പ്രിൻസിപ്പാൾ. മുതിർന്ന ആൺ
കുട്ടികൾ പെൺകുട്ടികളെ പള്ളിയിൽ
കൊണ്ടുവന്ന് ലൈംഗീകവേഴ്ചക്കു വിധേ
യമാക്കിയ സംഭവം ദൃക്സാക്ഷികളായ
ജൂനിയർ വിദ്യാർത്ഥികൾ കോളേജ്
പ്രിൻസിപ്പാളിനെ വാക്കാൽ അറിയിച്ചു.
പക്ഷേ അത് ന്യായീകരിക്കുകയാണ്
അദ്ദേഹം ചെയ്തത്.

**അ**ല്ലാഹുവും തിരുദൂതരും ഹലാലാക്കിയതിനെ ഹറാമാക്കുന്നതിലും ഹറാമാക്കിയതിനെ ഹലാലാക്കുന്നതിലുമുള്ള വഹാബികളുടെ വിരുതാണ് അക്കൂട്ടരെ ഇസ്ലാമിക പൊതുധാരയിൽ നിന്ന് ഒറ്റപ്പെടുത്തിയത്. വിശുദ്ധഖുർആനിലും പ്രവാചകാധ്യാപനങ്ങളിലും കൂട്ടിച്ചേർക്കലുകളും വെട്ടിച്ചുരുക്കലും നടത്തി ഇസ്ലാമിക ശരീഅത്തിനെ വികലമാക്കാനുള്ള വഹാബീ ഗൂഢനീക്കങ്ങൾ ഇതിനകം ആധികാരികമായി തെളിയിക്കപ്പെട്ടതുമാണ്.

ഇസ്ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളെ അവസരവാദപരമായി തള്ളിപ്പറയുകയും ഭൗതികനേട്ടങ്ങൾക്കായി ദുർവ്യാഖ്യാനിക്കുകയും ചെയ്യുന്ന വഹാബികൾക്ക് മതത്തിൽ എന്തുതോന്ന്യാസവുമാവാമെന്ന് അവർതന്നെ തെളിയിച്ചിട്ടുള്ളതാണ്. ഇത്തരം നീചകൃത്യങ്ങൾ തുറന്നുകാട്ടു

ന്നതിന്റെ പേരിലാണ് സുന്നി പണ്ഡിതരും സുന്നീസമൂഹവും വഹാബികളുടെ കണ്ണിൽ കരടായി മാറിയത്.

ഈ വിനീതനോടുള്ള മുജാഹിദ് ശത്രുതയുടെ അടിവേര് ചെന്നെത്തുന്നതും സമാനമായ കാരണങ്ങളിലാണ്. ലഭ്യമാവുന്ന വേദികളിലൊക്കെ വഹാബികളുടെ പൊയ്മുഖം വലിച്ചുകീറാൻ ശ്രമിച്ചത് എന്നെ അവരുടെ പ്രഖ്യാപിത ശത്രുവാക്കി.

ഞാൻ മുജാഹിദ് നിയന്ത്രണത്തിലുള്ള മലപ്പുറം എടവണ്ണ ജാമിഅയിൽ അഫ്ദലുൽ ഉലമക്കു പഠിക്കുന്ന കാലം. കോളേജ് ക്യാംപസിൽ ആൺകുട്ടികളുടെ ഹോസ്റ്റലിൽ നിന്ന് ഏതാണ്ട് അര കി.മീ. മാറിയായിരുന്ന പെൺകുട്ടികളുടെ ഹോസ്റ്റൽ. സ്ത്രീവാദത്തിന്റെ പേരിൽ മതത്തിൽ പരിഷ്ക്കരണം കൊണ്ടു വന്ന കൂട്ടരായതിനാൽ ക്യാംപസിലെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമിടയിൽ കാര്യമായ നിയന്ത്രണങ്ങളൊന്നുമില്ലായിരുന്നു. അവരവരുടെ ബോധത്തിനനുസരിച്ച് അവരവർ തന്നെ സ്വയം സൂക്ഷിക്കേണ്ട അവസ്ഥ.

മാനേജുമെന്റിന്റെ കെട്ടുകാര്യസ്ഥത കാരണം സ്ഥാപനത്തിന്റെ അവസ്ഥ പരമശോചനീയമായിരുന്നു. മൂട്ടശല്ല്യം കൊടുമ്പിരികൊണ്ടതോടെ അന്തേവാസികളുടെ പ്രതിഷേധം കനത്തു. മരുന്ന് തളിക്കാനും ശുചീകരിക്കാനുമായി ഒടുവിൽ ബോയ്സ് ഹോസ്റ്റൽ അടച്ചതോടെ ആൺകുട്ടികളുടെ കിടപ്പ് ക്യാംപസിൽ തന്നെയുള്ള മസ്ജിദിന്റെ മുകൾ തട്ടിലേക്കുമാറ്റി. ഇതിനിടെ, ഗേൾസ് ഹോസ്റ്റലിലെ ചില പെൺകുട്ടികളെ സീനിയർ ആൺകുട്ടികൾ പള്ളിയുടെ മുകൾതട്ടിലെ അവരുടെ താമസസ്ഥലത്തു കൊണ്ടുവന്ന് പൊറുപ്പിക്കുന്നത് ജൂനിയർ ആണകുട്ടികൾ കണ്ടു. സംഗതി വലിയ വിവാദവുമായി.

കേരള നദ്‌വത്തുൽ മുജാഹിദീന്റെ ഇന്നത്തെ അമരക്കാരനായിരുന്നു അന്ന് കോളേജ് പ്രിൻസിപ്പാൾ. മുതിർന്ന ആൺകുട്ടികൾ പെൺകുട്ടികളെ പള്ളിയിൽ കൊണ്ടുവന്ന് ലൈംഗീക വേഴ്ചക്കു വിധേയമാക്കിയ സംഭവം ദൃക്സാക്ഷികളായ ജൂനിയർ വിദ്യാർത്ഥികൾ കോളേജ് പ്രിൻസിപ്പാളിനെ അറിയിച്ചു. വാക്കാൽ അറിയിച്ചതിനു പുറമേ ഞാൻ രേഖാമൂലവും പരാതി നൽകി. എന്നാൽ ആരോപണ വിധേയരായ വിദ്യാർത്ഥി-വിദ്യാർത്ഥിനികളെ വ്യക്തമായി ചൂണ്ടിക്കാട്ടിയും കോളേജ് മാനേജ്മെന്റ് യാതൊരു നടപടിയും സ്വീകരിച്ചില്ല. എന്നുമാത്രമല്ല, ഒരു സ്ഥാപനമാവുമ്പോൾ ഇങ്ങനെയൊക്കെ നടക്കുമെന്ന് ന്യായീകരിച്ച് പള്ളിയിലെ വ്യഭിചാരത്തെ ഹലാലാക്കുന്നതരത്തിലുള്ള പ്രതികരണമാണ് കോളേജ് പ്രിൻസിപ്പാളായ മുജാഹിദ് നേതാവിൽ നിന്ന് ഉണ്ടായത്.

കോളേജ് മാനേജ്മെന്റിന്റെ മാപ്പർഹിക്കാത്ത നിലപാടിൽ പ്രതിഷേധിച്ച് ഞാനടക്കം നാലുവിദ്യാർത്ഥികൾ പഠനം നിർത്തി സ്ഥാപനം വിട്ടു. പിന്നീട് മുജാഹിദ് നേതൃത്വത്തിന്റെ ശ്രദ്ധയിൽപ്പെടും വിധം ആ സംഭവം പലവേദികളിലും ഞങ്ങൾ ഉന്നയിച്ചുവെങ്കിലും സംഘടനയും നേതാക്കളും കണ്ണടക്കുകയായിരുന്നു.

# ‘മാധ്യമ’ ഭീകരതയുടെ കാണാപ്പുറങ്ങൾ

**‘മാധ്യമ’ ത്തിന്റെ ആവിർഭാവ ലക്ഷ്യം തന്നെ ഫിത്നയും ഫസാദുമാണെന്ന് സാക്ഷ്യപ്പെടുത്തുന്ന ഒട്ടേറെ തെളിവുകളും ആ പത്രപ്രവർത്തക സുഹൃത്ത് എനിക്കു കൈമാറി. പെരും നുണകളും അർധസത്യങ്ങളും അപവാദങ്ങളും പ്രവചരിപ്പിച്ച് ‘മാധ്യമം’ തകർക്കുകയും തകർക്കാൻ ശ്രമിക്കുകയും ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടേയും സ്ഥാപനങ്ങളുടേയും നേതാക്കളുടേയും വ്യക്തികളുടേയും സംരംഭങ്ങളുടേയും പട്ടിക വളരെ നിണ്ടതാണെന്ന് പിന്നീടുള്ള എന്റെ അന്വേഷണത്തിലും ബോധ്യപ്പെട്ടു.**

2009-ലെ എന്റെ ഹജ്ജ്‌യാത്ര മുടക്കാനുള്ള ഗൂഢാലോചനയുടെ ഭാഗമായിരുന്നു വണ്ടൂരിലെ കള്ളക്കേസെന്ന് പിന്നീട് വ്യക്തമായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ തടസ്സങ്ങളൊക്കെ അതിജീവിച്ച് ഹജ്ജിനുപോയി വന്ന ഞാൻ അറബി മാന്ത്രിക ചികിത്സാ രംഗത്ത് പൂർവ്വാധികം സജീവമാവുകയും പൂട്ടിക്കിടന്ന സാന്ത്വനം സെന്ററുകൾ പുനരാരംഭിക്കുകയും ചെയ്തു.

ഞാൻ ഹജ്ജിനുപോയ വേളയിൽ ശത്രുക്കൾ അടങ്ങിയിരുന്നില്ല. ജമാഅത്ത്-മുജാഹിദ് ഗൂഢാലോചന വിവിധ തലങ്ങളിലേക്ക് വ്യാപിക്കുകയും എനിക്കെതിരെ അപവാദങ്ങളുടെ പുകമറ പരത്തുകയും ചെയ്യുകയായിരുന്നു പ്രതിയോഗികൾ.

ജമാഅത്തെ ഇസ്‌ലാമിയുടെ ഉടമസ്ഥതയിലുള്ള മാധ്യമം ദിനപ്പത്രമാണ് ശത്രുക്കൾക്ക് എന്നെ വേട്ടയാടാനുള്ള പശ്ചാത്തല സൗകര്യമൊരുക്കിയത്. കല്ലുവെച്ച നുണകളുമായി ആ പത്രം എനിക്കെതിരെ ആക്രമണോത്സുകമായി രംഗത്തു വന്നു. അപസർപ്പക കഥകളുമായാണ് ജമാഅത്തു പത്രം ഓരോ ദിവസവും എന്റെ പരിസരങ്ങളിൽ വായനാക്കാരെ തേടിയെത്തിയത്. ഉന്നതപോലീസുദ്യോഗസ്ഥരുടെ തോഴൻ, ഭരണാധികാരികളുടേയും രാഷ്ട്രീയ നേതാക്കളുടേയും ഡമ്മി, മുപ്പതിലധികം ആഡംബരവാഹനങ്ങളുടെ ഉടമ, വൻനഗരങ്ങളിൽ കോടികളുടെ ഫ്ളാറ്റുകൾ, ഗ്രാമങ്ങളിൽ ബിനാമി പേരിൽ ഏക്കർ കണക്കിനു ഭൂമി, സ്വന്തമായി ക്വട്ടേഷൻ-ഗുണ്ട, സംഘങ്ങൾ തുടങ്ങിയ ആരോപണങ്ങളാണ് 'മാധ്യമം' എനിക്കെതിരെ പടച്ചുവിട്ടത്.

(സാന്ദർഭികമായി പറയട്ടെ; ഈ 'മാധ്യമ'നുണകൾ ഒരർത്ഥത്തിൽ എനിക്കു ഗുണമായി ഭവിക്കുകയും ചെയ്തു. കേസ്സുനടത്താനോ പൂട്ടിക്കിടന്ന സ്ഥാപനങ്ങൾ തുറക്കാനോ കയ്യിൽ പണവും പണയം വെക്കാൻ ഒരുതരി സ്വർണ്ണവും ഈടുവക്കാൻ 10 സെന്റ് ഭൂമിയും സ്വന്തമായില്ലാതിരിക്കെ 'മാധ്യമം' നുണകളിൽ ഞാൻ അതിസമ്പന്നനായി അവതരിപ്പിക്കപ്പെട്ടതോടെ കടം തന്നു സഹായിക്കാൻ ഒട്ടേറെപ്പേരുണ്ടായി. ജമാഅത്ത് പത്രത്തിന്റെ അപവാദകഥകളിലൂടെ ഞാൻ കൂടുതൽ അറിയപ്പെട്ടതോടെ എന്നെ സഹായിക്കാനും സംരഭങ്ങൾ വികസിപ്പിക്കാനും പലരുമെന്നെ സമീപിക്കുകയും ഞാനത് പ്രയോജനപ്പെടത്തുകയും ചെയ്തു.)

'മാധ്യമം' പത്രത്തിന്റെ നിരന്തര വേട്ടയാടൽ ആദ്യമാദ്യം എന്നെ വല്ലാതെ വേദനിപ്പിച്ചു. പത്രത്തിൽ വരുന്ന

തൊക്കെ ആപ്തവാക്യ മായികരുതുന്ന ശുദ്ധഗതിക്കാർക്കിടയിൽ ഞാൻ തെറ്റിദ്ധരിക്കപ്പെടുമെന്ന ആശങ്ക മാത്രമല്ല എന്നെ അലട്ടിയത്. ആടിനെ പട്ടിയായി അവതരിപ്പിക്കപ്പെടുമ്പോഴുള്ള നിസ്സഹായതയും സങ്കടവും അനുഭവിച്ചുതന്നെ അറിയണം. ഒരു പത്രസ്ഥാപനത്തിനെതിരെ ഒരു വ്യക്തി എന്ന നിലയിൽ എനിക്കെന്തുചെയ്യാനാവും. അപകീർത്തികരമായ വാർത്തകൾക്കെതിരെ നിയമനടപടി സ്വീകരിക്കാം. പക്ഷെ, അതുകൊണ്ട് സമൂഹത്തിലുണ്ടാവുന്ന തെറ്റിദ്ധാരണകളൊക്കെയും മാറിക്കിട്ടുമോ? നിയമനടപടിയുടെ ഭാഗമായി വ്യക്തിക്കെതിരായ ആരോപണങ്ങളിൽ പത്രം ഖേദം പ്രകടിപ്പിച്ചാൽ തന്നെ അതെത്ര വായനക്കാർ കാണും. (ആ അഭിശപ്ത ഘട്ടത്തിലാണ് ഇങ്ങനെയൊരു പുസ്തകമെഴുതി ലോകത്തോട് എന്നെങ്കിലും സത്യം വിളിച്ചു പറയണമെന്ന ചിന്ത എന്റെ മനസ്സിൽ ആദ്യം മുളപൊട്ടിയത്. അല്ലാഹുവിനു സ്തുതി.)

എനിക്കെതിരായ മാധ്യമം ദിനപ്പത്രത്തിന്റെ ആസൂത്രിത നീക്കം എന്റെ മിത്രങ്ങളേയും ഗുണകാംക്ഷികളേയും ഏറെ അലോസരപ്പെടുത്തി. അക്കൂട്ടത്തിൽപ്പെട്ട സാമൂഹിക-സാംസ്കാരിക പ്രമുഖരും പോലിസുദ്യോഗസ്ഥരും മാധ്യമ പ്രവർത്തകരുമൊക്കെ എനിക്ക് ആത്മധൈര്യം പകരുകയും ചെയ്തു. അങ്ങനെയിരിക്കെ, വയനാട്ടുകാനായ കോഴിക്കോട്ട് പ്രവർത്തിക്കുന്ന ഒരു മാധ്യമ പ്രവർത്തനകൻ ഒരു ദിവസം എന്നെക്കാണാൻ വന്നു. 'മാധ്യമം' വാർത്തകളിലൂടെ കേട്ടറിഞ്ഞ, അതിസമ്പന്നനും തട്ടിപ്പുകാരനും ഉപജാപകനും ഗുണ്ടാത്തലവനുമൊക്കെയായ ഞാനെന്ന 'വിവാദമാന്ത്രിക' നെ നേരിൽ കാണുകയായിരുന്ന അദ്ദേഹത്തിന്റെ ആഗമനോദ്ദേശം. ഞങ്ങൾ കണ്ടു; പരിചയപ്പെട്ടു. ദീർഘനേരം സംസാരിച്ചു. എന്റെ പരിസര യാഥാർത്ഥ്യ

ങ്ങൾക്കൊപ്പം 'മാധ്യമം' നുണകളുടെ ആഴവും അദ്ദേഹ ത്തിനു ബോധ്യമായി.

'മാധ്യമ' വുമായി തുടക്കത്തിൽ അടുത്ത ബന്ധ വുമുണ്ടായിരുന്ന ആ പത്രപ്രവർത്തകൻ ആ പത്രത്തിന്റെ അത്യന്തം പ്രതിലോമപരമായ നിലപാടുകളെക്കുറിച്ചും മുസ്ലിം സമുദായത്തിനകത്തും പുറത്തും 'മാധ്യമം' ഉണ്ടാ കുന്ന അനർത്ഥങ്ങളെക്കുറിച്ചും വിശദമായി സംസാരിച്ചു. 'മാധ്യമ' ത്തിന്റെ ആവിർഭാവ ലക്ഷ്യം തന്നെ ഫിത്നയും ഫസാദുമാണെന്ന് സാക്ഷ്യപ്പെടുത്തുന്ന ഒട്ടേറെ തെളിവു കളും ആ പത്രപ്രവർത്തക സുഹൃത്ത് എനിക്കു കൈമാറി. പെരും നുണകളും അർധസത്യങ്ങളും അപവാദങ്ങളും പ്രവചരിപ്പിച്ച് 'മാധ്യമം' തകർക്കുകയും തകർക്കാൻ ശ്രമി ക്കുകയും ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഇസ്ലാമിക പ്രസ്ഥാനങ്ങളുടേയും സ്ഥാപനങ്ങളുടേയും നേതാക്കളുടേയും വ്യക്തികളുടേയും സംരംഭങ്ങളുടേയും പട്ടിക വളരെ നീണ്ടതാണെന്ന് പിന്നീടുള്ള എന്റെ അന്വേ ഷണത്തിലും ബോധ്യപ്പെട്ടു.

# ‘മാധ്യമം’ എന്ന പൊതുശത്രു

**കഴിഞ്ഞ കാൽനൂറ്റാണ്ടിനിടെ മുസ്‌ലിം സമുദായത്തിൽ സംജാതമായ പിളർപ്പുകളുടേയും ശൈഥില്യത്തിന്റേയും തീവ്രവാദത്തിന്റെയും ചാലക ശക്തിയായി പ്രവർത്തിച്ചത് ‘മാധ്യമം’ ദിനപത്രമാണ്. സമസ്ത പിളർപ്പ് മുസ്‌ലിം ലീഗിലെ പിളർപ്പ്, കേരളനദ്പത്തുൽ മുജാഹിദീനിലെ പിളർപ്പ് തുടങ്ങിയവിൽ കൗശലക്കാരനായ കുറുക്കന്റെ റോളിൽ സമുദായത്തിന്റെ ചുടുചോര കുടിച്ച് കൊഴുക്കുകയായിരുന്നു പത്രം**

എൺപതുകളിൽ കൊടുമ്പിരിക്കൊണ്ട ശരീഅത്ത് വിവാദം. ഇസ്‌ലാമിക ശരീഅത്ത് കാടൻ സമ്പ്രദായമാണെന്ന ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ വിവാദപരാമർശം ഏറ്റെടുത്ത മുഖ്യധാരാ മാധ്യമങ്ങൾ മതത്തെ ഏകപക്ഷീയമായി വിചാരണ ചെയ്തു. ആരോപണങ്ങളുടെ പെരുമഴ. സാംസ്കാരിക നായകരും ബുദ്ധിക്കുജീവികളുമൊക്കെ ഇസ്‌ലാമിനെ കടന്നാക്രമിച്ചു.

ഇസ്‌ലാമിന്റെ പക്ഷം പൊതുസമൂഹത്തിൽ അവതരിപ്പിക്കാൻ വേദികൾ ഇല്ലാതെ പോയി. ''ഒന്നും കെട്ടും നാലും കെട്ടും ഇ.എം.എസിന്റെ മോളേം കെട്ടും'' എന്ന് തെരുവിൽ മുദ്രാവാക്യം മുഴക്കി നടന്ന ചില സംഘടനകളുടെ ചെയ്തികൾ പൊതുസമൂഹത്തിൽ മതത്തെ കൂടുതൽ അവമതിക്കാനേ ഉപകരിച്ചുള്ളൂ.

ആ സാഹചര്യത്തിലാണ് 'മാധ്യമം' ദിനപ്പത്രത്തെക്കുറിച്ചുള്ള ആലോചനകൾ ഉടലെടുത്തത്. പൊതുസമൂഹത്തിനു മുമ്പിൽ ശരീഅത്തിനെ ശരിയായി അവതരിപ്പിക്കാനും മതവിരുദ്ധരുടെ ആരോപണങ്ങളെ വസ്തുതാപരമായി പ്രതിരോധിക്കാനുമാണ് പുതിയ പത്രമെന്നാണ് അണിയറക്കാരായ ജമാഅത്തെ ഇസ്‌ലാമിക്കാർ ആദ്യം അവകാശപ്പെട്ടിരുന്നത്. ജമാഅത്ത് കേരളഘടകത്തിന്റെ നിയന്ത്രണത്തിൽ ഐഡിയൽ പബ്ലിക്കേഷൻസ് ട്രസ്റ്റ് നിലവിൽ വന്നു. അന്നത്തെ ജമാഅത്ത് സാരഥിയായിരുന്ന ടി.കെ. അബ്ദുല്ലയുടെ അധ്യക്ഷതയിൽ ഒ. അബ്ദുല്ലയുടെ ചേന്ദമംഗലൂരിലെ വീട്ടിലിരുന്നാണ് 'മാധ്യമം' ത്തിന്റെ ആദ്യ നയരൂപവൽക്കരണയോഗം നടന്നത്.

1987 ൽ കോഴിക്കോട് വെള്ളിമാടുകുന്നിൽ വച്ച് മാധ്യമ പ്രസിദ്ധീകരണം ആരംഭിച്ചു. കടുത്ത സുന്നിവിരോധിയും പത്രത്തിന്റെ അസോസിയേറ്റ് എഡിറ്ററുമായിരുന്ന ഒ. അബ്ദുല്ല എഴുതിയ പ്രഥമ മുഖപ്രസംഗത്തിൽ തന്നെ 'മാധ്യമ' ത്തിന്റെ സുന്നിവിരോധമെന്ന ഒളിയജണ്ട മറനീങ്ങി. ശരീഅത്ത പാടെ അപരിഷ്കൃതമാണെന്നാരോപിച്ച് മതവിരോധികൾ തെരുവിൽ ഉറഞ്ഞു തുള്ളുമ്പോൾ സുന്നികൾ നടത്തുന്ന നേർച്ചകളും മറ്റും അനാചാരമാണെന്ന് ദുർവ്യാഖ്യാനിച്ച് എരിതീയിൽ എണ്ണയൊഴിക്കുന്ന സമീപനമാണ് മാധ്യമം സ്വീകരിച്ചത്. തൊട്ടുപിന്നാലെ ഒ. അബ്ദുല്ലയുടെ സഹോദരനും എഡിറ്റർ ഇൻചാർജുമായ ഒ. അബ്ദുർറഹ്മാന്റെ വക ഇമാം അബൂഹുറൈറയെ നീചമായി അവതരിപ്പിച്ചുകൊണ്ടുള്ള ലേഖനവും പുറത്തുവന്നു.

'മാധ്യമം' പ്രസിദ്ധീകരണമാരംഭിച്ച കാലയളവിൽ നടന്ന പട്ടിക്കാട് ജമിഅ, കാരന്തൂർ മർകസ് സമ്മേളനങ്ങളെ വികലമായവതരിപ്പിച്ച 'മാധ്യമം' ഒറ്റപ്പെട്ടസംഭവങ്ങൾ

ഉയർത്തിക്കാട്ടി സുന്നിപണ്ഡിത സമൂഹത്തെ അവഹേളി ക്കുന്നതിൽ മത്സരിച്ചു. ഇഹ്യാഉലൂമുദ്ദീൻ എന്ന വിഖ്യാത ഗ്രന്ഥത്തിൽ ഒരു സുന്നി മുസ്ല്യാർ സ്വർണ്ണം ഒളിപ്പിച്ചു കട ത്തിയെന്ന വാർത്ത വൻവിവാദത്തിനാണു തിരി കൊളുത്തിയത്.

ജമാഅത്തെ ഇസ്ലാമിയുടെ പത്രം എന്ന നിലയ്ക്ക് പൊതുസമൂഹം കൽപിച്ച അസ്പൃശ്യത അതിജീവിക്കാനും എതിർവായനയിലൂടെ സമുദായത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റാ നുമായി മുസ്ലിം സമുദായത്തിലെ പ്രബല സംഘടന കൾക്കും സ്ഥാപനങ്ങൾക്കും നേതാക്കൾക്കുമെതിരായ വാർത്തകൾക്ക് പ്രാധാന്യം നൽകുന്ന കുതന്ത്രമാണ് 'മാധ്യമം' പ്രയോഗിച്ചു കൊണ്ടിരുന്നത്.

എൺപതുകളുടെ അവസാനം സമസ്തകേരള ജംഇ യ്യത്തുൽ ഉലമ (സമസ്ത)യിൽ സംഭവിച്ച നിർഭാഗ്യകരമായ പിളർപ്പിൽ ഇ.കെ. പക്ഷത്ത് നിലയുറപ്പിക്കുക വഴി 'മാധ്യമം' മഹല്ലുകളിൽ സംഘർഷത്തിനു ആക്കം കൂട്ടി. ചേകന്നൂർ മൗലവി തിരോധാനത്തിന്റേയും ഒ. രാജഗോപാലിന്റെ മാർകസ് സന്ദർശനത്തിന്റേയും അരീക്കാട് പള്ളി വിവാദ ത്തിന്റേയുമൊക്കെ പേരിൽ കാന്തപുരത്തെ ക്രൂരമായി വേട്ട യാടിയ ജമാഅത്ത് പത്രം അതുവഴി ഇ.കെ.സുന്നികൾക്കിട യിൽ വിപണന സാധ്യത വർദ്ധിപ്പിച്ചു.

എന്നാൽ, ജമാഅത്തിന്റെ രാഷ്ട്രീയ നിലപാടുകൾ മുസ്ലീം ലിഗിന് അംഗീകരിക്കാൻ കഴിയാതെ വന്നതോടെ ഇ.കെ. സുന്നി-മാധ്യമ ബന്ധം തകർന്നു. അതോടെ, പാണ ക്കാട് കൊടപ്പനക്കൽ കുടുംബത്തെ കടന്നാക്രമിക്കുന്ന തല ത്തിലെത്തി ജമാഅത്ത് പത്രം. മലയാളത്തിൽ മാത്രമല്ല, ദേശീയ -അന്തർദേശീയ പ്രസിദ്ധീകരണങ്ങൾ പോലും പാണക്കാട് തങ്ങന്മാരുടെ പേരിനൊപ്പം സയ്യിദ് എന്നു ചേർക്കുന്നത് പതി വാണ്. എന്നാൽ, ഇടക്കാലത്ത് പത്രാധിപമേധാവിയുടെ

ഒരു പ്രത്യേക സർക്കുലർ പാണക്കാട് തങ്ങന്മാരുടെ പേരി നൊപ്പം 'സയ്യിദ്' എന്ന് ചേർക്കരുതെന്ന നിർദ്ദേശിച്ചു. അതി പ്പോഴും തുടരുന്നു. പ്രവാചക കുടുംബത്തോടുള്ള 'മാധ്യമം' വിരോധത്തിന് ഇതിൽപ്പരം എന്തുതെളിവു വേണം?

മുസ്‌ലിം ലീഗിനെ ആക്രമിക്കാനുള്ള ആയുധമാ യാണ് 'മാധ്യമം' അബ്ദുന്നാസിർ മഅ്ദനിയെ വളർത്തി കൊണ്ടു വന്നത്. മഅ്ദനിയുടെ തീതുപ്പുന്ന പ്രസംഗങ്ങൾ മറ്റു പത്രങ്ങൾ അവഗണിച്ചപ്പോൾ 'മാധ്യമം' അതിന് ആവേ ശത്തോടെ അച്ചുനിരത്തി. മഅ്ദനിയിലൂടെ മുസ്‌ലിം സമു ദായത്തിന്റെ വികാരം ഉദ്ദീപിപ്പിച്ച് പത്രം അത് വിറ്റ് കാശാ ക്കുകയായിരുന്നു. ലീഗിനെതിരെ മഅ്ദനിയേയും ഒപ്പം സുലൈമാൻ സേട്ടിനേയും തോളിലേറ്റി മുസ്‌ലിം രാഷ്ട്രീയശക്തി ശിഥിലമാക്കിയ മാധ്യമം ഒട്ടേറെ യുവാ ക്കളെ തീവ്രവാദചിന്തകളിലേക്ക് എടുത്തെറിയുകയും ചെയ്തു. സുലൈമാൻ സേട്ടിനെ ലീഗിൽ നിന്ന് അടർത്തി മാറ്റി.

ഒടുവിൽ, മഅ്ദനി ജയിലിലും സുലൈമാൻ സേട്ട് പെരുവഴിയിലുമായപ്പോൾ 'മാധ്യമം' അവരെ നിർദ്ദയം കൈവിട്ടു. കോയമ്പത്തൂർ ജയിലിലായിരുന്ന മഅ്ദനിയെ സഹായിക്കാൻ മുകുന്ദൻ സി. മേനോന്റെ നേതൃത്വത്തിൽ നിയമസഹായവേദി നിലവിൽ വന്നപ്പോൾ അതിന്റെ പര സ്യം പ്രസിദ്ധീകരിക്കാൻ മാധ്യമം തയ്യാറായില്ല. പൊതു സമൂഹത്തിൽ തെറ്റിദ്ധാരണയുണ്ടാവുമെന്ന ന്യായം പറ ഞ്ഞാണ് 'മാധ്യമം' മഅ്ദനി ജയിലിൽ നേരിട്ട കൊടും പീഡനങ്ങൾക്കു നേരെ മുഖം തിരിച്ചത്.

കഴിഞ്ഞ കാൽനൂറ്റാണ്ടിനിടെ കേരളത്തിലെ മുസ്‌ലിം സമുദായത്തിൽ സംജാതമായ പിളർപ്പുകളുടേയും ശൈഥില്യത്തിന്റേയും തീവ്രവാദത്തിന്റെയും ചാലകശക്തി

യായി പ്രവർത്തിച്ചത് 'മാധ്യമം' ദിനപത്രമാണ്. സമസ്ത പിളർപ്പ് മുസ്‌ലിം ലീഗിലെ പിളർപ്പ്, കേരളനദ്‌വത്തുൽ മുജാഹിദീനിലെ പിളർപ്പ് തുടങ്ങിയവിൽ കൗശലക്കാരനായ കുറുക്കന്റെ റോളിൽ സമുദായത്തിന്റെ ചുടുചോര കുടിച്ച് കൊഴുക്കുകയായിരുന്നു ജമാഅത്തെ ഇസ്‌ലാമിയുടെ പത്രം.

മൂല്യാധിഷ്ഠിത പത്രപ്രവർത്തനമെന്ന മുഖംമൂടിയണിഞ്ഞ് പത്രത്തിന്റെ തലപ്പത്തുണ്ടായിരുന്ന ഒ. അബ്ദുല്ലയെപ്പോലുള്ളവർ അവരുടെ വ്യക്തിതാൽപര്യം സംരക്ഷിക്കുകയും വിരോധം തിർക്കുകയുമായിരുന്നു ചെയ്തുകൊണ്ടിരുന്നത്. അതിനായി വഴിവിട്ടതും ജുഗുപ്സാവഹവുമായ നീക്കങ്ങൾ നടത്താനും അവർ മടിച്ചില്ല.

കോഴിക്കോട് വെള്ളിമാടകുന്നിലെ ജെ.ഡി.റ്റി ഇസ്‌ലാം സ്ഥാപനങ്ങൾക്കെതിരെ മാധ്യമം നടത്തിയ ഹീനമായ അപവാദ പ്രചാരണം തുല്യതയില്ലാത്തതാണ്. ജെ.ഡി.റ്റിയുടെ സ്ഥാപകനായിരുന്ന ഹസൻഹാജിയോടുള്ള ഒ. അബ്ദുല്ലയുടെ വ്യക്തി വിരോധമായിരുന്നു കാരണം. പത്രാധിപ കസേരയിലുണ്ടായിരുന്ന ഒ. അബ്ദുർറഹ്മാൻ പോലുമറിയാതെയാണ് ജെ.ഡി.റ്റിക്കെതിരായ പരമ്പര മാധ്യമത്തിൽ പ്രസിദ്ധീകരണം ആരംഭിച്ചത്. പത്രത്തിൽ നിന്ന് ഒ. അബ്ദുല്ലയെ പുറത്താക്കാനുള്ള കാരണങ്ങളിൽ ഒന്ന് അതായിരുന്നു.

# ‘മാധ്യമ’ത്തിന് ഹറാം; ‘ഗൾഫ് മാധ്യമ’ത്തിന് ഹലാൽ

**‘മാധ്യമ’ത്തിന് ഹറാമായ എന്റെ പരസ്വം ഗൾഫ് മാധ്യമത്തിന് ഹലാലാവുന്നതെങ്ങിനെയെന്ന എന്റെ ചോദ്യത്തിനു മുമ്പിൽ ഉത്തരം മുട്ടിയവർ കൂടുതലൊന്നും പറയാതെ സ്ഥലം വിടുകയായിരുന്നു. എന്റെ ചോദ്യത്തിന് സ്വയം ഉത്തരം തിരഞ്ഞപ്പോഴാണ് ‘മാധ്യമ’ത്തിന്റെ മൂല്യാധിഷ്ഠിത മുഖം മൂടിക്കുള്ളിലെ കുറേയേറെ യാഥാർത്ഥ്യങ്ങൾ മറനീങ്ങിയത്.**

വണ്ടൂരിൽ ഞാൻ ആരംഭിച്ച സാന്ത്വനം കൗൺസിലിംങ്ങ് സെന്ററിന്റെ പ്രവർത്തനം സജീവമായി മുന്നേറുന്നതിനിടെ പല പത്രസ്ഥാപനങ്ങളും പരസ്യത്തിനായി സമിപിച്ച കാര്യം മേൽ സൂചിപ്പിച്ചിരുന്നുവല്ലോ. അങ്ങനെയിരിക്കെ ഒരു ദിവസം 'മാധ്യമ'വുമായി ബന്ധപ്പെട്ട ആളുകൾ സ്ഥാപനത്തിൽ വന്നു. 'ഗൾഫ് മാധ്യമ'ത്തിൽ ഒരു പരസ്യം നൽകണമെന്നായിരുന്നു അവരുടെ അഭ്യർത്ഥന. ഇടത്തരം സൈസിലുള്ള പരസ്യത്തിന് 50,000 രൂപയുടെ താരിഫാണ് നൽകിയത്.

നേരത്തെ ചില പത്രങ്ങൾ പ്രാദേശികമായി പരസ്യം വാങ്ങിയ കൂട്ടത്തിൽ മാധ്യമം ഏജന്റും വണ്ടൂരിലെ എന്റെ സ്ഥാപനത്തിന്റെ പരസ്യം സ്വീകരിച്ചിരുന്നു. എന്നാൽ, 'മാധ്യമ'ത്തിൽ ആ പരസ്യം വന്നു കണ്ടില്ല. അക്കാര്യം ഏജന്റിനോട് അന്വേഷിച്ചു. "അന്ധവിശ്വാസങ്ങൾ പ്രോത്സാ

ഹിപ്പിക്കുന്ന ഇത്തരം പരസ്യങ്ങൾ മാധ്യമം പ്രസിദ്ധീക രിക്കില്ലെന്ന് വെള്ളിമാടുകുന്നിൽ നിന്നറിയിച്ചു'' എന്നാണ് മാധ്യമം ഏജന്റ് അന്ന് വിശദീകരിച്ചത്.

ഈ സംഭവം മനസ്സിലുള്ള ഞാൻ പരസ്യം ആവശ്യ പ്പെട്ടു സമീപിച്ച ഗൾഫ് മാധ്യമം പ്രതിനിധികൾക്കു മുമ്പിൽ ഒരു ഉപാധി വെച്ചു. ഗൾഫ് മാധ്യമത്തിനു മാത്ര മായി പരസ്യം നൽകാനാവില്ലെന്നും കേരളത്തിലെ 'മാധ്യമ' ത്തിൽ കൂടി പ്രസിദ്ധീകരിക്കുക യാണെങ്കിൽ പരസ്യ ത്തിന്റെ കാര്യം ആലോചിക്കാമെന്നും ഞാൻ അറിയിച്ചു. അവർ പരുങ്ങി. മാധ്യമത്തിൽ പറ്റില്ല; ഗൾഫ് മാധ്യമത്തിൽ ചെറിയ ഇളവോടെ പ്രാധാന്യത്തോടെ പരസ്യം പ്രസിദ്ധീ കരിക്കാമെന്നായി അവർ. കേരളത്തിലെ 'മാധ്യമ'ത്തിൽ ഇത്തരം പരസ്യങ്ങൾ പ്രസിദ്ധീകരിക്കാറില്ലെന്ന പഴയ മറു പടി ആവർത്തിക്കപ്പെട്ടു.

'മാധ്യമ'ത്തിന് ഹറാമായ എന്റെ പരസ്യം ഗൾഫ് മാധ്യമത്തിന് ഹലാലാവുന്നതെങ്ങിനെയെന്ന എന്റെ ചോദ്യത്തിനു മുമ്പിൽ ഉത്തരം മുട്ടിയവർ കൂടുതലൊന്നും പറയാതെ സ്ഥലം വിടുകയായിരുന്നു. എന്റെ ചോദ്യത്തിന് സ്വയം ഉത്തരം തിരഞ്ഞപ്പോഴാണ് 'മാധ്യമ'ത്തിന്റെ മൂല്യാ ധിഷ്ഠിത മുഖം മൂടിക്കുള്ളിലെ കുറേയേറെ യാഥാർത്ഥ്യ ങ്ങൾ മറനീങ്ങിയത്.

വാർത്തകളിലെന്നപോലെ പരസ്യം സ്വീകരിക്കുന്ന തിലും മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നുവെന്ന് പെരുമ്പറ മുഴക്കുന്ന 'മാധ്യമ'ത്തിന്റെ പിന്നാമ്പുറം ചികഞ്ഞാൽ കാപട്യങ്ങളുടെ മാലിന്യക്കുന്നുകൾ തന്നെയാണ് കാണാ നാവുക. മതരാഷ്ട്രവാദമുന്നയിച്ച് ഭൂമിയിൽ മനുഷ്യനെ ഭിന്നിപ്പിക്കാൻ തുനിഞ്ഞിറങ്ങിയ ജമാഅത്തെ ഇസ്‌ലാമി യേയും കടത്തിവെട്ടുന്നതാണ് 'മാധ്യമം' ഉയർത്തിപ്പടി

ക്കുന്ന മൂല്യമെന്ന് ഒരു കിഡ്നിയുടെ പരസ്യത്തിലൂടെ തെളി യിക്കപ്പെട്ടതാണ്. 'മുസ്ലീം കിഡ്നി ആവശ്യമുണ്ട്' എന്ന പരസ്യം പ്രസിദ്ധീകരിക്കുക വഴി മാധ്യമം ദിനപത്രം ചെയ്തത് അതേവരെ കേരളത്തിന് അന്യമായിരുന്ന മതവി ഭജനത്തിന്റെ ഭീകരമായ മതിൽക്കെട്ട് പണിയുകയായിരുന്നു. മതത്തിന്റേയും ജാതിയുടേയും വർണ്ണ വൈജാത്യങ്ങളുടേയും വേലിക്കെട്ടുകൾക്കപ്പുറത്ത് മനുഷ്യരെല്ലാം സാഹോദര്യ ത്തോടെ വാഴേണ്ട ഈ നാട്ടിൽ ഒരു മുസ്ലീം കിഡ്നി ആവ ശ്യപ്പെടുന്ന പരസ്യം വഴി എന്ത് മാനുഷിക മൂല്യമാണ് മാധ്യമം ഉയർത്തിപ്പിടിച്ചത്. ശസ്ത്രക്രിയകൾക്കും മറ്റും വിധേയരാവുന്ന ജമാഅത്തെ ഇസ്ലാമിക്കാരും 'മാധ്യമ' ബന്ധുക്കളും മുസ്ലീം രക്തം ലഭ്യമാണെന്ന സ്റ്റിക്കർ ഒട്ടിച്ച രക്തബാങ്കുകളുള്ള ആശുപത്രികളിലാണോ ചികിത്സ തേടാറ്. ഒരു ബഹുസ്വരസമൂഹത്തിൽ എത്രമാത്രം അപകടകരവും അബദ്ധജഡിലവുമായ സന്ദേശമാണ് മുസ്ലീം കിഡ്നി പര സ്യത്തിലൂടെ മാധ്യമം പുറത്തുവിട്ടത്. വർഗീയ ഫാഷി സത്തോട് സന്ധിചെയ്യില്ലെന്നതാണ് 'മാധ്യമ'ത്തിന്റെ പ്രഖ്യാ പിത നിലപാടുകളിലൊന്ന്. എന്നാൽ, മുസ്ലീം വിരോധ ത്തിന്റെ അപ്പോസ്തലനായ നരേന്ദ്രമോദിയുടെ ഗുജറാത്ത് സർക്കാർ പരസ്യത്തിന്റെ പേരിൽ ലക്ഷങ്ങൾ വച്ചു നീട്ടിയ പ്പോൾ 'മാധ്യമ'ത്തിന്റെ കണ്ണു മഞ്ഞളിച്ചു. നരേന്ദ്രമോദി യുടെ പൂർണ്ണകായ ചിത്രങ്ങളോടെ രണ്ടുപേജ് പരസ്യം പത്ര ത്തിൽ സെറ്റ് ചെയ്തു. പത്രത്തിന്റെ പ്ലേറ്റ് പ്രസിലേക്കുപോ കാൻ മിനിറ്റുകൾ ബാക്കിനിൽക്കേ ജമാഅത്ത്കാരല്ലാത്ത ചില സബ്എഡിറ്റർമാരുടെ മോദി വിരുദ്ധ വികാരം സടകു ടഞ്ഞെഴുന്നേറ്റു. അവരുടെ പ്രതിഷേധം വെള്ളിമാടുകു ന്നിലെ ശീതീകരിച്ച മാധ്യമം ഡസ്ക്കിൽ തീക്കാറ്റായി രൂപാന്ത രപ്പെട്ടു.

മോദിയെ വാഴ്ത്തുന്ന ഗുജറാത്ത് സർക്കാരിന്റെ പരസ്യം അച്ചടിച്ചു വന്നാൽ 'മാധ്യമ'ത്തിൽ കൂട്ടരാജിയുണ്ടാവുമെന്ന് ഒരുകൂട്ടം സബ് എഡിറ്റർമാർ മുന്നറിയിപ്പു നൽകി. ചിലർ കയ്യോടെ രാജിവെക്കുകയും ചെയ്തു. നിമിഷങ്ങൾക്കുള്ളിൽ വിവരം'മാധ്യമ'ത്തിന്റെ മതിൽക്കെട്ടുകൾക്ക് പുറത്തേക്കു പരന്നു. അമീറും അസിസ്റ്റന്റ് അമീറുമൊക്കെ "അവലയ്ബിൾശൂറ" ചേർന്നു. നിൽക്കക്കള്ളിയില്ലാതെ പത്രത്തിനു പരസ്യം പിൻവലിക്കേണ്ടിയും വന്നു.

പലിശ പ്രോത്സാഹിപ്പിക്കുന്ന പരസ്യങ്ങളൊന്നും സ്വീകരിക്കില്ലെന്നായിരുന്നു തുടക്കത്തിൽ ജമാഅത്ത് പത്ര ത്തിന്റെ അണിയറക്കാരുടെ അവകാശവാദം. പത്രം നട ത്താൻ പിച്ചച്ചട്ടിയുമായി തെരുവിൽ തെണ്ടേണ്ടിവന്നാലും പരസ്യങ്ങളുടെ കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യില്ലെന്നും അവർ വീരവാദം മുഴക്കിയിരുന്നു. എന്നാൽ, ഗതി കിട്ടാഞ്ഞാൽ പുലിപുല്ലും തിന്നുമെന്ന പോലെ മറ്റു പരസ്യ ങ്ങൾ വേണ്ടത്ര കിട്ടാതായതോടെ പലിശപ്പരസ്യങ്ങളും ക്രമേണ 'മാധ്യമ'ത്തിന് ഹലാലായിത്തുടങ്ങി. പലിശപ്പെ രുപ്പത്തിൽ ആസ്തിയും ലാഭവും ആകാശംമുട്ടെ കെട്ടിപ്പൊ ക്കുന്ന ദേശസാൽകൃത ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളുടെ പരസ്യം സങ്കോചമോ മനസാക്ഷിക്കുത്തോ ഇല്ലാതെയാണ് മാധ്യമം ഇപ്പോൾ ബഹുവർണ്ണങ്ങളിൽ പ്രസി ദ്ധീകരിക്കുന്നത്.

പാൽ കൊടുക്കുന്ന കൈക്കുതന്നെ തിരിഞ്ഞു കടി ക്കാനും ജമാഅത്ത് പത്രത്തിനു യാതൊരു മടിയുമില്ല. കാര ന്തൂർ സുന്നി മർകസ് അടക്കമുള്ള സ്ഥാപനങ്ങളേയും അതിന്റെ സാരഥികളേയും സ്ഥാനത്തും അസ്ഥാനത്തും കട ന്നാക്രമിക്കാറുള്ള മാധ്യമം, അത്തരം സ്ഥാപനങ്ങളുടെ വാർഷികവും സമ്മേളനങ്ങളും അടുക്കുമ്പോൾ വാർത്തക

ളിൽ മിതത്വം പാലിക്കും. പരസ്യ ഏജന്റുമാർ മർകസി ന്റേയും പട്ടിക്കാട് ജാമി അയുടേയുമൊക്കെ ഇടനാഴികളിൽ നിരങ്ങി ഭംഗിവാക്കുകൾ പറഞ്ഞ് കിട്ടാവുന്നത്ര പരസ്യം സംഘടിപ്പിക്കും. പരസ്യത്തിന്റെ പണം 'മാധ്യമ'ത്തിന്റെ അക്കൗണ്ടിലെത്തിയാൽ ഉടൻ ആ സ്ഥാപനത്തിനും അതിന്റെ ഭാരവാഹികൾക്കുമെതിരെ വിഷം വമിക്കുന്ന വാർത്തകൾ പുറത്തുവിടുകയും ചെയ്യും.

'മാധ്യമ'ത്തിന്റെ ഇത്തരം ദുഷ്ടലാക്കുകൾ പല പ്പോഴും തിരിച്ചറിയപ്പെടാതെയും ചർച്ചചെയ്യപ്പെടാതെയും പോവുന്നു. സമുദായത്തിന്റെയും മതസ്ഥാപന മേധാവി കളുടേയും ഈ തിരിച്ചറിവില്ലായ്മ ചൂഷണം ചെയ്താണ് ജമാഅത്തെ ഇസ്ലാമിയുടെ പത്രം ഭൂഖണ്ഡങ്ങളുടെ അതിരുകൾക്കപ്പുറത്തും അതിന്റെ അടിത്തറ വ്യാപിപ്പിച്ചു കൊണ്ടിരിക്കുന്നത്.

# ജമാഅത്തെ ഇസ്ലാമി എന്നവിധ്വംസക പ്രസ്ഥാനം

**ദൈവരാജ്യം ഉപദേശിച്ച് മുസ്ലിം യുവാക്കളെ മത തീവ്രവാദ ചിന്താഗതികളിലേക്കു തള്ളിയിട്ട ജമാഅത്തെ ഇസ്ലാമി പിന്നീട് പുറമേ നിലപാട് മാറ്റി തടി സലാമത്താക്കി. മൗദൂദി ഹറാമാക്കിയ ഭൂമിയിലെ ഭരണകൂടങ്ങളും തിരഞ്ഞെടുപ്പും വോട്ടവകാശവുമൊക്കെ ജമാഅത്തെ ഇസ്ലാമിക്ക് ഒടുവിൽ ഹലാലയി. ദൈവിക ഭരണമല്ലാത്തതെല്ലാം ഹറാമാണെന്നു പറഞ്ഞ മൗദൂദിയുടെ അനുയായികൾ അതൊക്കെ ഹലാലായി മാറിയതെങ്ങനെയെന്ന് ഇതുവരെ മാലോകരെ തൃപ്തികരമായി ബോധ്യപ്പെടുത്തിയിട്ടില്ല.**

ദൈവത്തിന്റെ ഭൂമിയിൽ ദൈവിക പരമാധികാരം എന്നതായിരുന്നു ജമാഅത്തെ ഇസ്‌ലാമിയുടെ അടിസ്ഥാന മുദ്രാവാക്യം. അല്ലാഹുവല്ലാത്തതൊന്നിനാലും മനുഷ്യൻ ഭരിക്കപ്പെടരുതെന്നതിനാൽ മനുഷ്യരാൽ നിയന്ത്രിക്കപ്പെടുന്ന ഭൂമിയിലെ ഭരണകൂടങ്ങളെല്ലാം അനിസ്‌ലാമികമാണെന്നും അനുസരിക്കാൻ ബാധ്യതയില്ലാത്തതുമാണെന്നാണ് ജമാഅത്തുകാർ ജനങ്ങളെ പറഞ്ഞു പറ്റിച്ചത്.

ദൈവരാജ്യവാദത്തിന്റെ ഭാഗമായി ഇന്ത്യയിലെ ജമാഅത്തെ ഇസ്‌ലാമി കാലങ്ങളോളം സാമൂഹിക മുഖ്യധാരയോട് പുറം തിരിയുകയും മുസ്‌ലിംകളെ ബഹുസ്വരതയിൽ നിന്ന് അടർത്തിമാറ്റാൻ കൊണ്ടുപിടിച്ച് ശ്രമിക്കു

കയും ചെയ്തു. മുസ്ലിംകൾ ജനാധിപത്യത്തിന്റെ ഭാഗമാവുന്നതും തെരഞ്ഞെടുപ്പുകളിൽ ഭാഗധേയത്വം വഹിക്കുന്നതും സർക്കാർ ജോലി സ്വീകരിക്കുന്നതു മൊക്കെ ജമാഅത്തെ ഇസ്ലാമിയുടെ കാഴ്ചപ്പാടിൽ ദോഷ മായിരുന്നു.

തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന മുസ്ലിം പ്രസ്ഥാ നങ്ങളുടേയും വോട്ടുചെയ്യുന്ന സമുദായാംഗങ്ങളേയും പിശാചിന്റെ ചങ്ങാതിമാരാണ് ജമാഅത്തുകാർ വിശേഷി പ്പിച്ചത്. അവർ സർക്കാരുകളെ അംഗീകരിച്ചില്ല. പാർലമെന്ററി ജനാധിപത്യത്തിന്റെ ഭാഗമാവുകയോ വോട്ട വകാശം വിനിയോഗിക്കുകയോ ചെയ്തിരുന്നുമില്ല.

യുവതലമുറയെ ദൈവരാജ്യവാദത്തിലേക്ക് ആകർഷിക്കാനും സാമൂഹിക പൊതുധാരയിൽ നിന്ന് അടർത്തിയെടുക്കാനും ജമാഅത്തിന്റെ വിദ്യാർത്ഥിഹൽഖ കളാണ് ആദ്യം നിയോഗിക്കപ്പെട്ടത്. എന്നാൽ ജമാഅത്ത് കിഴവൻമാർക്കായിരുന്നു അതിന്റെ നിയന്ത്രണം. യുവജന -വിദ്യാർത്ഥി വിഭാഗങ്ങളെ ആകർഷിക്കുന്നതിലും വശീ കരിക്കുന്നതിലും ജമാഅത് വിദ്യാർത്ഥി ഹൽഖകൾ പരാ ജയപ്പെട്ടു. അതോടെ, പുതു തലമുറയെ ലക്ഷ്യമിട്ട് ജമാ അത്ത ഇസ്ലാമി ഐഡിയൽ സ്റ്റുഡന്റ് ലീഗ് (ഐ.എ സ്സ്.എൽ) എന്ന സംഘടനയ്ക്ക് രൂപംനൽകി. എന്നാൽ ദൈവരാജ്യവാദം ഉൾപ്പെടെയുള്ള സങ്കുചിത കിഴവൻ സിദ്ധാന്തങ്ങൾ തന്നെയാണ് വിദ്യാർത്ഥി സംഘടനയിലും അടിച്ചേൽപ്പിച്ചതെന്നതിനാൽ ആ സംഘടനയ്ക്ക് വിദ്യാർത്ഥികളേയോ യുവാക്കളേയോ സ്വാധീനിക്കാനായില്ല. അറുപതു വയസിന് മുകളിലുള്ള യാഥാസ്തിക ജമാഅ ത്തുകാരന്റെ സങ്കുചിത ചിന്തയാണ് പതിനെട്ടുകാരനായ യുവാവിൽ നിന്ന് പ്രഥമവിദ്യാർത്ഥി സംഘടനയിലൂടെ

മാതൃസംഘടന പ്രതീക്ഷ ചെന്നതിനാൽ അതിന്റെ അസ്വീകാര്യത സ്വാഭാവികമായിരുന്നു. 1975 ൽ ഇന്ദിരാഗാന്ധി അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചതിനെ തുടർന്ന് ജമാഅത്തെ ഇസ്‌ലാമി നിരോധിക്കപ്പെടുകയും ഐഡിയൽ സ്റ്റുഡന്റ്സ് ലീഗ് എന്ന വിദ്യാർത്ഥിസംഘടനയെ പിരിച്ചുവിടുകയും ചെയ്തു.

പിന്നീട് സിമി(സ്റ്റുഡൻസ് ഇസ്‌ലാമിക് മൂവ്മെന്റ് ഓഫ് ഇന്ത്യ) ജമാഅത്തെ ഇസ്‌ലാമിയുടെ വിദ്യാർത്ഥി പ്രസ്ഥാനമായി ഉയർന്നുവന്നു. ജമാഅത്തിന്റെ ആശയ ആദർശങ്ങളായിരുന്നു സിമിയുടെ ചാലകശക്തി. ജമാഅത്തിനെ ചൊല്ലി സിമിയും സിമിയെ ചൊല്ലി ജമാഅത്തും അഭിമാനപൂരിതമായി. എന്നാൽ അധികം കഴിയും മുമ്പേ സിമിയെ ജമാഅത്തിന് തള്ളിപറയേണ്ടിവന്നു. ഒരർത്ഥത്തിൽ പറഞ്ഞാൽ ദൈവരാജ്യവാദവുമായി കുടംതുറന്നുവിട്ട സിമി എന്ന ഭൂതത്തെ തിരികെ കുടത്തിലേക്കു കയറ്റാനാവാതെ ആ കുടം തന്നെ ജമാഅത്തിന് പൊട്ടിച്ചെറിയേണ്ടിവരികയായിരുന്നു.

ആ ചരിത്രം ഇങ്ങനെയാണ്: അഫ്ഗാനിസ്താനിൽ പതിനായിരക്കണക്കന് മുസ്‌ലിംകളെ കൊന്നൊടുക്കി സോവിയറ്റ് യൂണിയൻ അധിനിവേശ ഭീകരത ചോരചിന്തിയകാലം. ലോകമെമ്പാടുമുള്ള മുസ്‌ലിംകളും സമാധാന കാംക്ഷികളും സോവിയറ്റ് ചെങ്കരടിക്കെതിരെ പ്രതിഷേധവും പ്രാർത്ഥനയുമായി രംഗത്തു വന്നു. ഫലസ്തീൻ നേതാവ് യാസർ അറഫാത്ത് മാത്രമായിരുന്നു അമേരിക്കൻ വിരോധത്തിന്റെ പേരിൽ സോവിയറ്റ് യൂണിയനെ പിന്തുണച്ചിരുന്നത്. സോവിയറ്റ് വിരുദ്ധവികാരം കത്തിനിൽക്കെ ഗവൺമെന്റിന്റെ അതിഥിയായി യാസർ അറഫാത്ത് ഇന്ത്യ സന്ദർശിക്കാനെത്തി.

ജമാഅത്തെ ഇസ്‌ലാമിയുടെ തിട്ടൂരത്തിന് കാത്തു

നിൽക്കാതെ സിമി യാസർ അറഫാത്തിനെതിരെ കടുത്ത പ്രതിഷേധവുമായി ഡൽഹിയുടെ തെരുവിലിറങ്ങി. കരി ങ്കൊടിയും പ്ലേക്കാർഡുകളുമായി സിമിക്കുട്ടികൾ അറഫാ ത്തിന് ഗോബാക്ക് വിളിച്ചത് ജമാഅത്തെ ഇസ്‌ലാമിയെ പിടി ച്ചുലച്ചു. ദൈവരാജ്യമല്ലാത്ത മറ്റൊരു മുദ്രാവാക്യം പഠിപ്പി ക്കാത്ത പോഷകസംഘടന സാമൂഹിക പ്രശ്നം ഏറ്റെടുത്ത് സമരമുഖത്ത് ചാടിയിറങ്ങിയത് ജമാഅത്ത് നേതൃത്വത്തിന് ചിന്തിക്കാവുന്നതിലും അപ്പുറമായിരുന്നു. ദൈവരാജ്യ മാർഗ്ഗ ത്തിൽ അനുസരണയോടെ നീങ്ങുന്ന കുഞ്ഞാടുകളല്ല സിമി ക്കാർ എന്നു തിരിച്ചറിഞ്ഞതോടെ സിമിയെ ജമാഅത്ത് നേതൃത്വം പെരുവഴിയിൽ നിർദയം കൈയ്യൊഴിയാൻ നിർബ ന്ധിതരായി.

ജമാഅത്തെ ഇസ്‌ലാമി കൈവിട്ടെങ്കിലും അതിന്റെ പ്രതിലോമ പരിസരങ്ങളിൽ നിന്ന് ആർജ്ജിച്ച തീവ്ര വികാ രവുമായി സിമി മുന്നോട്ടുപോയി. തൊട്ടുപിന്നാലെ "ഇന്ത്യ യുടെ മോചനം ഇസ്‌ലാമിലൂടെ" എന്ന സ്തോഭജനകമായ പ്രഖ്യാപനത്തിലൂടെ സിമി ഇന്ത്യക്കാരെ ഞെട്ടിച്ചുകളഞ്ഞു. സിമിയുടെ പ്രഖ്യാപനം കേട്ട് സംഘപരിവാരശക്തികൾ അട ങ്ങിയിരുന്നില്ല. "ഇസ്‌ലാമിന്റെ അന്ത്യം ഇന്ത്യയിൽ" എന്നായിരുന്നു ഹിന്ദുത്വ സംഘടനകളുടെ മറുപടി. അതി നിടെ, മലപ്പുറം ജില്ലയിലെ ഓലമേഞ്ഞ തീയറ്ററുകൾ ഒന്നൊ ന്നായി ഇരുട്ടിന്റെ മറവിൽ കത്തിച്ചാമ്പലായി. മലപ്പുറം പാക്കിസ്ഥാനാക്കാനുള്ള സിമിയുടെ നീക്കത്തിന്റെ ഭാഗമാ യാണ് തീയേറ്ററുകൾ കത്തിക്കുന്നതെന്ന ആരോപണങ്ങളു മായി ആർ.എസ്.എസും മാധ്യമങ്ങളും രംഗത്തുവന്നു. സിമി വേട്ടയുടെ പേരിൽ പോലീസും മാധ്യമങ്ങളും കേരളത്തില ങ്ങോളമിങ്ങോളം മുസ്‌ലിം യുവാക്കളെ ക്രൂരമായി വേട്ടയാടി. പക്ഷെ, തീവ്രവാദചിന്തകൾ കുത്തിവച്ച് യുവാക്കളെ ഇള

ക്കിവിട്ട ജമാഅത്തെ ഇസ്‌ലാമിയും അവരുടെ 'മാധ്യമ'വും മുസ്‌ലിം വേട്ടക്കെതിരെ സൗകര്യപൂർവ്വം കണ്ണടച്ചു.

2001 ൽ വാജ്പേയി സർക്കാർ സിമിയെ നിരോധിച്ചു. പക്ഷെ, സിമിബന്ധം ആരോപിച്ചുള്ള പോലീസ് വേട്ട അവസാനിച്ചില്ല. നിരവധി മലയാളികൾ ഉൾപ്പെടെ നിരവധി യുവാക്കളാണ് സിമി വേട്ടയുടെ പേരിൽ വർഷങ്ങളായി രാജ്യത്ത് വിവിധ ജയിലുകളിൽ വിചാരണ നിഷേധിക്കപ്പെട്ട് കഴിയുന്നത്.

ദൈവരാജ്യം ഉപദേശിച്ച് മുസ്‌ലിം യുവാക്കളെ മത തീവ്രവാദ ചിന്താഗതികളിലേക്കു തള്ളിയിട്ട ജമാഅത്തെ ഇസ്‌ലാമി പിന്നീട് പുറമേ നിലപാട് മാറ്റി തടി സലാമത്താക്കി. മൗദൂദി ഹറാമാക്കിയ ഭൂമിയിലെ ഭരണകൂടങ്ങളും തിരഞ്ഞെടുപ്പും വോട്ടവകാശവുമൊക്കെ ജമാഅത്തെ ഇസ്‌ലാമിക്ക് ഒടുവിൽ ഹലാലായി. ദൈവിക ഭരണമല്ലാത്തതെല്ലാം ഹറാമാണെന്നു പറഞ്ഞ മൗദൂദിയുടെ അനുയായികൾ അതൊക്കെ ഹലാലായി മാറിയതെങ്ങനെയെന്ന് ഇതുവരെ മാലോകരെ തൃപ്തികരമായി ബോധ്യപ്പെടുത്തിയിട്ടില്ല.

'ഹുക്കുമത്തെ ഇലാഹി' യുടെ ഭാഗമായി മൗദൂദി ജമാഅത്തുകാർക്ക് കൽപ്പിച്ചു കൊടുത്തതും അവർ സുവിശേഷമായി പ്രചരിക്കപ്പെട്ടതുമായ 'ഇത്വാഅത്ത്', 'താഗൂത്ത്', ഇബാദത്ത് തുടങ്ങിയവയൊക്കെ സോളിഡാരിറ്റി മോഡൽ പ്ലാച്ചിമട സമരങ്ങളിലൂടെയാണ് ഇപ്പോൾ ആവിഷ്ക്കരിക്കപ്പെടുന്നത്. ചേരയെ തിന്നുന്ന സമൂഹത്തിൽ ജമാഅത്തെ ഇസ്‌ലാമി എന്ന 'ഇസ്‌ലാമിക പ്രസ്ഥാനം' ചേരയുടെ നടുകഷ്ണം തന്നെ തിന്നാണ് ഇപ്പോൾ വിശപ്പടക്കുന്നത്.

# പ്രഭാകരൻ എന്ന പോലീസിലെ ഒറ്റുകാരൻ

'മാധ്യമ'ത്തിനും ജമാഅത്തെ ഇസ്‌ലാമിക്കും എന്നോടുള്ള പക പതിന്മടങ്ങ് വർധിച്ചു. ജമാഅത്ത് പത്രം എനിക്കെതിരെ പുതിയ പരമ്പര പ്രസിദ്ധീകരിച്ചു. ഞാൻ ഐബിക്ക് നേരത്തെ പരാതി നൽകിയതിൽ ടൗൺ സിഐ പ്രഭാകരനും എന്നോട് അമർഷമുണ്ടായിരുന്നു. ജമാഅത്തിന്റെ ചട്ടുകമായി മാറിയ ആ പോലീസുദ്യോഗസ്ഥൻ എനിക്കെതിരെ കള്ളകേസ് രജിസ്റ്റർ ചെയ്യാൻ കൂട്ടുനിന്നു. പക്ഷെ, കേസ്സിൽ ജമാഅത്തെ ഇസ് ലാമിയും സി.ഐ. പ്രഭാകരനും തോറ്റ് തുന്നം പാടി.

പ്രതിരോധം അപരാധമല്ലല്ലോ. എനിക്കെതിരായ മുജാഹിദുകളുടേയും ജമാഅത്തെ ഇസ്‌ലമാമിയുടേയും കടന്നാക്രമണങ്ങളെ ജനാധിപത്യപരമായ രീതിയിൽ പ്രതിരോധിക്കാൻ ഞാൻ തീരുമാനിച്ചു. അതിന്റെ ഭാഗമായി പ്രതിയോഗികളുടെ നീക്കങ്ങൾ മണത്തറിയാൻ 'ഈഗ്ൾഐ' എന്ന സ്വകാര്യകുറ്റാന്വേഷണ ഏജൻസിക്കു രൂപം നൽകി. പോലീസിൽ നിന്നു വിരമിച്ച സമർത്ഥരായ ഉദ്യോഗസ്ഥരെ രംഗത്തിറക്കി.

ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ എന്റെ ശ്രമങ്ങൾ ലക്ഷ്യം കണ്ടു. എനിക്കെതിരായ ഗൂഢാലോചനകൾ ഒന്നൊന്നായി ചുരുൾ നിവർന്നു. ശത്രുക്കളുടെ പരിസര യാഥാർത്ഥ്യങ്ങൾ അറിഞ്ഞപ്പൊൾ ഞാൻ ഞെട്ടി. പരിഷ്ക

രണപുരോഗമന ആശയങ്ങളുടെ മറവിൽ എനിക്കെതിരെ സമരം നയിച്ച വ്യക്തികളുടേയും അവരുടെ സംഘടനകളുടേയും ക്രിമിനൽ പഞ്ചാത്തലം എന്റെ അന്വേഷണത്തിൽ പകൽപോലെ വെളിച്ചത്തായി. അന്ധവിശ്വാസവും ചൂഷണവുമാരോപിച്ച് വണ്ടൂരിൽ എനിക്കെതിരെ തെരുവിൽ പരാക്രമം നടത്തിയ ജമാഅത്ത് പ്രാദേശിക നേതാവും അധ്യാപകനുമായ മുബാറക് എന്നയാൾ മകനെ ഉപയോഗിച്ച് ചന്ദനം കള്ളക്കടത്തു നടത്തുയാളാണെന്നു അന്വേഷണത്തിൽ തെളിഞ്ഞു. ഈ വിവരം ഞാൻ അധികൃതർക്കു കൈമാറി. ഇയാൾക്കെതിരെ കേസ്സെടുത്തെങ്കിലും ഉന്നതരെ സ്വാധീനിച്ച് കേസ്സ് അട്ടിമറിച്ചു.

'മാധ്യമ' ത്തെ ഉപയോഗിച്ച് കണ്ണൂരിൽ എനിക്കെതിരെ പടനയിച്ച ജമാഅത്തെ ഇസ്ലാമിക്കാരെ ''ഈഗ്ൾഐ' പിന്തുടർന്നു. കണ്ണൂർ പഴയങ്ങാടിക്കടുത്ത മുട്ടം കേന്ദ്രീകരിച്ചാണ് എനിക്കെതിരായ ഗൂഢാലോചനകൾ അരങ്ങേറുന്നതെന്ന് കണ്ടെത്തി. പഴയങ്ങാടി മാടായിപ്പാറക്കടുത്ത വാദിഹുദ ജമാഅത്ത് പബ്ലിക്ക് സ്കൂളിന്റേയും 'മാധ്യമം' പത്രത്തിന്റെയും മറവിൽ നടന്നുകൊണ്ടിരുന്ന വൻതോതിലുള്ള വിദേശപണമിടപാടുകളെക്കുറിച്ച് നിർണ്ണായക വിവരങ്ങൾ ലഭിച്ചു. ആദ്യകാലത്ത് സിമിയിലും സിമി നിരോധനത്തെ തുടർന്ന് ചില ത്വരീഖത്തുകളിലും മറ്റും ആകൃഷ്ടരായ ചിലയുവാക്കളെ വിധ്വംസക പ്രവർത്തനങ്ങൾക്ക് നിയോഗിക്കാനാണ് വിദേശ പണം ഉപയോഗിക്കുന്നതെന്ന സുപ്രധാന വിവരങ്ങളാണ് പുറത്തുവന്നത്.

ആ വിവരങ്ങൾ ഞാൻ ഐബി അടക്കമുള്ള അന്വേഷണ ഏജൻസികൾക്കും ഉന്നതപോലീസ് ഉദ്യോഗസ്ഥർക്കും കൈമാറി. ഞാൻ നൽകിയ സുപ്രധാന സൂചനകളിലൂന്നിയുള്ള അന്വേഷണമാണ് കണ്ണൂർ കേന്ദ്രീകരിച്ചു നടന്ന

കശ്മീർ റിക്രൂട്ട്മെന്റ് കേസിലേക്ക് വെളിച്ചം വീശിയത്. എന്നാൽ അന്നത്തെ ഭരണകക്ഷിയെ സ്വാധീനിച്ച് ജമാഅത്തെ ഇസ്‌ലാമി ഈ കേസ്സിൽ നിന്ന് തടിയൂരി. അതേസമയം, കശ്മീർ റിക്രൂട്ട്മെന്റ് കേസ്സിലുൾപ്പെടെ അകപ്പെട്ട് ഇപ്പോൾ ജയിലുകളിൽ കഴിയുന്ന യുവാക്കൾ തീവ്രവാദവികാരവും വിനാശവിചാരങ്ങളും ആർജ്ജിച്ചത് ജമാഅത്തെ ഇസ്‌ലാമിയുടെ പരിസരങ്ങളിൽ നിന്നും 'മാധ്യമ' ത്തിന്റെ താളുകളിൽ നിന്നുമാണെന്ന യാഥാർത്ഥ്യം അവശേഷിപ്പിക്കുന്നു.

കർണ്ണാടകയിലെ ഉൾഗ്രാമങ്ങൾ കേന്ദ്രീകരിച്ച് കേരളത്തിൽ നിന്നുള്ള ചിലർ തീവ്രവാദ-വിധ്വംസക നീക്കങ്ങൾക്ക് ബിനാമിപേരുകളിൽ സ്വത്തുവകകൾ വാങ്ങിക്കൂട്ടുന്നതായും എന്റെ കുറ്റാന്വേഷണ ഏജൻസിക്ക് ഗൗരവതരമായ വിവരങ്ങൾ ലഭിച്ചു. കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്നവരായിരുന്നു അത്തരം നീക്കങ്ങൾക്കു പിന്നിൽ എന്നും കണ്ടെത്താനായി.

ഇതു സംബന്ധിച്ച സ്ഫോടനാത്മകമായ വിവരങ്ങൾ ഞാൻ അതീവ രഹസ്യമാക്കി കോഴിക്കോട് നഗരം സർക്കിൾ ഇൻസ്പെക്ടർ ആയിരുന്ന പ്രഭാകരന് കൈമാറി. എന്നാൽ, ഈ പോലീസുദ്യോഗസ്ഥൻ ആ വിരങ്ങൾ ബന്ധപ്പെട്ട വർക്ക് ഒറ്റുകൊടുത്തു. സി.ഐ. പ്രഭാകരൻ ആ രഹസ്യങ്ങൾ വിറ്റുകാശാക്കുകയായിരുന്നുവെന്ന് പിന്നീട് അറിഞ്ഞു. സി. ഐ.ക്കു കാടുത്ത വിവരങ്ങൾ ലക്ഷ്യം കാണാതായതോടെ ഞാൻ ഇന്റലിജൻസ് ബ്യൂറോ അധികൃതരെ സമീപിച്ചു. കർണ്ണാടക പോലീസുമായി ചേർന്ന് ഐബി നടത്തിയ അന്വേഷണത്തിൽ വിധ്വംസക പ്രവർത്തനങ്ങളിലേർപ്പെട്ട ഒട്ടേറെ കണ്ണികൾ പിടിലായി. എന്നാൽ, കേന്ദ്ര

ആഭ്യന്തരവകുപ്പിനെ സ്വാധീനിച്ച് കേരളത്തിലെ മാതൃസം ഘടനയിലേക്കുള്ള അന്വേഷണം അട്ടിമറിക്കപ്പെട്ടു.

ഐബിക്കും സിഐ പ്രഭാകരനും നൽകിയ വിവര ങ്ങളുടെ പകർപ്പ് മലയാള മനോരമ പത്രത്തിനും എക്സ്ക്ലൂ സീവായി നൽകി. വിവരങ്ങൾ കൈമാറിയപ്പോൾ അവേശ ഭരിതമായ പ്രതികരണമായിരുന്നു 'മനോരമ' യിൽ നിന്നു ണ്ടായത്. പക്ഷെ, വാർത്ത വെളിച്ചം കാണ്ടില്ല. അന്വേഷിച്ചപ്പോൾ ബോധ്യമായി അടുത്തകാലത്ത് കോഴിക്കോട് 'മനോരമ' യിൽ നിന്നു വിരമിച്ച റസിഡന്റ് എഡിറ്ററാണ് വാർത്ത മുക്കിയതെന്ന വിവരം ആരോപണ വിധേയമായ സംഘടനയുമായി ആ റസിഡന്റ് എഡിറ്റർക്ക് അടുത്ത ബന്ധമാണുണ്ടായിരുന്ന തെന്നും പിന്നീട് അറിഞ്ഞു.

ഇത്രയുമായതോടെ, 'മാധ്യമ' ത്തിനും ജമാഅത്തെ ഇസ്ലാമിക്കും എന്നോടുള്ള പക പതിന്മടങ്ങ് വർധിച്ചു. ജമാ അത്ത് പത്രം എനിക്കെതിരെ പുതിയ പരമ്പര പ്രസിദ്ധീക രിച്ചു. ജമാഅത്തിന്റെ യുവജനസംഘടനയുടെ ബാനറിൽ എത്തിയവർ കോഴിക്കോട്ടെ ഓഫീസ് അടിച്ചു തകർത്തു. എന്നെ വധിക്കുമെന്ന് ഭീഷണി മുഴക്കി. ഞാൻ ഐബിക്ക് നേരത്തെ പരാതി നൽകിയതിൽ ടൗൺ സിഐ പ്രഭാകരനും എന്നോട് അമർഷമുണ്ടായിരുന്നു. ജമാഅത്തിന്റെ ചട്ടുക മായി മാറിയ ആ പോലീസുദ്യോഗസ്ഥൻ എനിക്കെതിരെ കള്ളകേസ് രജിസ്റ്റർ ചെയ്യാൻ കൂട്ടുനിന്നു. പക്ഷെ, കേസ്സിൽ ജമാഅത്തെ ഇസ് ലാമിയും സി.ഐ.പ്രഭാകരനും തോറ്റ് തുന്നം പാടി.

തുടർന്നുള്ള നാളുകളിൽ ആകസ്മികമായി അരങ്ങേ റിയ ചില സംഭവങ്ങളുടെ ഉത്തരവാദിത്തം എന്റെ തലയിൽ കെട്ടിവെക്കാൻ ജമാഅത്തെ ഇസ് ലാമിയും 'മാധ്യമ' വും

കൊണ്ടു പിടിച്ച ശ്രമിച്ചു. മലപ്പുറം മദ്യദുരന്തത്തിൽ 'മാധ്യമം' മദ്യ മുതലാളിയുടെ പക്ഷത്താണെന്ന് ചില കോണുകളിൽ നിന്ന് ആക്ഷേപം ഉയർന്നിരുന്നു. ആ പശ്ചാത്തലത്തിൽ 'മാധ്യമ'ത്തിന്റെ വണ്ടൂർ ഓഫീസ് ഇരുട്ടിന്റെ മറവിൽ അജ്ഞാതർ തകർത്തു. ആക്രമണത്തിനു പിന്നിൽ ഞാനാണെന്നാരോപിച്ച് 'മാധ്യമം' പോലീസിൽ പരാതി നൽകി. തലനാരിഴ കീറിയുള്ള അന്വേഷണത്തിൽ എനിക്കെതിരെ തെളിവൊന്നും ലഭിക്കാത്തത് അവരെ നിരാശരാക്കി.

ഏതാണ്ട് അതേകാലയളവിൽ കണ്ണൂരിൽ സി.പി.എം. സോളിഡാരിറ്റി സംഘർഷം ഉടലെടുത്തു. അതിനിടെ കണ്ണൂർ ബ്യൂറോയിലെ 'മാധ്യമ' ലേഖകൻ ആക്രമിക്കപ്പെട്ടു. സംഭവത്തിനു പിന്നിൽ എന്റെ ഗുണ്ടകളാണെന്നു 'മാധ്യമം' ആരോപിച്ചു. പക്ഷെ, അവർക്കത് തെളിയിക്കാനായില്ല. പിന്നെയും അപവാദകഥകൾ പ്രചരിപ്പിച്ച് 'മാധ്യമം' എന്നോടുള്ള അരിശം തീർത്തുകൊണ്ടേയിരുന്നു.

# സ്വയം പ്രതിരോധം

ഒടുവിൽ പക്ഷെ, ഒ അബ്ദുല്ല എന്തു നേടി? സമുദായത്തിൽ ഭിന്നിപ്പുണ്ടാക്കി എന്ന കുറ്റ പത്രം ചാർത്തപ്പെട്ട് 2001 ൽ ആ വിദൂഷകൻ 'മാധ്യമ'ത്തിൽ നിന്നു നിഷ്കരുണം പുറത്തെ റിയപ്പെട്ടു. പത്രത്തിൽ ഒരു പ്യൂണായെ ങ്കിലും നിലനിർത്താൻ ഒ. അബ്ദുല്ല സകല ജമാഅത്ത് ദൈവങ്ങളുടേയും കാല് പിടിച്ചു കരഞ്ഞു. ചേന്ദമംഗലൂർ എൽ.പി.സ്കൂൾ മുതൽ 'മാധ്യമ'ത്തിന്റെ പത്രാധിപ സമിതി യിൽവരെ നിഴൽ പോലെകൂടെയുണ്ടായിരുന്ന സ്വന്തം ചോരയായ ഒ. അബ്ദുറഹ്മാൻ പോലും കൈവിട്ടു. ആരുടെ ശാപമാവാം..

'മാധ്യമ' ത്തേയും മുജാഹിദുകളേയും ഭയപ്പെട്ട് മാളത്തിലൊളിച്ചാൽ ജീവിത കാലമത്രയും മാളത്തിൽ തന്നെ കഴിഞ്ഞു കൂടേണ്ടിവരുമെന്ന തിരിച്ചറിവാണ് അറബി മാന്ത്രിക ചികിത്സാരംഗത്ത് പിടിച്ചു നിൽക്കാൻ എന്നെ പ്രേരിപ്പിച്ചത്. പരാജയപ്പെടുത്താം; പക്ഷെ തകർക്കാനാവില്ല എന്നാണല്ലോ ആപ്തവാക്യം.

പ്രതിസന്ധികളെ നിർഭയമായി നേരിടാൻ ഗുണകാംക്ഷികൾ എന്നെ ഉപദേശിച്ചു. എതിർപ്പുകളെ ഒരു സ്പോർട്സ്മാൻ സ്പിരിറ്റോടെ ഞാൻ സമീപിച്ചു തുടങ്ങി. എനിക്കെതിരായ ഗൂഢാലോചനയുടെ ഉറവിടങ്ങൾ കണ്ടെത്താനും ഞാൻ തീരുമാനിച്ചു. അതിന്റെ ഭാഗമായി എതിരാളികളുടെ നീക്കങ്ങൾ അവരറിയാതെ നിരീക്ഷിക്കാനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിച്ചു.

ഒരു സ്ഥാപനത്തേയോ വ്യക്തിയേയോ ലക്ഷ്യമിട്ടാൽ അവരുടെ നാശം പൂർണ്ണമാവുന്നതുവരെ പിന്തിരിയുന്ന സ്വഭാവം 'മാധ്യമം' പത്രത്തിനില്ല. എന്നാൽ, എന്റെ കാര്യത്തിൽ 'മാധ്യമ'ത്തിന് ആ പതിവു തെറ്റി. ജമാഅത്ത് പത്രം എനിക്കെതിരെ പടച്ചു വിട്ട നുണക്കഥകളൊന്നും മറ്റു പത്രങ്ങൾ ഏറ്റെടുക്കാതിരുന്നത് 'മാധ്യമ'ത്തിന്റെ ആദ്യപരാജയം. അറബി മന്ത്രവാദ ചികിത്സക്കെതിരായ മുജാഹിദുകളുടേയും സോളിഡാരിറ്റിക്കാരുടേയും സമരങ്ങളും പൊതുസമൂഹത്തിൽ ചലനം സൃഷ്ടിക്കാത്ത നനഞ്ഞ പടക്കങ്ങളായി ചീറ്റിപ്പോയി.

'മാധ്യമ' നുണകൾക്കെതിരെ എനിക്കൊരു പത്രം തുടങ്ങി പ്രതികരിക്കുക സാധ്യമല്ലെങ്കിലും എന്നാലാവും വിധം അതേനാണയത്തിൽ തന്നെ തിരിച്ചടിക്കാൻ എനിക്കു സാധിച്ചു. ജമാഅത്തെ ഇസ്‌ലാമിയുടേയും അവരുടെ പത്രത്തിന്റേയും പൊള്ളത്തരങ്ങൾ തുറന്നുകാട്ടി ഞാൻ പ്രചരിപ്പിച്ച ലഘുലേഖകൾക്ക് വൻസ്വീകാര്യതയും പ്രചുരപ്രചാരവുമാണ് കൈവന്നത്. 'മാധ്യമ' ത്തിന്റെ നിരന്തര വേട്ടയാടലിന് വിധേയരായി സർവ്വം തകർന്ന പലരും എന്റെ ദൗത്യത്തിൽ ഞാനറിയാതെ കണ്ണികളായി. അവർക്കു പറയാനുള്ളതു കൂടിയാണ് എന്റെ ലഘുലേഖകളിൽ പരാമർശിക്കപ്പെട്ടതെന്നതിനാൽ എന്റെ ലഘുലേഖയുടെ ഒരു കോപ്പി ഞാനറിയാതെ നൂറായും ആയിരമായും പുനപ്രസിദ്ധീകരിക്കപ്പെടുകയും എനിക്കെത്തിപ്പെടാൻ കഴിയാതിരുന്ന പ്രദേശങ്ങളിലും മേഖലകളിലും പ്രചരിപ്പിക്കപ്പെടുകയും ചെയ്തു.

'മാധ്യമ' ത്തിനെതിരായ എന്റെ ഒറ്റയാൾപോരാട്ടം അദൃശ്യമായ ഒട്ടേറെ കേന്ദ്രങ്ങളിൽ നിന്നുകൂടിയായതോടെ മാധ്യമം ഏതാണ്ടു പത്തിമടക്കി. നേരിട്ടും അല്ലാതെയും ഒരൊത്തു തീർപ്പിനു പലരും എന്നെ സമീപിച്ചു. പതിവായി

പരസ്യം ലഭിച്ചിരുന്ന ചില കേന്ദ്രങ്ങൾ നിസ്സകരിച്ചു തുടങ്ങിയതും ഒട്ടേറെ പ്രദേശങ്ങളിൽ പത്രം അപ്രഖ്യാപിത വിലക്കു നേരിടുന്നതും എന്റെ ശ്രമഫലമായാണെന്ന് 'മാധ്യമം' തിരിച്ചറിഞ്ഞതോടെയാണ് ഒത്തുതീർപ്പു ചർച്ചയുമായി ചിലർ രംഗത്തു വന്നത്.

പക്ഷെ, 'മാധ്യമ' വുമായി ഒരു അനുരഞ്ജനവും എന്റെ അജണ്ടയിലില്ല. ഇക്കാര്യത്തിൽ വ്യക്തി താൽപര്യത്തിലുപരി സാമൂഹിക നീതിബോധവും ഇരകളോടുള്ള ഐക്യദാർഢ്യവുമാണ് എന്നെ നയിക്കുന്നത്. 'മാധ്യമ' ത്തിന്റെ ഒളിയജണ്ടകൾ തിരിച്ചറിയപ്പെടേണ്ടതും അതിന്റെ മൂല്യാധിഷ്ഠിത മുഖം മൂടി വലിച്ചു കീറപ്പെടേണ്ടതുമുണ്ട്. അതിനായുള്ള പരിശ്രമങ്ങൾ സമുദായത്തോടും ഇരകളോടും ചെയ്യുന്ന നൻമ എന്നതിനപ്പുറം ഒരു യഥാർത്ഥ മുസ്‌ലിമിന്റെ ഇബാദത്തായും ഞാൻ കരുതുന്നു.

ഉദ്ദേശശുദ്ധിയാലുള്ള ഒരു പരിശ്രമവും പാഴായിപ്പോവില്ലെന്നു ഞാൻ ഉറച്ചു വിശ്വസിക്കുന്നു. കാലത്തിന് ഒരു നീതിയുണ്ട്; കാവ്യനീതി. 'മാധ്യമ' ത്തിലും ജമാഅത്തെ ഇസ്‌ലാമിയിലും അത് നിറവേറ്റപ്പെട്ടത് നാം കണ്ടു. സി.എച്ച് മുഹമ്മദ്കോയയുടെ പേരിൽ പ്രചരിപ്പിക്കപ്പെട്ട ഒരു കഥയുണ്ട്. പണ്ടൊരിക്കൽ ഇബ് ലീസ് ചേന്ദമംഗലൂരിലേക്ക് ബസ് കയറി. ഇബ്‌ലീസ് അവിടെയിറങ്ങാൻ നേരം ഒ. അബ്ദുല്ല അങ്ങാടിയിൽ നിൽക്കുന്നത് കണ്ടു. ഇബ്‌ലീസ് ബസ്സിൽ നിന്നിറങ്ങിയില്ല. കണ്ടക്ടർ ഇറങ്ങുന്നില്ലേയെന്ന് ചോദിച്ചപ്പോൾ ഒ.അബ്ദുല്ലയെ ചൂണ്ടി ഇബ്‌ലീസ് പറഞ്ഞുവത്രെ: ഇവിടെ എനിക്ക് ചെയ്യാൻ പണിയൊന്നുമില്ല; അയാൾതന്നെ ധാരാളം!

ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തങ്ങളുണ്ട്. നിഗൂഢലക്ഷ്യങ്ങളുമായി ജമാഅത്തെ ഇസ്‌ലാമി 'മാധ്യമം' ദിനപ്പത്രം

ആരംഭിച്ചപ്പോൾ അസോഷ്യേറ്റ് എഡിറ്ററുടെ കസേരയിൽ സമുദായത്തിൽ ഫിത്നപരത്താൻ നിയോഗിക്കപ്പെട്ട ലക്ഷണമൊത്ത ഇബ്‌ലീസായിരുന്നു ഒ. അബ്ദുല്ല. പ്രബോധനത്തിൽ സബ് എഡിറ്ററായിരിക്കെ ഒരൊറ്റലേഖനം കൊണ്ട് എം.ഇ.എസിനെയും മുസ്‌ലിം ലീഗിനേയും അയാൾ തമ്മിലടിപ്പിച്ചു. കൊയിലാണ്ടി പാണ്ടികലാശാലയിലെ ആസ്ഥാനത്ത് സയ്യിദ് അബ്ദുർറഹ്മാൻ ബാഫഖി തങ്ങൾക്കെതിരെ എം.ഇ.എസ് പരിഷ്കാരികളെക്കൊണ്ട് പ്രകടനം നടത്തിച്ചു. 'മാധ്യമ' ത്തിൽ ഒ. അബ്ദുല്ല ലേഖനമെഴുതി സമസ്തയുടെ പിളർപ്പിനു ആക്കം കൂട്ടി. കാന്തപുരം അബൂബക്കർ മുസ്‌ല്യാരുടെ കാരിക്കേച്ചർ സഹിതം മഹാപണ്ഡിതനെന്ന തലക്കെട്ടിൽ സമാനതകളില്ലാത്ത ആക്ഷേപം ചൊരിഞ്ഞു.

നാഴികക്ക് നാൽപതുവട്ടം 'മാധ്യമം' ലേഖനങ്ങളിൽ അയാൾ മഖ്ബറകളേയും ഔലിയാക്കളേയും പരിഹസിച്ചു. സേട്ടുസാഹിബിനെ അടർത്തി മാറ്റി ലീഗ് പിളർത്തി. തരാതരം കക്ഷി ചേർന്ന് മുജാഹിദ് സംഘടനയെ മൂന്നോ നാലോ ആക്കി പിളർത്തി.

ഒടുവിൽ പക്ഷെ, ഒ അബ്ദുല്ല എന്തു നേടി? സമുദായത്തിൽ ഭിന്നിപ്പുണ്ടാക്കി എന്ന കുറ്റപത്രം ചാർത്തപ്പെട്ട് 2001 ൽ ആ വിദൂഷകൻ 'മാധ്യമ'ത്തിൽ നിന്നു നിഷ്കരുണം പുറത്തെറിയപ്പെട്ടു. പത്രത്തിൽ ഒരു പ്യൂണായെങ്കിലും നില നിർത്താൻ ഒ. അബ്ദുല്ല സകല ജമാഅത്ത് ദൈവങ്ങളുടേയും കാല് പിടിച്ചു കരഞ്ഞു. ചേന്ദമംഗലൂർ എൽ.പി.സ്കൂൾ മുതൽ 'മാധ്യമ'ത്തിന്റെ പത്രാധിപ സമിതിയിൽവരെ നിഴൽ പോലെകൂടെയുണ്ടായിരുന്ന സ്വന്തം ചോരയായ ഒ. അബ്ദുറഹ്മാൻ പോലും കൈവിട്ടു. ആരുടെ ശാപമാവാം..ഔലിയാക്കളുടെയോ പണ്ഡിത ശ്രേഷ്ടരുടേയോ ജെ.ഡി.റ്റി. ഹസൻഹാജിയെപ്പോലെ നിർദയം 'മാധ്യമ'ത്താൽ വേട്ടയാ

ടപ്പെട്ടവരുടേയോ ഒക്കെ ശാപമാവാം. ഏതായാലും ഫിത്നയും ഫസാദും പ്രചരിപ്പിക്കാൻ ഒ. അബ്ദുല്ലക്കു മുമ്പിൽ ഇപ്പോൾ ഒരു പത്രത്തിന്റേയും എഡിറ്റ് പേജുകളില്ല. അതുതന്നെയാണ് കാവ്യനീതി. സഹോദരൻ അബ്ദുറഹ് മാനെ കാത്തിരിക്കുന്ന വിധിയും മറ്റൊന്നാകും തരമില്ല.

ഒ. അബ്ദുല്ലയെ അസോ.എഡിറ്ററുടെ കസേരയിലിരുത്തി സംഹാരായുധമായി ഇടം കൈയിൽ പേന വച്ചു കൊടുത്ത 'മാധ്യമ'ത്തിന്റെ പ്രഥമ ചെയർമാനും ജമാഅത്ത് അമീറുമായ പ്രഫ.കെ.എ.സിദ്ദീഖ് ഹസൻ ഇന്ന് എവിടെ? അബ്ദുല്ലയെ 'മാധ്യമ'ത്തിൽ നിന്നിറക്കിവിട്ടതിനു പിന്നാലെ സിദ്ദീഖ് ഹസനെയും ജമാഅത്തെ ഇസ്‌ലാമി കേരളത്തിൽ നിന്നും നാടുകടത്തി.

കൂട്ടരെ, ചിന്തിക്കുന്നവർക്ക് ഇതൊക്കെ ദൃഷ്ടാന്തങ്ങൾ തന്നെയാവുന്നു. ഇത്തരത്തിൽ ഇനിയുമെന്തൊക്കെ ദൈവികനീതി പുലരാനിരിക്കുന്നു..!

# ഡോ. സഫറുല്ലയും യുക്തിവാദിയും പിന്നെ, ഞാനും

ഡോ. സഫറുല്ലയോട് ഞാൻ വിനയ
ത്തോടെ പറഞ്ഞു: എന്നോടല്ല; സർവ്വശ
ക്തനായ അല്ലാഹുവോടാണ് നന്ദി
അറിയിക്കേണ്ടത്. താങ്കളുടെ സന്തോഷ
ത്തിലെക്ക് ഒരു പക്ഷെ, ഞാനൊരു നിമി
ത്തമായേക്കാമെന്നു മാത്രം.

സഫറുല്ലയുടെ സുഹൃത്തായ നാസ
റിനെപ്പോലുള്ള സകല യുക്തിവാദിക
ളോടും വിമർശകരോടും എനിക്കതുതന്നെ
യാണ് പറയാനുള്ളത്.

“പറയുക: എന്റെ നമസ്കാരവും
എന്റെ കർമ്മങ്ങളഖിലവും
എന്റെ ജീവിതവും എന്റെ
മരണവുമെല്ലാം ലോകാധിനാഥനായ
അല്ലാഹാവിനു മാത്രമാകുന്നു”
പരിശുദ്ധ ഖുർആൻ
(അധ്യായം, അൽഅൻആം)

സൃഷ്ടിയുടേയും സ്ഥിതിയുടേയും സംഹാരത്തിന്റേയും ഉടസ്ഥൻ അല്ലാഹുമാത്രമാകുന്നു. മനുഷ്യൻ, അല്ലാഹുവിന്റെ പരകോടി സൃഷ്ടിപ്പിൽ ഒന്നുമാത്രം. മനുഷ്യജന്മം അല്ലാഹുവിന്റെ നിശ്ചയങ്ങളിലേക്കുള്ള അടിമയുടെ നിയോഗം മാത്രം. ഒന്നും മനുഷ്യനു സ്വന്തമായില്ല. ആത്മാവും ശരീരവും വിവേകവുമൊക്കെ സൃഷ്ടാവിന്റെ വരദാനം.

സ്വന്തമായൊരു സിദ്ധിയും മനുഷ്യനില്ലെന്ന അടിസ്ഥാന തത്വത്തിലാണ് അറബിമാന്ത്രിക ചികിത്സയുടെ അടിത്തറയെന്നു മുൻ അധ്യായത്തിൽ വ്യക്തമാക്കിയതാണ്. മാന്ത്രിക ചികിത്സയിൽ സിദ്ധനല്ല സിദ്ധിയാണു പ്രധാനമെന്നതും വ്യക്തമാക്കിയതാണ്. രോഗതലം കണ്ടെത്തി, പ്രശ്നങ്ങൾ പഠിച്ച് അദൃശ്യസിദ്ധികളെ ആവശ്യക്കാരനിലേക്കു സന്നിവേശിപ്പിക്കുന്ന, പ്രതിവിധി കണ്ടെത്തുന്ന ഇടനിലക്കാരൻ മാത്രമാണ് മാന്ത്രിക ചികിത്സകൻ. ശരിയായ മാർഗ്ഗത്തിൽ അതു നിറവേറ്റാനുള്ള കഴിവാണ് യഥാർത്ഥത്തിൽ ചികിത്സകന്റെ സിദ്ധി.

ഒരു ഭൗതിക പദാർത്ഥമെന്നപോലെ ഉരക്കല്ലിൽ ഉരച്ചോ പരീക്ഷണശാലകളിലും വിവാദങ്ങളുടെ പോർമുഖങ്ങളിൽ വെല്ലുവിളി ഏറ്റെടുത്തും തെളിയിക്കപ്പെടേണ്ടതോ അല്ല അറബിമാന്ത്രിക ചികിത്സയുടെ ശക്തി. അതൊരു ദൈവിക സിദ്ധിയാണെന്നത് എല്ലാ വിമർശനങ്ങൾക്കുമുള്ള ആത്യന്തിക വിശദീകരണമാണ്.

പൊതുജനം പലവിധമാണല്ലോ. എന്നെപ്പോലെയുള്ളവരെ ചിലർ ചിന്താശുന്യതയുടെ ധാർഷ്ട്യത്താൽ പരിഹാസത്തോടെയും പരമപുച്ഛത്തോടെയും സമീപിക്കാറുണ്ട്. അറിവില്ലാത്തവനു അരകുമ്പിൾ അധികം വിളമ്പണമെന്നാണല്ലോ പഴഞ്ചൊല്ല്. അതുപ്രകാരം പരിഹസിക്കാനും പരീക്ഷിക്കാനുമെത്തുന്നവരെ ഞാൻ പക്ഷെ പ്രത്യേകം പരിഗണിക്കാറൊന്നുമില്ല.

മംഗലാപുരം സ്വദേശിയായ ഡോ.സഫറുല്ല അടുത്ത കാലത്താണ് എന്നെക്കാണാൻ വന്നത്. ബട്കലിലാണ് അദ്ദേഹം പ്രാക്ടീസ് ചെയ്യുന്നത്. സംഭവത്തിന്റെ ചുരുക്കം ഇങ്ങനെയാണ്: ഡോ.സഫറുല്ലക്ക് റിയൽ എസ്റ്റേറ്റ് ഇടപാടുകളുണ്ട്. അടുത്തകാലത്തായി ഇടപാടുകളിൽ അപ്രതീക്ഷിത

തടസ്സങ്ങൾ. കോടികളുടെ സ്വത്തുക്കൾ ക്രയവിക്രയം നടക്കാതെ നിശ്ചലമായത് വൻസാമ്പത്തിക പ്രതിസന്ധിയുണ്ടാക്കി.

ഈ വിവരങ്ങൾ ഡോക്ടർ കോഴിക്കോട്ടെ സുഹൃത്തായ നാസറുമായി നിരന്തരം ചർച്ചചെയ്യാറുണ്ടായിരുന്നു. നാസർ തികഞ്ഞ യുക്തിവാദി. ആയിടക്ക് നാസർ ഞാൻ പങ്കെടുത്ത മന്ത്രവാദ ചികിത്സയെക്കുറിച്ചുള്ള പ്രമുഖ ചാനലിലെ സംവാദം കണ്ടു. ചാനൽ ചർച്ചയിലെ എന്റെ വാദമുഖങ്ങൾ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. നാസർ സുഹൃത്തായ ഡോക്ടർ സഫറുല്ലയോട് എന്നെക്കുറിച്ച് പറഞ്ഞു. രണ്ടു പേരും കൂടി എന്നെക്കാണാനെത്തി.

ഡോക്ടർ എന്നോട് കാര്യങ്ങൾ സംസാരിച്ചു. അതിനിടെ നാസറിന്റെ ഉള്ളിലിരുപ്പും യുക്തിവാദവും അണപൊട്ടി. ഇതിലൊന്നും യാതൊരു വിശ്വാസവുമില്ലെന്നും ചാനലിലെ സംവാദം കണ്ടതിന്റെ അടിസ്ഥാനത്തിൽ എന്നെ ഒന്ന് പരീക്ഷിക്കാമെന്നു കരുതി ഡോക്ടറേയും കൂട്ടി വന്നതാണെന്നും മറ്റും നാസർ പറഞ്ഞു. ഞാൻ പക്ഷെ, പ്രകോപിതനായില്ല. ഡോക്ടർ സംസാരിച്ചു കഴിഞ്ഞു പോവാൻ നേരം അയ്യായിരം രൂപ എന്റെ മേശപ്പുറത്തു വച്ചു. ഞാനത് സ്നേഹപൂർവ്വം നിരസിച്ചു. ഞങ്ങൾ ഇനി ഈ വഴി വരാൻ പോകുന്നില്ലെന്നും 5,000 രൂപ നഷ്ടപ്പെടുത്തേണ്ട എന്നും പറഞ്ഞ് നാസർ എന്നെ വീണ്ടും പരിഹസിച്ചു.

ഡോ. സഫറുല്ലയും നാസറും പോയി. അവരോട് പ്രതിഫലം കൈപ്പറ്റിയില്ലെങ്കിലും, ഡോക്ടറുടെ കാര്യത്തിൽ എനിക്കു ചെയ്യാനുള്ളത് മാനുഷിക പരിഗണനയാൽ ഞാൻ അന്നുതന്നെ ചെയ്തു. യുക്തിവാദിയുടെ പരിഹാസങ്ങളും ഞാൻ മറന്നു.

ആറാം നാൾ വൈകിട്ട് തീർത്തും അപ്രതീക്ഷിതമായി എനിക്ക് ഡോ. സഫറുല്ലയുടെ ഫോൺകോൾ. മംഗലാപുരത്തു നിന്നാണ് അദ്ദേഹം വിളിച്ചത്. സന്തോഷം കൊണ്ട് ഡോക്ടർക്ക് ഇരിക്കാനും സംസാരിക്കാനും വയ്യ. ഫോണിൽ കൂടുതൽ വിശദീകരിച്ചില്ല. പിറ്റേന്ന് എന്നെക്കാണാൻ സമയം ചോദിക്കാനാണ് വിളിച്ചത്. ഞാൻ വരാൻ പറഞ്ഞു.

ഡോ. സഫറുല്ല വീണ്ടുംവന്നു. പക്ഷെ, യുക്തിവാദി നാസർ ഒപ്പമില്ല. ഡോക്ടറുടെ മുഖം സന്തോഷഭരിതം. അദ്ദേഹം പറഞ്ഞു: എന്നെ വന്നു കണ്ടു പോയതിനു തൊട്ടു പിന്നാലെ കാലങ്ങളായി മുടങ്ങിക്കിടന്ന റിയൽ എസ്റ്റേറ്റ് ഇടപാടുകൾ നടന്നു. ജീവൻ തിരിച്ചു കിട്ടിയ പ്രതീതി. തീരാത്ത സന്തോഷവർത്തമാനങ്ങൾ, നന്ദി പറച്ചിൽ. ഡോ. സഫറുല്ലയോട് ഞാൻ വിനയത്തോടെ പറഞ്ഞു: എന്നോടല്ല; സർവ്വശക്തനായ അല്ലാഹുവോടാണ് നന്ദി അറിയിക്കേണ്ടത്. താങ്കളുടെ സന്തോഷത്തിലേക്ക് ഒരു പക്ഷെ, ഞാനൊരു നിമിത്തമായേക്കാമെന്നു മാത്രം.

സഫറുല്ലയുടെ സുഹൃത്തായ നാസറിനെപ്പോലുള്ള സകല യുക്തിവാദികളോടും വിമർശകരോടും എനിക്കതു തന്നെയാണ് പറയാനുള്ളത്.

ഉപസംഹാരം

# കർമ്മകാണ്ഡങ്ങളിൽ കൃതാർത്ഥതയോടെ

**ജീവിത പ്രതീക്ഷകൾ അസ്തമിച്ച് കരഞ്ഞു വിളിച്ചു വന്നവരുടെ ദീനമുഖങ്ങൾ ഞാൻ ഓർക്കുന്നു. 'ഉസ്താദേ' എന്ന അവരുടെ വിളിയിൽ ചാലിക്കപ്പെട്ട വ്യസനത്തിന്റേയും വേദനകളുടേയും ആഴവും പരപ്പും ഞാൻ തൊട്ടറിഞ്ഞിട്ടുണ്ട്. പിന്നീടത്തെ വരവുകളിൽ അവരുടെ മുഖങ്ങളിൽ വിളങ്ങിയ ജീവിതപ്രകാശത്തിലാണ് കർമ്മധന്യതയുടെ സംതൃപ്തി ഞാൻ അനുഭവിച്ചത്. ഇന്നും അതുതന്നെയാണ് എന്റെ പ്രതിഫലവും സമ്പാദ്യവും.**

രോഗങ്ങളെല്ലാം നൊമ്പരങ്ങളാണ്. വേദനയകറ്റുക എന്നതാണ് എല്ലാ ചികിത്സാശാഖകളുടേയും അടിസ്ഥാന ധർമ്മം. എന്നാൽ, മറ്റു ചികിത്സാമുറകളെ അപേക്ഷിച്ച് അറബി മാന്ത്രിക ചികിത്സക്ക് അതീതമായ ഒട്ടേറെതലങ്ങ ളുണ്ട്. പരിശോധനകളിലും ലാബ് പരീക്ഷണങ്ങളിലും കണ്ടെത്തുന്ന ദൃശ്യ പ്രതലത്തിലെ അണുബാധകൾക്കാണ് അലോപ്പതി, ആയുർവേദഹോമിയോ ഭിഷഗ്വരൻമാർ മരുന്നു കൾ നിർദ്ദേശിക്കുന്നത്. ആ വൈദ്യശാഖകൾക്ക് രോഗിയല്ല; രോഗമാണ് പ്രശ്നം. രോഗത്തിനും ഡോക്ടർക്കുമിടയിലെ ഒരു കണ്ണിമാത്രമാണ് ഭൗതികമായ ആതുരകാഴ്ചപ്പാടിൽ രോഗി.

എന്നാൽ, അറബിമാന്ത്രിക ചികിത്സകൻ സംവദിക്കു ന്നത് ശരീരത്തിലെ കാണപ്പെടുന്ന രോഗങ്ങൾക്കപ്പുറത്തെ

അദൃശ്യതലങ്ങളിലാണ്. രോഗമല്ല, രോഗിയാണ് അവിടെ പ്രധാനഘടകം. ഞരമ്പുകളെ നിസ്സംഗമാക്കി, വേദനകളെ നൈമിഷികമായി നിർവ്വീര്യമാക്കുന്ന വേദനസംഹാരി കൾക്കൊണ്ടുള്ള ചൊട്ടുവൈദ്യമല്ല അറബി മാന്ത്രിക ചികിത്സ എന്നർത്ഥം.

മാനസിക പരിചരണത്തിലൂടെയുള്ള സാന്ത്വനമാണ് ഈ ചികിത്സാസമ്പ്രദായത്തിന്റെ കാതൽ. സാന്ത്വനമാണു യഥാർത്ഥ ചികിത്സ എന്നാണ് വിശുദ്ധ ഖുർആനും തിരു ദൂതരും പഠിപ്പിച്ചത്. ''സകലലോകരേക്കാളും മുൻഗണന നൽകി എന്റെ ഔന്നത്യത്തിനും സംഭാഷണത്തിനും നിന്നെ ഞാൻ തിരഞ്ഞെടുത്തു'' വെന്നാണ് അല്ലാഹു മൂസാ നബി (അ)യെ അറിയിച്ചത്. (ആശയം; വി.ഖു-അധ്യായം: അൽ അ്റാഫ്) നേരിട്ടു സംസാരിക്കാൻ പരിഗണിക്കപ്പെടുക വഴി അല്ലാഹുവിനാൽ അത്രയേറെ ഔന്നത്യവും മുൻഗണനയും ലഭിച്ച മൂസാ (അ) യോട് അല്ലാഹു പറഞ്ഞത്, വിശക്കുന്ന വന് ഭക്ഷണം നൽകുന്നതും വസ്ത്രമില്ലാത്തവനെ ധരിപ്പി ക്കുന്നതും ദു:ഖിക്കുന്നവനെ സാന്ത്വനിപ്പിക്കുന്നതുമാണ് റബ്ബിലേക്കുള്ള സൽകർമ്മമെന്നാണ്.

തൊഴിൽപരമായ സാധ്യതകൾക്കപ്പുറം സാമൂഹിക പ്രിതിബദ്ധതയാണ് അറബി മാന്ത്രിക-സാന്ത്വന ചികിത്സാ രംഗത്ത് പിടിച്ചു നിൽക്കാൻ എന്നെ പ്രേരിപ്പിച്ചത്. ഇതെ നിക്കു ധനാഗമന മാർഗ്ഗമല്ല; സേവന പാതയാണ്. ഒന്നിനു പത്തായി ലാഭം കൊയ്യാവുന്ന ഒട്ടേറെ ബിസിനസ്സ് സാധ്യത കൾ തേടി വന്നിട്ടും അവ തട്ടിമാറ്റിയാണ് ഏറെ വെല്ലുവിളി കളും എതിർപ്പുകളും നിറഞ്ഞ ഈ മേഖലയിൽ ഞാൻ ഉറച്ചു നിന്നത്.

അനുഭവസമ്പന്നമാണ് രണ്ട് പതിറ്റാണ്ടു നീണ്ട അറ ബിമാന്ത്രിക ചികിത്സയിലെ എന്റെ നാൾവഴികൾ. എന്നെ

സമീപിച്ച എല്ലാവർക്കു മുമ്പിലും അത്ഭുതങ്ങൾ കാട്ടി യെന്നും ഞാൻ അവകാശപ്പെടുന്നില്ല. എങ്കിലും, ചാരിഥാർഥ്യ ജനകമായ ഒട്ടേറെ അനുഭവങ്ങൾ എനിക്ക് അയവിറക്കാനു ണ്ട്. അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ ഏറെ ഹതഭാഗ്യരുടെ കണ്ണീരൊപ്പാനും അവരുടെ വ്യഥകൾക്ക് അറുതി വരുത്താനും എനിക്ക് കഴിഞ്ഞു.

ജീവിത പ്രതീക്ഷകൾ അസ്തമിച്ച് കരഞ്ഞു വിളിച്ചു വന്നവരുടെ ദീനമുഖങ്ങൾ ഞാൻ ഓർക്കുന്നു. ഉസ്താദേ എന്ന അവരുടെ വിളിയിൽ ചാലിക്കപ്പെട്ട വ്യസനത്തിന്റേയും വേദനകളുടേയും ആഴവും പരപ്പും ഞാൻ തൊട്ടറിഞ്ഞിട്ടു ണ്ട്. പിന്നീടത്തെ വരവുകളിൽ അവരുടെ മുഖങ്ങളിൽ വിള ങ്ങിയ ജീവിതപ്രകാശത്തിലാണ് കർമ്മധന്യതയുടെ സംതൃപ്തി ഞാൻ അനുഭവിച്ചത്. ഇന്നും അതുതന്നെയാണ് എന്റെ പ്രതിഫലവും സമ്പാദ്യവും.

കാസർഗോഡ് തൃക്കരിപ്പൂരിലെ മുസീദ എന്ന മുപ്പ ത്തിമൂന്നുകാരി. കാഞ്ഞങ്ങാട് ബല്ലാ കടപ്പുറത്തെ മുസ്ത ഫയാണ് അവളെ വിവാഹം ചെയ്തത്. മുസ്തഫ ഗൾഫി ലായിരുന്നു. സന്തുഷ്ട ജീവിതം. അതിനിടെ ഗൾഫിലെ ബിസിനസ്സ് പൊളിഞ്ഞു. നാട്ടിലും കടം കയറി. കാത്തുകാ ത്തിരുന്നിട്ടും മുസീദയെ തേടി മുസ്തഫ വന്നില്ല. യുവതി യുടെ ബന്ധുക്കൾ രോഷം കൊണ്ടു. ഭാര്യയേയും മകളേയും ഉപേക്ഷിച്ച് മുസ്തഫ എങ്ങോട്ട് പോയി?

ഗൾഫിലെ ദുരിതം താണ്ടി ഒടുവിൽ മുസ്തഫ നാട്ടി ലെത്തി. പക്ഷേ ഉടുതുണിക്ക് മറുതുണിയില്ല. ഭാര്യയുടെ അടുത്തുപോകാൻ അയാളെ മനസ്സ് അനുവദിച്ചില്ല. പാണ ത്തൂർ എന്ന സ്ഥലത്ത് ഒളിവിൽ താമസിച്ച് മുസ്തഫ വാഴ യില കച്ചവടം തുടങ്ങി. സാമ്പത്തികമായി അല്പം മെച്ച പ്പെട്ടു. അതോടെ ഭാര്യയേയും മകളേയും കാണണമെന്ന

ചിന്ത കലശലായി. പക്ഷെ അത്രയും നാൾ തിരിഞ്ഞുനോക്കാതെ ഒരു സുപ്രഭാതത്തിൽ അങ്ങോട്ടുചെന്നാൽ എന്ത് സംഭവിക്കുമെന്ന ആശങ്ക അയാളെ വേട്ടയാടി.

അങ്ങനെയിരിക്കെ മുസ്തഫ എന്നെ കാണാൻ വന്നു. പ്രശ്നങ്ങൾ പറഞ്ഞു. ഞാനയാളെ സമാധാനിപ്പിച്ച് പറഞ്ഞയച്ചു. അയാൾക്കു വേണ്ടി ചെയ്യാനുള്ള കർമ്മങ്ങൾ ഞാൻ ചെയ്തു.

മൂന്നാം ദിവസം ഒരു യുവതിയും അവരുടെ സഹോദരനും എന്നെ കാണാനെത്തി. വർഷങ്ങൾക്ക് മുമ്പ് ഗൾഫിൽ പോയ മുസ്തഫ എന്ന ഭർത്താവിനെക്കുറിച്ച് യാതൊരു വിവരവുമില്ല. ഭർത്താവിനെ വരുത്താൻ എന്നാലാവുന്നത് ചെയ്യണം. വിവാഹബന്ധം ഫസ്ഖ് ചെയ്യാൻ ബന്ധുക്കൾ മുസീദയെ നിർബന്ധിക്കുന്നു. വേറെ വിവാഹത്തിനും. പക്ഷെ മുസീദയ്ക്ക് മുസ്തഫയെ മറക്കാൻ വയ്യ. ഒന്ന് വന്നു കിട്ടിയാൽ മതി, മുസ്തഫ.

രണ്ട് ദിവസം മുമ്പ് എന്നെക്കാണാൻ വന്ന മുസ്തഫയെയാണ് മുസീദ അന്വേഷിക്കുന്നത്. മുസ്തഫ സ്നേഹത്തോടേയും സങ്കടത്തോടേയും പറഞ്ഞ മുസീദയാണ് എന്റെ മുമ്പിലിരിക്കുന്നതും. യുവതിയോട് പിറ്റേന്ന് വരാൻ പറഞ്ഞു. മുസ്തഫയേയും ഞാൻ വരുത്തി. അവർ വന്നു കണ്ടു സങ്കടങ്ങൾ പങ്കുവെച്ചു. പുതിയ ജീവിതത്തിലേക്ക് ഒരുമിച്ചവർ തിരിച്ചുപോയി. അവരുടെ പുന:സമാഗമത്തിന് ഞാനൊരു നിയോഗം. എന്റെ കർമ്മങ്ങൾ നിമിത്തവും. പ്രപഞ്ചനാഥനു സ്തുതി.

പാനൂർ പാറാട്ടെ മഹമൂദിന്റെ മകൾ പത്തൊമ്പതുകാരി കോഴിക്കോട് ജെ.ഡി.റ്റിയിലായിരുന്നു പഠിച്ചുകൊണ്ടിരുന്നത്. പഠനത്തിനിടെ പ്രകാശൻ എന്ന സഹപാഠിയെ

പ്രണയിച്ചു. രജിസ്റ്റർ വിവാഹവും കഴിഞ്ഞു. എല്ലാം പരമ രഹസ്യം. പക്ഷേ ഒരുമിച്ചു താമസിച്ചിരുന്നില്ല.

പഠനം കഴിഞ്ഞ് യുവതി വീട്ടിലെത്തി. കല്ല്യാണാ ലോചനകൾ പലതും വന്നു. പക്ഷെ മനോരോഗം അഭിന യിച്ച് അവൾ ഒഴിഞ്ഞുമാറി. മഹമൂദ് മകളെ പല ഡോക്ടർമാ രേയും കാണിച്ചു. അസുഖം മാറിയില്ല. ജ്യോത്സൻമാരെ കണ്ടപ്പോൾ ബാധ ആവാഹിക്കപ്പെട്ടതാണെന്ന് പറഞ്ഞു. പൂജകളും ഹോമങ്ങളുമായി. വൻസാമ്പത്തിക ചെലവ്. ഫല മില്ലാതായതോടെ ഒടുവിൽ എന്നെ തേടി വന്നു. മകളുടെ മനോരോഗം നാട്യമാണെന്ന് എനിക്ക് ആദ്യമേ മനസ്സിലാ യെങ്കിലും ഞാനതുപറയാതെ പിറ്റേന്ന് വരാൻ പറഞ്ഞ് അവരെ തിരിച്ചയച്ചു. എന്നാൽ ഞാൻ ചെയ്യാനുള്ളത് ചെയ്തു.

അടുത്ത ദിവസം മഹമൂദും മകളും വന്നു. ഞാൻ പണിപ്പെടാതെ തന്നെ അവൾ എല്ലാം തുറന്നു പറഞ്ഞു. പ്രകാശനുമായുള്ള പ്രണയവും രജിസ്റ്റർ വിവാഹവുമെല്ലാം. മനശാസ്ത്രപരമായ എന്റെ സമീപനത്തിൽ അവൾക്ക് തെറ്റ് ബോധ്യപ്പെട്ടു. പ്രകാശനുമായുള്ള ബന്ധം നിയമപരമായും മാനസികപരമായും വിച്ഛേദിച്ചു. ബാപ്പ ആലോചിച്ച കല്ല്യാ ണത്തിനു വഴങ്ങി. ഇപ്പോൾ സന്തുഷ്ട ജീവിതം. ആ യുവ തിയുടെ വിധി വിഹിതത്തിലും ഞാനൊരു നിമിത്തം മാത്രം.

ഇരുളടഞ്ഞ ഏറെ ജീവിതങ്ങൾക്ക് സാന്ത്വനമേകാൻ കഴിഞ്ഞതിന്റെ സന്തോഷം വിവരണാതീതമാണ്. അതുത ന്നെയാണ് മുമ്പോട്ടുള്ള പ്രയാണത്തിലും എന്റെ കരുത്ത്. അധികാരമുള്ളവരും ഇല്ലാത്തവരും പണക്കാരും പാവപ്പെട്ട വരും പണ്ഡിതരും പാമരരും അഭിഭാഷകരും കോളേജ് പ്രൊഫസർമാരും ഡോക്ടർമാരും പോലീസുദ്യോഗസ്ഥരും എന്നിങ്ങനെ ജീവിതത്തിന്റെ വിവിധ തുറകളിലുള്ളവർ എന്നെ കാണാൻ വരുന്നു. ആർക്കെങ്കിലും ഞാൻ മുൻഗ

ണനേ അനുവദിക്കാറില്ല.  ആരേയും അവഗണിക്കാറുമില്ല. സുതാര്യമായ പ്രാർത്ഥനകളിലൂടെ ആവാഹിക്കുന്ന അതീതമായ ചൈതന്യത്തിനപ്പുറം ഒരു ശക്തിയേക്കുറിച്ചും ഞാൻ ആരോടും അവകാശവാദമുന്നയിക്കാറുമില്ല.

ആരേക്കുറിച്ചും എനിക്ക് മുൻവിധികളില്ല.  എന്നെ അറിയാൻ ആഗ്രഹിക്കുന്നവർക്കും മുൻവിധികളുണ്ടാവാതിരിക്കട്ടെ എന്നും ഞാൻ ആശിക്കുന്നു.

കാണാക്കാഴ്ചകൾക്കും അറിയാവിചാരങ്ങൾക്കറമപ്പുറമാണ് അല്ലാഹുവിന്റെ പൊരുൾ. സർവ്വ സ്തുതികളും അവനുമാത്രം.  ശുഭം...